വിഭാഗത്തിനു് ജലസേചന സൗകര്യം നൽകുന്നതുമായ ഈ പദ്ധതി മുമ്പോട്ടു കൊണ്ടുപോകുന്നതിനു് വേണ്ട നടപടികളും സ്വീകരിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് അഭ്യർത്ഥിക്കുകയാണു്.

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്): സർ, ഈ വിഷയം കഴിഞ്ഞ നിയമസഭ നടന്നുകൊണ്ടിരുന്ന അവസരത്തിലും പലതവണ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതും, അപ്പോൾ ഇതിന്റെ വിശദാംശങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ളതുമാണു്. മൂന്നാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചില പദ്ധതികളെ സംബന്ധിച്ചിടത്തോളം പ്ലാനിംഗു് കമ്മീഷന്റെ ടെക്കനിക്കൽ ക്ലീയറൻസു് കിട്ടിയിട്ടില്ല. അതു കിട്ടണമെന്നു കാണിച്ചു് നേരിട്ടു ചർച്ചകളും നടത്തിയും നിവേദനംമൂലവും ഇൻഡ്യാ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടു്. സെൻട്രൽ വാട്ടർ പൗവ്വർ കമ്മിഷൻ, ഇതു വേണ്ടിടത്തോളം പരിഗണന നൽകി കഴിയുന്നതും വേഗം ടെക്കനിക്കൽ ക്ലീയറൻസു് നൽകുന്നതിനു നിർദ്ദേശം നൽകീയിട്ടുണ്ടു്. എന്നുമാത്രമല്ല, ഒരു ആഫീസറെ സ്പെഷ്യലായിട്ടു് അവിടെ അയയ്ക്കണമെന്നു നിർദ്ദേശിച്ചതനുസരിച്ചു് ഈ കാര്യം ഡിസ്കസ്സുചെയ്യാൻ ഒരു ആഫീസറെ ദൽഹിയിലേക്കു് അയച്ചിട്ടുണ്ടു്. അതു സംബന്ധിച്ച ഡിസ്കഷൻ ആരംഭിച്ചിരിക്കണം. ഇതാണു് ഇതുസംബന്ധിച്ച ഇന്നത്തെ സ്ഥിതി, രണ്ടാം പദ്ധതിയിലായാലും മൂന്നാം പദ്ധതിയിലായാലും ഏറെറടുത്തിട്ടുള്ള വർക്കുകളും എല്ലാം ടെക്കനിക്കൽ ക്ലീയറൻസിനു കാത്തിരിക്കാതെ പണം ചെലവുചെയ്യുകയും, അതിനു് ഇൻഡ്യാ ഗവണ്മെൻറു അനുവദിക്കുകയും ചെയ്തിരുന്നു. സാമ്പത്തികമായ പ്രയാസങ്ങൾകൊണ്ടായിരിക്കുമോ എന്നറിഞ്ഞില്ല, ടെക്കനിക്കൽ ക്ലീയറൻസു കിട്ടുന്നതിനുമുൻപു് പണിയൊന്നും തുടങ്ങരുതു് എന്നു കേന്ദ്രഗവണ്മെൻറിൽനിന്നു കർശനമായ നിർദ്ദേശം തന്നിട്ടുണ്ടു്. ഈ പദ്ധതിയുടെ പണി ഇപ്പോൾ നടത്തുന്നില്ല എന്നല്ലാതെ അതു നിറുത്തിവച്ചിട്ടില്ല. പണി തുടർന്നു നടത്തി പൂർത്തിയാക്കിയിട്ടില്ലെന്നേയുള്ളു; പണി നിറുത്തിവച്ചിട്ടില്ല. ഈ പദ്ധതി മൂന്നാം പദ്ധതിയിൽ നിന്നു് ഒഴിവാക്കാൻ ഉദ്ദേശിച്ചിട്ടില്ല. കേന്ദ്രഗവണ്മെൻറിന്റെ അനുവാദം കിട്ടുന്നതിനു് മുൻപു് ഇനി പണി തുടങ്ങരുതെന്നാണു് നിർദ്ദേശം. ആ സ്ഥിതിക്കു് സ്റ്റാഫിനെ വെറുതെ നിറുത്തി ശമ്പളം കൊടുക്കേണ്ടാ എന്ന കരുതിയിട്ടാണു് ചിലരെ മറ്റു സ്ഥലങ്ങളിലേക്കു് മാററി നിയമിച്ചതു്. അതുകൊണ്ടു് ഈ പദ്ധതി ഉപേക്ഷിച്ചതായി കണക്കാക്കണമെന്നില്ല. ഇൻഡ്യാ ഗവണ്മെൻറിന്റെ നിർദ്ദേശം അനുസരിച്ചുമാത്രമാണു് ഈ പദ്ധതിയുടെ പണി തൽക്കാലം നിറുത്തിവച്ചതു്. ഇക്കാര്യത്തെ സംബന്ധിച്ചു് അടുത്ത ദിവസങ്ങളിൽ നടന്ന രണ്ടു കാൺഫറൻസുകളിലും സംബന്ധിച്ചിരുന്നവർ ഇതിന്റെ നടത്തിപ്പിനെപ്പറ്റി സംസാരിച്ചിട്ടുണ്ടു്. വാട്ടർ പൗവ്വർ കമ്മീഷൻ ഈ വിഷയത്തെ കാര്യമായി പരിഗണിച്ചിട്ടുണ്ടു്. സംസ്ഥാനത്തെ എം. പി. മാർ എല്ലാവരും ഉൾപ്പെട്ട ഒരു കാൺഫറൻസിലും ഈ വിഷയം ചർച്ചചെയ്യുകയുണ്ടായി. സംസ്ഥാന ഗവണ്മെൻറിനു് സ്വന്തനിലയിൽ കുറെ പണം ചെലവാക്കാൻ കഴിയുമായിരുന്നെങ്കിൽ കേന്ദ്രഗവണ്മെൻറിന്റെ അനുവാദം പ്രതീക്ഷിച്ചുകൊണ്ടു് ഈ പദ്ധതി തുടർന്നു നടത്താമായിരുന്നു. അതിനു തൽക്കാലം നിവൃത്തിയില്ല. ഈ പദ്ധതി ഇപ്പോൾ നിറുത്തിവച്ചിട്ടുള്ളതു് കഴിയുന്നതുംവേഗം ഏറെറടുത്തു നടത്താൻ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണു്.

Mr. Speaker : Now, we pass on to the next item in the list of business.

Presentation of Report.

Shri K. V. Narayanan: Sir, I, Chairman of the Committee on Private Members' Bills and Resolutions present the First Report of the Committee in 1964.

Debate on the Governor's Address (*contd.*)

Mr. Speaker: We will resume the Debate on the Governor's Address. I call upon Shri Baby John to speak. The Member can take only 10 minutes.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഫ്രെബി ജാൺ: സർ, ഗവർണ്ണറുടെ പ്രസംഗം കേൾക്കുന്നതിനു മുൻപു്, സ്വാഭാവികമായി ഞാൻ പ്രതീക്ഷിച്ചിരുന്നു, ഭുവനേശ്വരത്തു കത്തിച്ചുവച്ച സോഷ്യലിസ"ിറു ഭദ്രദീപം അണയാതെ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ആ പ്രസംഗത്തിൽ ഉണ്ടായിരിക്കുമെന്നു്. നിർഭാഗ്യവശാൽ സോഷ്യലിസം പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള പരിപാടികളും ഒന്നും തന്നെ അതിൽ ആവിഷ"്കരിച്ചു കണ്ടില്ല എന്നു പറയേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ടു്. മറിച്ചു് ഈ ഗവണ്മെൻറിൻെറ ഇതുവരെയുള്ള പ്രവർത്തനങ്ങളും നാം പരിശോധിച്ചു് നോക്കുകയാണെങ്കിൽ, സോഷ്യലിസത്തിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുകയല്ല, സോഷ്യലിസത്തിൻെറ പേരു് പറഞ്ഞിട്ടു്, അതിനെ പരാജയപ്പെടുത്തുന്ന നടപടികളാണു് സ്വീകരിച്ചിട്ടുള്ളതെന്നു കാണാൻകഴിയും. ഈ ഗവണ്മെൻറു് അടുത്ത കാലത്തു പാസ്സാക്കിയ ഭൂപരിഷ"്കരണ ആക"ിറു പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. സോഷ്യലിസം ലക്ഷ്യംവച്ചു പ്രവർത്തിക്കുന്ന ഒരു ഗവണ്മെൻറാണെങ്കിൽ, ജന്മികൾക്കു് അനുകൂലമായ രീതിയിൽ, ജന്മിതാൽപ്പര്യത്തെ സംരക്ഷിക്കുന്ന രീതിയിൽ, കർഷകരെയും, കർഷക തൊഴിൽപ്പര്യങ്ങളെയും ദ്രോഹിക്കുന്ന രീതിയിൽ ഒരു ആക"ിറു നടപ്പാക്കുകയില്ലായിരുന്നു. ഇവിടെ പാസ്സാക്കിയ നിയമം അങ്ങനെ ജന്മിതാൽപ്പര്യത്തെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ളതാണു്. സോഷ്യലിസത്തിൻെറ പേരും പറഞ്ഞു്, ഈ ഗവണ്മെൻറു ജന്മിതാൽപ്പര്യത്തെ സംരക്ഷിക്കുകയാണെന്നുള്ളതിനു് ഈ ഗവണ്മെൻറിൻെറ പല പ്രവർത്തനങ്ങളും തെളിവാണു്. ഇവിടെ സോഷ്യലിസം നടപ്പാക്കാനാണെങ്കിൽ, അദ്ധ്വാനിക്കുന്ന ജനവിഭാഗമായ കർഷകജനതയുടെ ജീവിത നിലവാരം ഉയർത്താൻ ഗവണ്മെൻറു ശ്രമിക്കുകയായിരുന്നു. ഈ ഗവണ്മെൻറിൻെറ ഇതുവരെയുള്ള പ്രവർത്തികളും പരിശോധിച്ചാൽ, ഏതു ഭാഗത്താണു് ഈ ഗവണ്മെൻറു നിൽക്കുന്നതെന്നു് മനസ്സിലാകും. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ ഭാഗത്താണോ ഈ ഗവണ്മെൻറിൻെറ താൽപ്പര്യം? അല്ല. രാഷ"്ട്രീയമായി പല സംഘടനകളിൽ ചേർന്നുനിൽക്കുന്ന തൊഴിലാളി സംഘടനകളും എല്ലാംതന്നെ, ഐ. എൻ. ടി. യു. സി. യായാലും, എ. ഐ. ടി. യു. സി. യായാലും, യു. ടി. യു. സി. യായാലും എല്ലാ സംഘടനകളിലുംപെട്ട അദ്ധ്വാനിക്കുന്ന തൊഴിലാളികളും ഇന്നു് അവകാശങ്ങൾക്കുവേണ്ടി സമരം നടത്തുകയാണു്. സോഷ്യലിസം പ്രസംഗിക്കുന്ന ഒരു ഗവണ്മെൻറു ഇവിടെ ഭരണം നടത്തുമ്പോൾ, ഭരണകക്ഷിയുടെതന്നെ ഒരു തൊഴിലാളി സംഘടനയായ ഐ. എൻ. ടി. യു. സി.യിൽപ്പെട്ട ട്രാൻസ്പോർട്ട തൊഴിലാളികളും സെക്രട്ടേറിയറ്റു പടിക്കൽ അവകാശങ്ങൾക്കുവേണ്ടി കൊടിയുംപിടിച്ചു് സത്യാഗ്രഹം നടത്തുന്നതു കണ്ടാൽമതി, ഈ ഗവണ്മെൻറിൻെറ തൊഴിൽനയം എന്താണെന്നു മനസ്സിലാക്കാം. ആകപ്പാടെ ഈ ഗവണ്മെൻറിൻെറ ചെയ്തികളും പരിശോധിച്ചാൽ, സ്ഥാപിത താൽപ്പര്യക്കാർക്കുവേണ്ടിയാണു് ഇവർ ഭരിക്കുന്നതെന്നു മനസ്സിലാക്കാം.

സർ, ഗവർണ്ണറുടെ പ്രസംഗത്തിൽ എന്നെ ആകർഷിച്ച ഒരു ഭാഗമുണ്ടു്.

"Let us today join in a solemn renewal of our pledge, the sacred pledge, to work hard, to spend less, to save enough and to sacrifice much",

വളരെ നല്ല ഒരു ഉദ്ദേശമാണു്. യാതൊരു തർക്കവുമില്ല അതിനു്. പക്ഷേ ഒരു സംശയം അവശേഷിക്കുന്നു. എവിടെയാണു് ജോലി ചെയ്യേണ്ടതു്? ഈ തൊഴിലില്ലായ"്മപ്രശ"്നം വർഷംതോറും വളരെ രൂക്ഷമായി വരികയാണു്. അങ്ങനെ തൊഴിൽ ഇല്ലാതെ പട്ടിണികൊണ്ടു അലഞ്ഞു തിരിഞ്ഞു നിൽക്കുന്ന ആളുകളോടു ഗവണ്മെൻറു പറയുകയാണു് 'വർക്ക ഹാർഡ" എന്നു്. രാജ്യത്തിനുവേണ്ടി, സ്വന്തം ആവശ്യത്തിനുവേണ്ടി, നാടിനുവേണ്ടി, സ്വന്തം ജീവൻ നിലനിറുത്തുന്നതിനുവേണ്ടി, തൊഴിൽ ചെയ്യാൻ തയാറുള്ള ഒരു ജനസഞ്ചയത്തോടു, അവർ ജോലിയില്ലാതെ, ജോലിക്കു മാർഗ്ഗം ഇല്ലാതെ നട്ടം തിരിയുമ്പോൾ 'നിങ്ങൾ കഠിനാദ്ധ്വാനം ചെയ്യുക' എന്നുപറഞ്ഞാൽ എന്താണു് പ്രയോജനം? ജോലി ഉണ്ടാക്കികൊടുക്കുവാൻ എന്തു നടപടികളും ഈ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു"? വ്യവസായവൽക്കരണത്തെക്കുറിച്ചു് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിക്കുന്നുണ്ട്. അതിന്റെ ഒരു കണക്കെടുത്തു നോക്കുക. കഴിഞ്ഞ വർഷത്തെ വ്യവസായവൽക്കരണത്തിന്റെ ഫലമായി ഈ രാജ്യത്തു തൊഴിൽ ഇല്ലാത്തവരുടെ എണ്ണം വർദ്ധിച്ചുവോ, കുറഞ്ഞുവോ? വർദ്ധിക്കുകയാണുണ്ടായതെന്നുള്ള കാര്യം ഒരു ബുദ്ധിമുട്ടും കൂടാതെ കാണാൻ കഴിയും. തൊഴിൽ ഇല്ലാത്തവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. വ്യാവസായിക വിപ്ലവത്തിന്റെ കാലമായി എന്നു പറഞ്ഞുകൊണ്ട് നാട്ടിന്റെ അങ്ങോളംഇങ്ങോളം വ്യവസായങ്ങൾ തുടങ്ങുവാൻ ഓടി നടക്കുമ്പോൾ ഇന്നു നിലവിലുള്ള വ്യവസായങ്ങൾ പോലും നിലനിറുത്താൻ ഈ ഗവണ്മെന്റിനെകൊണ്ടു കഴിഞ്ഞിട്ടില്ല. കഴിഞ്ഞ പല നിയമസഭായോഗങ്ങളിലും ഞാൻ സൂചിപ്പിച്ചിട്ടുള്ളതാണ്, കേരളത്തിന്റെ അമൂല്യ സമ്പത്തായ മിനറൽ വ്യവസായം തകർച്ചയിലേയ്ക്കു താണുകൊണ്ടിരിക്കുകയാണ് എന്നു്. അന്നെല്ലാം നമ്മുടെ വ്യവസായ മന്ത്രി ഈ തകർച്ച വരാതിരിക്കുന്നതിനു വേണ്ടുന്ന പ്രധാന പ്രവർത്തനങ്ങൾ ഉടനടി കൈക്കൊള്ളുന്നതാണെന്നു ഉറപ്പു തന്നുകഴിഞ്ഞിട്ടു മൂന്നുവർഷം കഴിഞ്ഞിട്ടും ഇന്നും ഈ വ്യവസായം പുനരുദ്ധരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടില്ല. പതിനായിരത്തോളം വരുന്ന തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലാണു്. ഞാൻ എന്റെ പ്രദേശത്തെ കാര്യം ഓർത്തുപോകുകയാണു്. ഇങ്ങനെയുള്ള ഒരു ജനതയോടു ഭരണത്തലവൻ ഉപദേശിക്കുകയാണു്, കഠിനമായി അദ്ധ്വാനിക്കുന്നതിനും ജോലി ചെയ്യുന്നതിനും തയാറാകുക എന്നു്. സർ, ഈ രാജ്യത്തു പട്ടിണികൊണ്ടു വലഞ്ഞിട്ടു ചോറു മോഷണം വരെ നടക്കുന്നുണ്ടു്. പട്ടിണികൊണ്ടു സ്വന്തം കുഞ്ഞു മരിച്ചുപോകും എന്നു തോന്നുന്ന അവസരത്തിൽ അയലത്തെ അത്താഴക്കലം മോഷ്ടിക്കേണ്ടിവരുന്ന ഒരു അവസ്ഥ ഈ നാട്ടിൽ ഇന്നുണ്ടു്. എന്റെ നിയോജകമണ്ഡലത്തിൽ നിശ്ചയമായും അങ്ങനെയൊരു അവസ്ഥ വന്നുചേർന്നിട്ടുണ്ടു്. ഇതിനൊരു പരിഹാരം കാണാൻ ക്രിയാത്മകമായ നിർദ്ദേശം കൊടുക്കാതെ 'കഠിനമായി അദ്ധ്വനിക്കുക'യെന്നു പറഞ്ഞാൽ യാതൊരു പ്രയോജനവും ഇല്ല. ആ പ്രസംഗത്തിനപ്പുറത്തു പരമാർത്ഥത്തിൽ യാതൊരു പ്രയോജനവും ഇല്ല. അതുപോലെ തന്നെ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനു ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ടോ? ക്ഷേമമന്ത്രി പോലും അവകാശപ്പെടുന്നില്ല, ദൈനംദിനം സാധനങ്ങളുടെ വില പഴയ വിലയിലേയ്ക്കു കൊണ്ടുവരാൻ കഴിഞ്ഞുവെന്നു്. കുതിച്ചുകൊണ്ടിരിക്കുന്ന വിലയെ ഒന്നു പിടിച്ചുനിറുത്താൻ കഴിഞ്ഞിട്ടുണ്ടെന്നു അദ്ദേഹം അവകാശപ്പെടുന്നുണ്ടെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ വില പഴയമട്ടിലാണെന്നു അദ്ദേഹംപോലും അവകാശപ്പെടുന്നില്ല. അതിന്റെ അർത്ഥം എന്താണു്. ഇന്നു സാധനങ്ങളുടെ വില ഭീമമായ രീതിയിൽ കയറിക്കൊണ്ടിരിക്കുകയാണു്. ഇവിടത്തെ റവന്യൂമന്ത്രിയുടെ ഒരു പ്രസ്ഥാവന ഞാൻ ഈയിടെ കണ്ടു ഭൂമിയിൽകയറി സ്വാധീനപ്പെടുത്തിയെടുത്തിട്ടുള്ളവർക്കു ആ ഭൂമി പതിച്ചുകൊടുക്കുവാൻ പോകുന്നുവെന്നു്. ഇതിലേറെ ലജ്ജാകരമായ ഒരു നടപടിയുണ്ടോ, സർ? അതു ഈ രാജ്യത്തു നിയമം ലംഘിക്കുവാനുള്ള ഒരു പ്രേരണ നൽകുകയല്ലയോ ചെയ്യുന്നതു്? റവന്യൂ മന്ത്രിയെ ചുറ്റിപ്പറ്റി നിൽക്കുന്ന കുറെ ആളുകൾ സംഘടിതമായി വനത്തിൽ കയറി അന്യായമായി അധീനപ്പെടുത്തിയിട്ടുള്ളതിനു നിയമസാധുത്വം കെടുക്കുന്നതിനുള്ള ഒരു നടപടിയാണു് ഇന്നു ഗവണ്മെന്റു സ്വീകരിച്ചിരിക്കുന്നതു്. ഇതെല്ലാം കർഷക ജനതയെ സംരക്ഷിക്കുവാനാണെന്നുള്ള വാദം കേൾക്കുമ്പോൾ ആലിബാബായുടേയും കള്ളന്മാരുടേയും പ്രതീതിയാണു് ഉണ്ടാകുന്നതു്. വനഭൂമി സംരക്ഷണമാണെന്നു പറഞ്ഞുകൊണ്ടു അന്യായമായി കയറിയവനു പതിച്ചുകൊടുക്കുക. നിയമവാഴ്ച അനുദിനം തകർന്നുകൊണ്ടിരിക്കുകയാണു്. അവിഹിതമായി എല്ലാ കാര്യങ്ങളിലും ഗവണ്മെന്റു ഇടപെടുന്നുണ്ടു്. മെത്രൻസംഭവത്തെ തുടർന്നുള്ള കോടതിവിധിയിൽപോലും പറഞ്ഞിട്ടുണ്ടു് ഗവണ്മെന്റു ഉദ്യോഗസ്ഥന്മാർ അവിഹിതമായി ഇടപെടുന്നുവെന്നു്. അങ്ങനെ ചെയ്തിട്ടുള്ള മന്ത്രിയുടെ ആഗ്രഹാശിസ്സുകളോടുകൂടിയല്ലെങ്കിൽ തീർച്ചയായും അതിനെതിരെ നടപടി നടത്തുമായിരുന്നു. അതുപോലെ തന്നെ അടുത്തകാലത്തുണ്ടായ തൃശ്ശൂർ സംഭവം. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരാൾ കാർ ഓടിച്ചുകൊണ്ടു പോകുമ്പോൾ ഒരു അപകടം സംഭവിക്കുകയാണെങ്കിൽ കാർ അവിടെ നിറുത്തേണ്ടതു ധാർമ്മികമായ ഒരു ചുമതലയല്ലയോ? അതു ഒരു മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബേബി ജാൺ]

യായാലും ഇല്ലയോ? ഒരു പൗരനായാൽപോലും ഒരാൾ കാർ ഓടിക്കുന്ന അവസരത്തിൽ ഒരു അപകടം സംഭവിക്കുകയും അതിന്റെ ഫലമായി പരുക്കു പറ്റുകയും ചെയ്യുകയാണെങ്കിൽ അവിടെ കാർ നിറുത്തി പരിക്കു പറ്റിയ ആളിനു പ്രാഥമിക ശ്രുശ്രൂഷ നൽകേണ്ട ചുമതലയുണ്ട്. ഒരു മന്ത്രിയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം കൂട്ടും. അതോ ചെയ്തില്ല. പോകട്ടെ, തൃശ്ശൂർ കളക്ടർ ഇതേപ്പറ്റി ഒരു പ്രസ്താവന. ഇറക്കി ഡ്രൈവറുടെ പേരിൽ കേസ് എടുത്തിരിക്കുന്നു എന്നു്. മന്ത്രിയായിരുന്ന കാർ ഓടിച്ചിരുന്നതു്, അതുകൊണ്ടു് മന്ത്രിയുടെ പേരിൽ കേസ് എടുത്തു എന്നല്ലായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന. മന്ത്രിയുടെ കാർ ഒരു കട്ടവണ്ടിയിൽ തട്ടിയെന്നും അതുകാരണം ഒരു അപകടം സംഭവിച്ചിട്ടുണ്ടെന്നും അതിൽ രണ്ടുമൂന്നുപേർക്കു പരിക്കു പറ്റിയിട്ടുണ്ടെന്നും അതുകാരണം മന്ത്രിയുടെ പേരിൽ കേസെടുത്തിരിക്കുന്നുവെന്നും പറയുവാനുള്ള തന്റേടം അവിടത്തെ കളക്ടർക്കു ഇല്ലാതെ പോയി. മറിച്ചു മന്ത്രിയുടെ പ്രീതിക്കുവേണ്ടി ഡ്രൈവറുടെ പേരിൽ കേസ് എടുത്തിരിക്കുന്നു എന്നാണു് പറഞ്ഞിട്ടുള്ളതു്. ഇതു മന്ത്രിയുടെ അറിവോടുകൂടിയല്ലെന്നു പറഞ്ഞാൽ അതൊരു തെറ്റായ പ്രസ്താവനയായിരിക്കും. അതിനും അപ്പുറത്തു ഇവിടെ പ്രസ്താവനകളുടെ ഒരു സർക്കസാണു് കാണുന്നതു്. അങ്ങനെ നമ്മുടെ നിയമവാഴ്ച തകർന്നിരിക്കുന്ന കൂറുപാടിൽ ഏറ്റവും നല്ലതായ ഒരു കാര്യം ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ശ്രീ. പി. ടി. ചാക്കോ രാജിവച്ചുപോകുകയാണു്. ഇങ്ങനെ രാജിവച്ചുപോകുന്നതു പുതിയ ഒരു സംഭവമല്ല. കേന്ദ്ര ഗവണ്മെന്റിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അരിയന്നൂർ റയിൽവേ അപകടം ഉണ്ടായപ്പോൾ റയിൽവേമന്ത്രിയായിരുന്നതുകൊണ്ടാൽ ബഹദൂർ ശാസ്ത്രി രാജിവച്ചു. ഇവിടെ സ്വന്തം പാർട്ടിയിൽ നിന്നുപോലും അഴിമതി ആരോപണം ഉണ്ടായപ്പോൾ, നിയമ വാഴ്ച തകർന്നുകിടക്കുന്നുവെന്നു ഭരണകക്ഷി ഭാഗത്തുനിന്നും ആരോപണം ഉണ്ടാകുമ്പോൾ, സ്വന്തം അണിയിലെ ആളുകൾപോലും താങ്ങാതെ കൈ ഒഴിഞ്ഞു നീങ്ങുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്കു ഈ രാജ്യത്തോടു ചെയ്യാനുള്ള ഒരേ ഒരു കാര്യം രാജിവയ്ക്കുക മാത്രമാണു്. ഇല്ലെങ്കിൽ ഭരണഘടനയ്ക്കു പൊതുവേ അപകടം ഉണ്ടാകുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകും. ജനരോഷം മൂലം ബഹുമാനപ്പെട്ട മന്ത്രി രാജിവയ്ക്കുവാൻ പ്രേരിതനായിപ്പോകും എന്നും കൂടി പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു".

ശ്രീമതി. കെ. ആർ. ഗൗരി : സർ, ഒരു സംഗതി അങ്ങയുടെ അറിവിലേയ്ക്കു പറയുവാനുണ്ടു്. ഇന്നലെ സ്പീക്കറുടെ ചെയറിൽ ഇരുന്ന പാനൽ ഓഫ് ചെയർമാൻ ഒരു പോയിന്റു ഓഫ് ഓർഡറിനു ഒരു റൂളിംഗ് നൽകുകയുണ്ടായി. ഏതെങ്കിലും ഒരു മെമ്പർ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ആവശ്യമെന്നു കണ്ടാൽ മന്ത്രിമാർക്കു ഇൻറർവീൻ ചെയ്യാൻ അവകാശമുണ്ടെന്നു അദ്ദേഹം പറയുകയുണ്ടായി. എന്നാൽ സഭാനടപടികൾക്കുള്ള മുഴുവൻ റൂളുകളും നോക്കിയിട്ടും അങ്ങനെയൊരു വകുപ്പു കാണുന്നില്ല. പ്രസംഗം തുടർന്നുകൊണ്ടു നിൽക്കുമ്പോൾ മന്ത്രിമാർ ഇൻറർവീൻ ചെയ്യുന്നതു തെറ്റായ ഒരു നടപടിയാണു്. അങ്ങ് അതു റദ്ദ് ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

മി. സ്പീക്കർ : റൂളിംഗ് തന്നെ സ്ഥിതിക്കു് അതിന്റെ അപ്പീൽ കൺസിഡർ ചെയ്യാൻ പ്രൊവിഷൻ ഇല്ല. എതായാലും പിന്നീടു് ഇതേപ്പറ്റി ആലോചിക്കാം.

ശ്രീ. എസ്. കുമാരൻ : സർ, ഗവർണ്ണർ അവർകളുടെ നയപ്രഖ്യാപന പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീമാൻ വിശ്വനാഥന്റെ പ്രമേയത്തെ ഞാൻ എതിർക്കുകയാണു്. അതിനെതിരായി പ്രതിപക്ഷ നേതാവിന്റെ ഭേദഗതികളെ അനുകൂലിക്കുകയും ചെയ്യുന്നു. നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് ഭരണകക്ഷിയിലെ മെമ്പറന്മാർ എന്തെല്ലാം പറയുമെന്നു കേൾക്കാൻ വളരെ കൗതുകത്തോടുകൂടി കാത്തിരിക്കുകയായിരുന്നു. നിർഭാഗ്യവശാൽ പ്രമേയം അവതരിപ്പിക്കുകയും പിന്താങ്ങുകയും ചെയ്ത രണ്ടു സ്നേഹിതന്മാർ ഒഴികെ മറ്റു ആരും ഒന്നുംതന്നെ പറഞ്ഞുകേട്ടില്ല. സ്വാഭാവികമായും നയപ്രഖ്യാപനപ്രസംഗത്തെ സംബന്ധിച്ചു ഭരണകക്ഷിക്കാരും പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കക്ഷികളും അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുക സാധാരണയാണു്. അതിനു എന്താണു് രേണകക്ഷിക്കാർ മടിക്കുന്നതെന്നും അധികം സംസാരിക്കാതിരിക്കുന്നതെന്താണെന്നും നാം അല്പം ഓർക്കേണ്ടതുണ്ടു്. ഒരു പക്ഷേ അവർക്കു വിഷമമാണു് എന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു്, ഗവർണ്ണരുടെ നയപ്രഖ്യാപനപ്രസംഗത്തെ പിന്താങ്ങികൊണ്ടു് പറയുവാൻ വളരെയധികം കാര്യങ്ങളും ഇല്ല എന്ന അവർക്കു ബോദ്ധ്യമുള്ളതുകൊണ്ടായിരിക്കാം അവർ ഇങ്ങനെ ചെയ്യുന്നതു്. മറെറാന്നു കാര്യങ്ങളും ഇങ്ങനെ തുറന്നു പറയുവാനും അവർക്കു വിഷമം ഉണ്ടാകും. അതിലും എനിക്കു തെറെറിദ്ധാരണയില്ല. കാരണം ഈ ഗവണ്മെൻറിന്റെ പ്രവൃത്തികളെ സംബന്ധിച്ചു, രീതിയെ സംബന്ധിച്ചു ഒരു മെമ്പർ കേന്ദ്രഗവണ്മെൻറിന്റെ മുമ്പിൽ ഒരു റിപ്പോർട്ടു സമർപ്പിച്ചുവെന്നും അതിനു അദ്ദേഹത്തിന്റെ മേൽ ചില നടപടികളും കാര്യങ്ങളുമൊക്കെയെടുക്കുവാൻ പോകുന്നുവെന്നും പത്രങ്ങളിൽ വാർത്ത കാണുകയുണ്ടായി. അതു എത്രമാത്രം ശരിയാണു്, അല്ലെങ്കിൽ തെറെറാണു് എന്നുള്ളതിനെ സംബന്ധിച്ചു എനിക്കു അറിവില്ല. ഏതായാലും പത്രത്തിൽ വന്ന വാർത്തകളാണു്. ഏതായാലും രേണകക്ഷി മെമ്പറന്മാരിൽ നിന്നും ഗവണ്മെൻറിന്റെ നടപടികളേയും രേണതലവനായ ഗവർണ്ണർ അവർകളുടെ നയപ്രഖ്യാപന പ്രസംഗത്തേയും ന്യായീകരിക്കത്തക്കവിധം ഒന്നും പറഞ്ഞുകേട്ടില്ല.

സർ, അപ്പുറത്തോട്ടു നോക്കി ചിലകാര്യങ്ങളും പറയുമ്പോഴും വളരെയധികം ദയനീയമായ ഒരു സ്ഥിതിവിശേഷമാണുള്ളതു്. നമ്മുടെ മുഖ്യമന്ത്രി അവിടെയില്ല. ബന്ധപ്പെട്ട മറു മന്ത്രിമാരും ഇല്ല. പോകട്ടെ. ക്ഷീണ ബെഞ്ചിൽ നിന്നും സഭാനേതാവു എന്നുള്ള നിലയിൽ മുഖ്യമന്ത്രി സംസാരിക്കുമ്പോഴും മറു മന്ത്രിമാർ എഴുന്നേറു സംസാരിക്കുമ്പോഴും പ്രതിപക്ഷകക്ഷികളായ ഞങ്ങളുടെ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളും വിമർശനങ്ങളും എതിർപ്പുകളും ഉണ്ടെങ്കിലും, ഇവരെപ്പററി ബഹുമാനം തോന്നാനുള്ള ജനാധിപത്യ ക്രമത്തിന്റെ വഴക്കം സ്വാഭാവികമായി ഉണ്ടാകാറുണ്ടു്. എന്നാൽ ഇന്നു സഭാ നേതാവു എന്നുള്ള നിലയിൽ ഒന്നാമത്തെ ചെയറിൽ ഇരിക്കുന്ന മുഖ്യമന്ത്രി എഴുന്നേൽക്കുമ്പോഴും വാസ്തവത്തിൽ പുശ്ചമാണു് തോന്നിപ്പോകുക. ബഹുമാനം അശേഷം ഇല്ലെന്നു മാത്രമല്ല, സഭാ നേതാവു എന്നുള്ള നിലയിൽ മുഖ്യമന്ത്രിക്കു്.....

മി. സ്പീക്കർ : പ്രസംഗം നയപ്രഖ്യാപനത്തെ സംബന്ധിച്ചുള്ളതായിരിക്കുവാൻ ശ്രമിച്ചാൽ കൊള്ളാം.

ശ്രീ. എസ്. കുമാരൻ : ഗവർണ്ണരുടെ പ്രസംഗത്തിലുള്ള നയത്തെ സംബന്ധിച്ചാണു് ഞാൻ പറയുന്നതു്. അതിന്റെ ഉത്തരവാദിത്വം മുഖ്യമന്ത്രിക്കും മറു മന്ത്രിമാർക്കും ഉള്ളതാണു്. അതുകൊണ്ടു് ഞാൻ പറഞ്ഞതു ഇവിടെ സംഗതമാണു്. ഞാൻ ചോദിക്കുന്നു മുഖ്യമന്ത്രിയും മറു മന്ത്രിമാരും എഴുന്നേറു നിൽക്കുമ്പോഴും ജനാധിപത്യ ക്രമപ്രകാരം എല്ലാവരുടേയും ബഹുമാനം ആജ്ഞിക്കേണ്ടതല്ലേ എന്നു്. ഇന്നു മുഖ്യമന്ത്രിയും മറു സഹമന്ത്രിമാരും എഴുന്നേറു നിൽക്കുമ്പോഴും സംസ്കാര ശൂന്യത്വത്തിന്റേയും കൊള്ളരുതായ്മയുടേയും സ്വന്തം പാർട്ടി താൽപ്പര്യത്തിന്റേയും ഒരു പ്രതീകമായിട്ടാണു് തോന്നുക. ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി അദ്ദേഹത്തിനെതിരെ ഉന്നയിച്ച ചില ആരോപണങ്ങൾക്കു മറുപടി പറയുന്ന അവസരത്തിൽ ചില കാര്യങ്ങളും ഇവിടെ പറയുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാർ പാപം മാത്രം കാണാൻ ആഗ്രഹിക്കുന്നവരാണെന്നും അതുകൊണ്ടാണു് അവരുടെ പക്കൽ നിന്നും ഈ മാതിരി റിപ്പോർട്ടു വന്നതെന്നും പറയുകയുണ്ടായി. എന്താണു് വസ്തുത. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള വസ്തുതകളും അക്ഷരംപ്രതി അദ്ദേഹം സമ്മതിച്ചുകഴിഞ്ഞതാണു്. അദ്ദേഹത്തിന്റെ പേരിൽ, തൃശ്ശൂർ സംഭവത്തിന്റെ പേരിൽ പല ആരോപണങ്ങളും ഇവിടെ ഉന്നയിക്കപ്പെട്ടു. അതെല്ലാം ഓരോന്നോരൊന്നായി അദ്ദേഹം സമ്മതിച്ചു. ഒരു ഒറ സംഗതിയൊഴിച്ചു, എന്റെ ഓർമ്മ ശരിയാണെങ്കിൽ മറു നാലു സംഗതികളും അദ്ദേഹം സമ്മതിച്ചു കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹം തന്നെയാണു് സ്റ്റേറു കാർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എസ്. കുമാരൻ]

ഓടിച്ചിരുന്നതു". കാറു് ഒരു കട്ടവണ്ടിയിൽ മുട്ടിയെന്നും നാലുപേർക്കു പരിക്കു പറ്റിയെന്നും അദ്ദേഹം സമ്മതിക്കുന്നുണ്ടു്. കാറു നേരെ പീച്ചിയിലേക്കാണു് പോയതെന്നും അദ്ദേഹം സമ്മതിക്കുന്നുണ്ടു്. കാറിനകത്തു് ഒരു സ്ത്രീയുണ്ടായിരുന്നുവെന്നും അദ്ദേഹം സമ്മതിക്കുന്നുണ്ടു്. ഒരു കാര്യം മാത്രമേ തർക്കത്തിലിരിക്കുന്നുള്ളു. കാറിനകത്തുണ്ടായിരുന്നതു പൊട്ടത്തൊട്ട ഒരു സ്ത്രീയായിരുന്നുവോ എന്നുള്ളതു മാത്രം. അപ്പോഴാ ഇതിൽ കവിഞ്ഞു കമ്മ്യൂണിസ്റ്റുകാരും അവരുടെ പത്രങ്ങളും എന്താണു് ചെയ്തതെന്നു ഞാൻ ചോദിക്കുകയാണു്. അതുകൊണ്ടു ഈ കാര്യത്തിൽ കമ്മ്യൂണിസ്റ്റുകാർ പാപം മാത്രം കാണുന്നവരാണെന്നു പറഞ്ഞു അവഹേളിക്കുന്നതു ശരിയല്ല.

[Deputy Speaker in the Chair]

സത്യസന്ധനായ ഒരു മിനിസ്റ്ററാണെങ്കിൽ, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു മിനിസ്റ്ററാണെങ്കിൽ ധാർമ്മികമായും മാനുഷികമായും ചെയ്യേണ്ടതു്, എനിക്കു് ഒരു പാകപ്പിഴ വന്നുപോയിയെന്നു സമ്മതിക്കുകയാണു്. എന്നാൽ ഈ മന്ത്രി ചെയ്തതു് പത്രങ്ങളിൽ ഇതിനെപ്പറ്റിയുള്ള വാർത്തകളും വന്നപ്പോഴും അതു് അവഗണിക്കുകയും ആ പത്രങ്ങളെപ്പറ്റി ആരോപണം ഉന്നയിക്കുകയുമാണു്. ജനാധിപത്യക്രമത്തിൽ വിശ്വസിക്കുന്ന ബ്രിട്ടീഷു് പാർലമെൻറിലുള്ള ഒരു മന്ത്രിയുടെ പേരിൽ ഇത്തരത്തിലുള്ള ഒരു ആരോപണം വരികയുണ്ടായി. അതിനെപ്പറ്റി നമുക്കെല്ലാവർക്കും അറിയാവുന്നതുമാണു്. ആദ്യം അദ്ദേഹത്തെപ്പറ്റിയുള്ള വാർത്ത പത്രങ്ങളിൽ വന്നപ്പോഴും പ്രതിപക്ഷങ്ങളും പറഞ്ഞപ്പോഴും എതിർക്കുകയാണു് ചെയ്തിട്ടുള്ളതു്. ഒടുവിൽ കാര്യങ്ങളും ഓരോന്നോരോന്നായി പറഞ്ഞ അവസരത്തിൽ അദ്ദേഹം അതെല്ലാം സമ്മതിക്കുകയും എനിക്കു് തെറ്റു പറ്റിപോയിയെന്നും, പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളും ശരിയാണെന്നും പറയുകയുണ്ടായി. മാത്രമല്ല താൻ ഇവിടെ ഒരു മന്ത്രിയായിരിക്കാൻ അർഹനല്ലെന്നു് പറഞ്ഞു അദ്ദേഹം രാജിവെയ്ക്കുകയും ചെയ്തിട്ടുണ്ടു്. അതേപോലെ ഈ മന്ത്രിയും തെറ്റു സമ്മതിക്കുകയും, ജനാധിപത്യത്തെ മാനിക്കണമെങ്കിൽ ചെയ്യേണ്ട നടപടിയിതാണു്. മാഡം, ഇവിടെ ഒരാൾ പറയുകയുണ്ടായി ആഭ്യന്തരമന്ത്രിയുടെ ഈ നടപടിയെപ്പറ്റി മുഖ്യമന്ത്രി ഒന്നും പറഞ്ഞിട്ടില്ലെന്നു്. മുഖ്യമന്ത്രിയ്ക്കു ഒന്നും പറയാൻ സാധിക്കുകയില്ല. കാരണം ഇദ്ദേഹം ഒരു പ്രതിയാണു്. നമ്മുടെ ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി, ഈ പ്രശ്നത്തെപ്പറ്റി ക്യാബിനറ്റു വിളിച്ചുകൂട്ടി ചർച്ച ചെയ്തതിനു ശേഷമേ, അതിന്റെ ശരിയായ വിവരം വെളിപ്പെടുത്തുകയുണ്ടായിട്ടുള്ളുവെന്നു്. ക്യാബിനറ്റു വിളിച്ചുകൂട്ടി ചർച്ചചെയ്യണമെങ്കിൽ ഇതിൽ ഗൗരവമായ സംഗതികൾ എന്തോ ഉണ്ടു്. തന്നെ പൂകയിട്ട എലിയെ മാളത്തിൽ നിന്നു ഓടിക്കുന്നതുപോലെ ഓടിക്കാൻ ചിലർ ശ്രമിക്കുന്നുണ്ടു്, അങ്ങനെചെയ്താൽ താൻ മാത്രമല്ല മറ്റു പലരും മാളത്തിൽനിന്നു ഓടേണ്ടിവരുമെന്നുണ്ടു് ആഭ്യന്തരമന്ത്രി പ്രസ്താവിച്ചതായി പത്രങ്ങളിൽ കണ്ടു.

ശ്രീ. പി. ടി. ചാക്കോ : എന്റെ അന്നത്തെ പ്രസംഗം എല്ലാ പത്രങ്ങളിലും റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ഒരുദ്ദേശപരമായി ഞാൻ പറയാത്തതു പറഞ്ഞുവെന്നു പറയുന്നതു് ശരിയല്ല.

ശ്രീ. എസ്. കുമാരൻ : അതു് പല പത്രങ്ങളിലും വന്നിട്ടുണ്ടു്. ഏതായാലും അതിനെല്ലാം ഒരു യാഥാർത്ഥ്യമുണ്ടു്. നമ്മുടെ മുഖ്യമന്ത്രിയ്ക്കു ആഭ്യന്തരവകുപ്പുമന്ത്രിയുടെ മുഖത്തുനോക്കി എന്തെങ്കിലും പറയാൻ സാധിക്കുമോ? കാരണം അസംബ്ലിയിൽ പ്രസിഡൻറിനുമതിലധികം നിയമമായിപാസാക്കിയ ലാൻഡു് റിഫോംസു് ആക്ടിലെ 60—ാംവകുപ്പിനു് എതിരായ ആയിരക്കണക്കിനേക്കർ ഭൂമി ശ്രീ. ആർ. ശങ്കറുടെ ഭാര്യയുടെപേരിൽ എഴുതിവാങ്ങിക്കാൻ അനുവദിച്ചിട്ടില്ലേ? അതുകൊണ്ടു് ആഭ്യന്തരമന്ത്രിയ്ക്കു എതിരായി മുഖ്യമന്ത്രിയ്ക്കു ഒരിക്കലും കൈ ഉയർത്താൻ സാധിക്കുകയില്ല. അങ്ങനെ ഈ രാജ്യത്തെ

10A. M.]

LIBRARY ARCHIVES Kerala Legislative Assembly

താൽപര്യവും ഈ രാജ്യത്തെ ഗവണ്മെൻറിൻെറ താൽപര്യവും പരസ്പരം ബന്ധപ്പെടുത്താതെ അപകടത്തിലേയ്ക്കു ഇറക്കിവിടുകയാണു്. ഇതിൽ കൂടുതലൊന്നും പറയാനും ചെയ്യാനും സാദ്ധ്യമല്ലയെന്നുള്ളതാണു് യാഥാർത്ഥ്യം. അതുകൊണ്ടു് ഇക്കാര്യങ്ങളിലൊന്നും അത്ഭുതപ്പെടേണ്ടതില്ല. ഈ രാജ്യത്തുള്ള ജനങ്ങളുടെ അവകാശത്തെയും ജനാധിപത്യക്രമങ്ങളേയും അങ്ങോട്ടമിങ്ങോട്ടും സ്വന്തംആവശ്യത്തിനുവേണ്ടി പരസ്പരം വങ്കുവയ്ക്കുന്നതു് കാണുമ്പോൾ കായംകുളം കൊച്ചുണ്ണിയുടേയും കൂട്ടുകാരനായ പടത്തോന്നിയുടെയും കഥയാണു് എൻെറ ഓർമ്മയിൽ പൊന്തിവരുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : കായംകുളം കൊച്ചുണ്ണിയുടെ കൂട്ടുകാരൻ ആരെന്നാണു് പറഞ്ഞതു്?

ശ്രീ. എസ്. കുമാരൻ : പടത്തോന്നിയെന്നാണു്. ഇങ്ങനെ തമ്മിൽ തമ്മിൽ ആലോചിച്ചു് സ്വന്തം കാര്യങ്ങൾ മാത്രം നോക്കിഭരിക്കുന്ന ഒരു ഗവണ്മെൻറിൻെറ ചിത്രമാണു് അപ്പുറത്തു കാണുന്നതു്.

മാഡം, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിനു് നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ടു് എൻെറ സ്നേഹിതന്മാർ എന്താണു് പറഞ്ഞതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഈ കഴിഞ്ഞ നാലുകൊല്ലക്കാലമായിട്ടു് ഈ ഗവണ്മെൻറുതന്നെയാണു് ഇവിടെ ഭരണം നടത്തുന്നതു്. ഈ നാലുകൊല്ലക്കാലത്തിനിടയിൽ ഈ രാജ്യത്തിലുള്ള ജനങ്ങളുടെ സാമൂഹ്യസാമ്പത്തികാഭിവൃദ്ധിയ്ക്കും, നമ്മുടെ രാജ്യത്തിൻെറ അഭിവൃദ്ധിയ്ക്കും അനുസരിച്ചുള്ള എന്തെങ്കിലും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടോയെന്നു് തെളിയിക്കുവാൻ ഞാൻ ഭരണകക്ഷിയെ വെല്ലുവിളിക്കുകയാണു്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഈ രാജ്യത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിഞ്ഞിരിക്കുന്നുവെന്നുള്ള ഒരു ചിത്രം വരച്ചുകാണിച്ചിരിക്കുന്നു. അതിൽ വല്ല സത്യവുമുണ്ടോ? ഒന്നാമതായി ഈ ഗവണ്മെൻറു ഭരണം ഏറെറടുത്തിട്ടു നാലു വർഷമായി, അതിനുള്ളിൽ ജനങ്ങളുടെ സാമൂഹ്യജീവിതത്തിലെ വിവിധ തുറകളിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിനു് എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്നു് സത്യസന്ധമായി പരിശോധിക്കാൻ തയാറായിട്ടുണ്ടോ? ഈ നാലുവർഷത്തിനുള്ളിൽ നിത്യദാരിദ്ര്യത്തിലേയ്ക്കാണു് ജനങ്ങൾ ദിനംപ്രതി പോയിക്കൊണ്ടിരിക്കുന്നതു്. ക്ഷേമപ്രശ്നത്തെ സംബന്ധിച്ചും നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നതു് അങ്ങനെ ഒരു പ്രവണത കാണിച്ചു, ഉടനെ അതു തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവെന്നാണു്. പക്ഷെ, എനിക്കു് അതിനെപ്പററി പറയുവാനുള്ളതു് ഈ ഗവണ്മെൻറു അധികാരമേറെറടുത്തപ്പോൾ ഉണ്ടായിരുന്ന ജീവിതസ്ഥിതിയും ഇന്നത്തെ ജീവിതസ്ഥിതിയും തമ്മിൽ ഒന്നു താരതമ്യം ചെയ്തുനോക്കണമെന്നാണു്. ഇവിടത്തെ നിത്യോപയോഗസാധനങ്ങളുടെ എല്ലാത്തിൻെറയും വിലയെസംബന്ധിച്ചുള്ള വിവരം കിട്ടിയിട്ടില്ലെങ്കിലും സാധാരണ ഒരു കുടുംബത്തിൽ വാങ്ങിക്കുന്ന നിത്യോപയോഗസാധങ്ങളുടെ വിലയെസംബന്ധിച്ചുള്ള കണക്കു് ഞാൻ പറയാം. വിമോചനസമരം നടന്ന കാലത്തു് ഉണ്ടായിരുന്ന സ്ഥിതിയും ഇപ്പോഴുള്ള സ്ഥിതിയും,തമ്മിൽ ഒന്നു് തട്ടിച്ചുനോക്കിയാൽമതി. അന്നു് എട്ടണയുള്ള ഊണും വാങ്ങി കൊടുത്തു് നൂറുകണക്കിനു് വാളൻറിയർമാരെ ഇന്നത്തെ ആഭ്യന്തരവകുപ്പുമന്ത്രി വിമോചനസമരം നയിച്ചിരുന്നു. അന്നു് എട്ടണ കൊടുത്താൽ ഒരു ഊണു കിട്ടുന്ന സ്ഥാനത്തു് ഇന്നു് ചെന്നാൽ പത്തും പതിനൊന്നും അണകൊടുക്കണം. അതേപോലെ അന്നു് ഒരു ഗ്ലാസു് ചായയ്ക്കു് ഒരണയായിരുന്നു, ഇന്നു് പത്തു് പൈസയായിരിക്കുകയാണു്. അങ്ങനെ ഏതു സാധനം എടുത്തുനോക്കിയാലും അന്നത്തേക്കാൾ ഇന്നു് വില വളരെ കൂടിയിരിക്കുന്നുവെന്നു കാണാവുന്നതാണു്. വിമോചനസമരകാലത്തു് ഉണ്ടായിരുന്ന വിലയും ഇപ്പോഴുള്ളതും തമ്മിലുള്ള വ്യത്യാസമെന്താണെന്നു് കാണിക്കുന്നതിനു് ഞാൻ ചില സാധനങ്ങളുടെ വില ഇവിടെ പറയാം. ഉഴുന്നിനു് 1960-ൽ എട്ടര, ഒൻപതു് അണയായിരുന്നതു് 1964 ആയപ്പോഴേയ്ക്കും പതിനഞ്ചു് പതിനൊന്നു് അണ ആയിരിക്കുകയാണു്. അതേപോലെ കാപ്പിയ്ക്കു് അന്നു് ഒന്നരയണ ഇന്നാണെങ്കിൽ രണ്ടണ, ചായ ഒരണയായിരുന്നതു പത്തു് പൈസയായി, അരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എസ്. കുമാരൻ]

ഇടങ്ങഴിയ്ക്ക് പതിനൊന്നണ, പന്ത്രണ്ടണയായിരുന്നത് ഇന്നത് പതിനാലണ, പതിനഞ്ചണവരെയായി. പയർ പക്കായ്ക്ക് പന്ത്രണ്ടണയായിരുന്നത് ഇന്നത് ഒരു രൂപയായി. പരിപ്പ് ഒരു പക്കായ്ക്ക് ഒരു രൂപയായിരുന്നത് ഒരു രൂപാ 6 അണയായി. ഉഴുന്ന ഒരുപക്കായ്ക്ക് പതിനൊന്നണയായിരുന്നത് ഇന്നത് 1രൂപാ 6 അണയായി. മുളകു് ഒരു റാത്തലിനു് ഒരു രൂപയായിരുന്നത് ഒന്നരരൂപയായി. ശക്കരെ ഒരു റാത്തലിനു് 45 പൈസയായിരുന്നത് 75 പൈസയായി, ഉള്ളി ഒരു റാത്തലിനു് 15 പൈസയായിരുന്നത് ഇന്നത് 28 പൈസയായി, മണ്ണെണ്ണ ഒരു കുപ്പിയ്ക്ക് 28 പൈസയായിരുന്നത് ഇന്നത് 45 പൈസയായി. പുകയിലറാത്തലിനു് നാലു രൂപയായിരുന്നത് ഇപ്പോഴത് ആറു രൂപയായി മാറി വിറകു ടണ്ണിനു് 24 രൂപയായിരുന്നത് 44 രൂപയായി മാറിയിരിക്കുന്നു. അങ്ങനെ വിമോചനസമരം നടത്തി അധികാരം പിടിച്ചെടുത്തതിനുശേഷം നമ്മുടെ രാജ്യത്തിലെ ജനങ്ങളുടെ ജീവിതത്തിൽ വന്ന മാറ്റങ്ങളാണ് ഇതു്. ഇതു് ആരും നിഷേധിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : വാങ്ങിക്കുന്ന സാധനങ്ങളുടെ വില വർദ്ധിച്ചതുപോലെ ഇങ്ങോട്ടുകൊടുക്കുന്ന ....

ശ്രീ. എസ്. കുമാരൻ : മാഡം, ഞാൻ യീൽഡു ചെയ്യുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഒരു മെമ്പർ യീൽഡു ചെയ്യുന്നില്ലെന്നു പറഞ്ഞാൽ പിന്നെ ഒരു മെമ്പറിനു് എഴുന്നേറ്റു ചോദ്യം ചോദിക്കാമോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : ആങ്ങളേം പറയുന്നതിനിടയിൽ കയറി പെങ്ങളേം സംസാരിക്കുന്നതു് ശരിയാണോ?

ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറന്മാർ തന്നെ അങ്ങോട്ടുമിങ്ങോട്ടും സഭയെ നിയന്ത്രിക്കാൻ തുടങ്ങിയാൽ കുഴപ്പം ഉണ്ടാകുന്നതാണു്. എല്ലാവരും ഒരേപോലെ സമാധാനമായിരുന്നു സഭാനടപടികളും ശ്രദ്ധിക്കേണ്ടതാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഒരാളും യീൽഡു ചെയ്യുന്നില്ലെന്നു പറഞ്ഞാൽ ചോദ്യം ചോദിക്കുന്ന ആളിനെ ഇരുത്തേണ്ടതാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ബഹുമാനപ്പെട്ട സ്പീക്കർ എന്തുചെയ്യണമെന്നുള്ളതിനെപ്പറ്റി ഒരു മെമ്പർക്കു് പറയുവാനുള്ള അധികാരമുണ്ടോ?

ഡെ. സ്പീക്കർ : എല്ലാവരും സമാധാനമായി ഇരുന്നു സഭാനടപടികളും ശ്രദ്ധിക്കണം.

ശ്രീ. എസ്. കുമാരൻ : നിത്യോപയോഗസാധനങ്ങളുടെ വിലയിൽ വന്നിട്ടുള്ള മാറ്റത്തെപ്പറ്റിയാണു് ഞാൻ പറഞ്ഞതു്. തൊഴിലില്ലാത്തവരുടെ എണ്ണമാണെങ്കിൽ നമ്മുടെ നാട്ടിൽ കൂടി കൂടി വരികയാണു്. അതിനെപ്പറ്റി ഗവണ്മെന്റിന്റെ പ്രസംഗത്തിൽ ഒരക്ഷരം പോലും പറഞ്ഞിട്ടില്ല. എല്ലാ കൊല്ലത്തേയും ഗവണ്മെന്റിന്റെ പ്രസംഗം എടുത്തുനോക്കിയാൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന്റെ ഒരു പട്ടിക കാണാവുന്നതാണു്. എന്നാൽ ഈ നാലുവർഷത്തിനുള്ളിൽ അതിൽ ഒരൊറ്റ വ്യവസായംപോലും കേരളത്തിൽതുടങ്ങിയിട്ടുള്ളതായി പറഞ്ഞു കാണുന്നില്ല. മാത്രമല്ല ഈ രാജ്യത്തെ എൻ. ജി. ഓ. മാർ, അദ്ധ്യാപകന്മാർ, ഇതരക്കാർ തുടങ്ങിയ ജനവിഭാഗങ്ങൾക്കു് ഇന്നത്തെ നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവിനനുസരിച്ചു് അവർക്കു് വന്നിട്ടുള്ള ജീവിതച്ചെലവിലുള്ള വർദ്ധനവിനെപ്പറ്റിയോ, അവർക്കു് ചെയ്തുകൊടുക്കേണ്ട സഹായത്തെപ്പറ്റിയോ ഒരക്ഷരംപോലും പറഞ്ഞിട്ടില്ല.

Dy. Speaker : Please conclude.

Shri E. P. Gopalan : He may be given 3 minutes more. He has been given only 17 minutes.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. കുമാരൻ : തൊഴിലാളികളുടേയും, കൃഷിക്കാരുടെയും, മറ്റു താണതരക്കാരായ ജനവിഭാഗങ്ങളുടേയും സ്ഥിതി അപകടത്തിലേയ്ക്കു് പൊയ്ക്കൊണ്ടിരിക്കുകയാണു്. അതിനൊരു പരിഹാരം കാണാനുള്ള ആത്മാർത്ഥമായ ഒരുശ്രമവും ഗവണ്മെന്റുടെ പ്രസംഗത്തിനകത്തില്ല. വ്യവസായങ്ങളുടെകാര്യം എല്ലാ വർഷത്തെ പ്രസംഗങ്ങളിലും കാണാം. പക്ഷെ അവയൊന്നുംതന്നെ നടപ്പിലായതായോ, പ്രവർത്തനത്തിലിരിക്കുന്നതായോ കാണിച്ചിട്ടില്ല. പിന്നെ പെരിങ്ങൽകുത്തു് പ്രോജക്റ്റു് കാട്ടാപ്പിള്ളി, മുതലായ പ്രോജക്റ്റുകളുടെ കര്യം ധാരാളം എപ്പോഴും പറയാറുണ്ടു്. നമ്മുടെ വ്യവസായത്തിനാവശ്യമായ ഇലക്ട്രിസിറ്റിയുടെ കാര്യം നോക്കുകയാണെങ്കിൽ അതിലും ദയനീയമായ പരാജയമാണുള്ളതു്. ഇപ്പോഴും ഇവിടെയുള്ള വ്യവസായങ്ങളും തന്നെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കാതെ ഓരോന്നായോരോന്നായി അടച്ചു പൂട്ടുകയാണു്. അങ്ങനെ വ്യവസായങ്ങളെല്ലാം മങ്ങിമയങ്ങി ഊർദ്ധശ്വാസം വലിക്കുന്ന കാഴ്ചയാണു് കാണുന്നതു്. ഓരോമണിക്കൂർ കഴിയുംതോറും, വിളക്കു് അണഞ്ഞു അണഞ്ഞുകൊണ്ടിരിക്കുകയാണു്; അങ്ങനെയല്ലെന്നു് ഭരണകക്ഷിയിലും ഗവണ്മെന്റിനും പറയാൻ സാധിക്കുമെങ്കിൽ അതു് തെളിയിക്കാൻ ഞാൻ അവരെ വെല്ലുവിളിക്കുകയാണു്. ഈ രാജ്യത്തിലെ ജനങ്ങളുടെ താൽപര്യങ്ങളും സംരക്ഷിക്കാൻപോലും ഈ ഗവണ്മെന്റു തയാറായിട്ടില്ല. സ്വന്തം പാർട്ടിയിലുള്ളവരേയും, സ്വന്തക്കാരേയും, സ്റ്റേറ്റു മാനേജരന്മാരേയും, കായൽ രാജാക്കന്മാരേയും വൻകിട ജന്മിമാരേയും, കാൺട്രാക്ടറന്മാരേയും പ്രീണിപ്പിക്കുന്നതിനും അവർക്കു് പ്രചോദനം കൊടുക്കുന്നതിനുമുള്ള ഒരു മെഷിനറിയാണു് ഈ ഗവണ്മെന്റു്. ദയനീയമായി അധഃപതിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥിതിയിൽ നിന്നു് നമ്മുടെ സാധാരണ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി വിമോചനസമരത്തിൽ പങ്കെടുത്തിരുന്നവരും, കണ്ണുള്ളവരും കണ്ണുള്ളവരുമായ ജനങ്ങളാണോക്കിയിരിക്കുന്നുണ്ടു്.

ഈ ഗവണ്മെൻറിനെപ്പറ്റി കേരളത്തിന്റെ ഐശ്വര്യത്തിനും ജനങ്ങളുടെ പുരോഗതിക്കും ഉതകുന്ന ഭരണം നടത്താൻ ഉതകുന്ന ഒരു ജനാധിപത്യ ഗവണ്മെന്റു് രൂപീകരിക്കാൻ ഈ രാജ്യത്തെ ജനാധിപത്യ ശക്തികളുടെ മഹത്തായ ഐക്യംകെട്ടിപടുക്കുകയേ കേരളീയർക്കു രക്ഷയായിട്ടുള്ളു. ആ ഐക്യശക്തിയുടെ ഗവർണ്മെൻറിന്റെ ഹസ്തങ്ങളിൽ ഐശ്വര്യ പൂർണ്ണമായ ഒരു കേരളം വളർന്നു വരുമെന്നു നമുക്കു് ആശിക്കാം എന്നു പറഞ്ഞു കൊണ്ടു് ഞാൻ എന്റെ പ്രസംഗം നിറുത്തുന്നു.

ശ്രീ. പി. നാരായണൻ തമ്പി: മാഡം, ഭുവനേശ്വരത്തു കൂടിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസു സമ്മേളനം സോഷ്യലിസത്തിന്റെ ശ്ലോകം വലിച്ചെറിഞ്ഞു ഏതാനും ദിവസം കഴിഞ്ഞിട്ടാണു് ഈ ഗവണ്മെൻറിന്റെ നയപ്രഖ്യാപനം എന്ന രീതിയിൽ ഈ സ്റ്റേറ്റിലെ ബഹുമാനപ്പെട്ട ഗവർണർ നമ്മുടെ മുൻപാകെ നയപ്രഖ്യാപന പ്രസംഗം വച്ചിട്ടുള്ളതു്. പരിശോധിച്ചാൽ സോഷ്യലിസം എന്നുള്ളതു് മരുന്നിനുപോലും ഈ പ്രസംഗത്തിൽ കാണുന്നില്ലെന്നുള്ളതാണു് എന്റെ പരാതി. അതേപ്പറ്റി എന്തെങ്കിലും ഈ പ്രസംഗത്തിൽ കണ്ടിരുന്നുവെങ്കിൽ മരുഭൂമിയിലെ മരീചിക എന്ന രീതിയിലെങ്കിലും ഈ നാട്ടിലെ ജനങ്ങൾ അതു് ഉറ്റുനോക്കുമായിരുന്നു. ഇത്ര ഭാവനാശൂന്യവും ഓജസുമില്ലാത്ത ഒരു പ്രസംഗം ഗവർണറുടെ കയ്യിൽ നൽകിയതിനു് ഞാൻ ഈ ഗവണ്മെൻറിനോടു് സഹതപിക്കുകയല്ലാതെ വേറെ എന്താണു ചെയ്യേണ്ടതു്? പൊതുമേഖലയിൽ തുടങ്ങേണ്ടുന്ന വ്യവസായങ്ങളെപ്പറ്റിയോ, തൊഴിലില്ലായ്മയ്ക്കു ചെറിയൊരാശ്വാസം നൽകുന്നതിനുവേണ്ടി പുതുതായി ഫാക്ടറികൾ തുറക്കുന്നതിനെപ്പറ്റിയോ, നേരിയമംഗലത്തെ ഫൈറോ കെമിക്കൽസ് പ്ലാന്റു് പ്രവർത്തിക്കുന്നില്ലെന്നുള്ളതിനെപ്പറ്റിയോ യാതൊരു വാചകം പോലും ഈ പ്രസംഗത്തിലില്ലെന്നുള്ളതു് വളരെ ഖേദകരമാണു്. ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഭരണയന്ത്രത്തിന്റെ പരിശുദ്ധതയും പരിപാവനതയും കാത്തു സൂക്ഷിക്കാൻ തയ്യാറില്ലാത്ത ആളുകളാണു് ഇന്നു് മന്ത്രിസഭയിലുള്ളതു്. ഭരണയന്ത്രം ഇന്നു് അഴിമതിയുടെ ശബ്ദംകൊണ്ടു് നിശ്ചലമാണു്. അതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ നമ്പി]

മുന്നോട്ട പോകുന്നില്ല. മന്ത്രിമാക്കുതന്നെ അവർ ഇരിക്കുന്നതു് എന്തിന
ണെന്നു നിശ്ചയമില്ല. കെ. പി. സി. സി. യിലെ വഴക്കുതീർക്കലും കാമരാജ
പദ്ധതി നടപ്പാക്കലുമാണു് മന്ത്രിമാരുടെ ഇപ്പോഴത്തെ ജോലി. പിനെ
കാര്യങ്ങളും എങ്ങനെ നടക്കും? അഴിമതിയെപ്പറ്റി പറയാതിരിക്കു
യാണു് നല്ലതു്. ഏതായാലും ഞാൻ ആ സംഭവങ്ങളുടെ വിശദാംശങ്ങ
ളിലേക്കു് കടക്കുന്നില്ല. ഈ നിയമസഭയിൽ ഇരിക്കാൻപോലും യോഗ്യത
യില്ലാത്തവിധത്തിൽ ചില സംഭവങ്ങളെപ്പറ്റി ഇവിടെ വിമർശനങ്ങൾ
നടന്നുകഴിഞ്ഞു. ആ കാര്യങ്ങളെ സംബന്ധിച്ചു് ജനാധിപത്യതത്വങ്ങളു
അടിസ്ഥാനമാക്കി ചില നടപടികളും നടത്തുന്നില്ല എന്നുള്ള കാര്യത്തിൽ
മാത്രമേ എനിക്കു പരാതിയുള്ളു. അതുകൊണ്ടു് ഭാവിതലമുറയെ ഓർത്തു
ജനാധിപത്യത്തോടു് ശക്തമെങ്കിലും സ്നേഹമുണ്ടെന്നുവരികിൽ ഈ മന്ത്രി
സഭ എന്താണു് പ്രവർത്തിക്കണമെന്നു് ഞാൻ പറഞ്ഞുകൊടുക്കേണ്ട കാര
മില്ല. മന്ത്രിസഭ വിളിച്ചുകൂട്ടി തീരുമാനിച്ചാലും, മന്ത്രിമാർ സ്വമേധയ
തീരുമാനിച്ചാലും എന്റെ സ്നേഹിതൻ ശ്രീമാൻ ചാഴിക്കാടൻ പലപ്പോഴു
പറയാറുള്ള ഒരു വാചകമാണു് എനിക്കു് ഓർമ്മവരുന്നതു്. "സീസറിന്റെ
ഭാര്യ സംശയാതീതമായിരിക്കണമെന്നു" ഇവിടെ സീസറുടെ ഭാര്യയുടെ
കാര്യത്തെപ്പറ്റി ആലോചിക്കാതിരിക്കുകയാണു നല്ലതു്. അതു പറയുവാൻ
തന്നെ എനിക്കു കുറച്ചിലായിരിക്കുന്നു. ഞാൻ അതേപ്പറ്റി കൂടുതൽ സംസാരി
ക്കുന്നില്ല.

മറ്റൊരു കാര്യം, പാന്തരിനെപ്പറ്റി ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ
പ്രസ്താവന കേട്ടാൽ സബ്ബും പി. എസ്സു്. പി. യുടെ കുറമാണെന്നു തോന്നും.
ഞാൻ അവിടെ ഒരു സ്ഥലത്തു് പ്രസംഗിക്കാൻ പോയിട്ടുണ്ടു്. അവിടെ
അക്രമം കാണിക്കുന്ന കുറേ അക്രമികളുടെ പേരിൽ ശരിയായ നടപടിയെ
ക്കാൻ പോലീസുദ്യോഗസ്ഥന്മാരെ നിയമിക്കാതെ അതിനു് പി. ആർ.
കുറുപ്പിനേയോ, പി. എസ്സു്. പി. യേയോ, കുറംപറഞ്ഞിട്ടു കാര്യമില്ല.
പി. ആർ. കുറുപ്പു് അവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും കണ്ണിലുണ്ണി
യാണെന്ന വസ്തുത അംഗീകരിക്കേണ്ടതുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തെ ചീത്ത
പറഞ്ഞാൽ ആളുകൾ എതിരുത്തു എന്നുവരും. അതിനെല്ലാം ശരിയാം
നടപടിയെടുക്കാൻ പോലീസിനെ നിയമിക്കുകയാണു് ആഭ്യന്തരമന്ത്രി
ചെയ്യേണ്ടതു്. അവിടത്തെ സർക്കിൾഇൻസ്പെക്ടരെ അവിടെനിന്നു മാറ്റ
യിട്ടു് മറ്റൊരു സർക്കിൾ ഇൻസ്പെക്ടരെ അവിടെ നിയമിക്കാത്തതു
എന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുകയാണു്? ഞാൻ എല്ലാ സർക്കിൾ
ഇൻസ്പെക്ടർമാരേയും കുറ്റം പറയുന്നില്ല. വളരെ നന്നായി ജോലി
ചെയ്യുന്ന എത്രയോ പോലീസുദ്യോഗസ്ഥന്മാർ കേരള പോലീസിലുണ്ടു്
അങ്ങനെയുള്ള ഒരാളെ അവിടെ നിയമിച്ചാൽ അവിടെ ന്യായം നടക്കു
മെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടു് അങ്ങനെയുള്ള
ഉദ്യോഗസ്ഥന്മാരുടെ, ഒരു വശത്തു നിന്നുകൊണ്ടു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ
ന്മാരുടെ, റിപ്പോർട്ടു് വായിച്ചു് ഈ നിയമസഭയെ അപമാനിക്കരുതേ എന്നു
മാത്രമേ ഞാൻ അതിനെപ്പറ്റി പറയുന്നുള്ളു.

വർദ്ധിച്ചുവരുന്ന ജീവിതസൂചികയെപ്പറ്റി എനിക്കു് ഒരു കാര്യം പറ
വാനുണ്ടു്. ബഡ്ജറ്റു വരുന്ന അവസരത്തിലെങ്കിലും പാവപ്പെട്ട വളരെ
ധികം താഴ്ന്ന വരുമാനമുള്ള ഉദ്യോഗസ്ഥന്മാരെപ്പറ്റി ദയവായി കരുതണ
മെന്നുമാത്രമേ നിങ്ങളുടെ വഴക്കുകൾക്കിടയിൽ എനിക്കു് അഭ്യർത്ഥിക്കാനുള്ളു
ഇവിടെ സോഷ്യലിസം നടപ്പാക്കുകയാണെന്നു പറയുന്നു. ആയിര
രൂപയിൽ കൂടുതലുള്ള ഉദ്യോഗം വേണ്ടെന്നു വയ്ക്കണം. അതിനുള്ള നടപടി
എടുക്കാൻ തയ്യാറുണ്ടോ? അങ്ങനെ ഈ വളരെ കൂടുതലുള്ള ശമ്പളം വെട്ടി
കുറച്ചു് കുറഞ്ഞ ശമ്പളക്കാർക്കു് എന്തെങ്കിലും സൗകര്യങ്ങളും അൽപ്പം
ആശ്വാസത്തിനുള്ള നടപടികളും ബഡ്ജറ്റു് ആവിഷ്ക്കരണസമയത്തു് പ്രഖ്യാ
പിച്ചു് ഈ പാപത്തിനു് പരിഹാരം കാണണമെന്നുമാത്രം പറഞ്ഞുകൊണ്ടു
ഞാൻ വിരമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മൊഹിസിൻ ബിൻഅഹമ്മദ് : മാഡം, ബഹുമാനപ്പെട്ട ശ്രീ. കെ. കെ. വിശ്വനാഥൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. അദ്ദേഹം വിഭാവനം ചെയ്യുന്നും വളരെ പാടുപെട്ട് സ്ഥാപിക്കാൻ ശ്രമിച്ചതുമായ ഒരു സാമൂഹ്യസമ്പൽ ക്ഷേമരാഷ്ട്രം നമുക്ക് കാണാൻ സാധിക്കുന്നില്ല. അങ്ങനെ സാധിക്കാത്തതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിന്റെ പ്രസംഗത്തെ എതിർക്കുകയാണെന്ന് പറയാനുള്ള കാരണം. 1964-ലെ കേരള നിയമനിർമ്മാണസഭയുടെ പ്രാരംഭ സമ്മേളനത്തിൽ, ഭരണം നടത്തുന്ന കക്ഷിയുടെ നയപ്രഖ്യാപനങ്ങൾ ഉൾക്കൊള്ളുന്ന ഗവർണർ ശ്രീ. വി. വി. ഗിരിയുടെ പ്രസംഗം കേരളജനാവലിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന പറയേണ്ടതില്ലല്ലോ. പ്രഖ്യാപനം ഉരുവിട്ടതു് ഗവർണർ ഗിരിയാണെങ്കിലും ഭരണം നടത്തുന്ന ഗവണ്മെന്റിന്റെ കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങളിൽ ഒരു അവലോകനം നടത്തിയാൽ വ്യക്തമായ ഒരു നയപരിപാടി ഉണ്ടായതായി കാണുന്നില്ല. ഭാവിയിൽ എന്തൊക്കെയാണ് ചെയ്യാൻ പോകുന്നതെന്നുള്ള സംഗതിയെ സംബന്ധിച്ചു് ഒന്നും വ്യക്തമല്ല. നാട്ടിനേയും നാട്ടാരേയും അലട്ടിക്കൊണ്ടിരിക്കുന്ന അഴിമതിയെ കർശനമായി നിയന്ത്രിക്കേണ്ടതിനെപ്പറ്റിയോ, അത്യാവശ്യസാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റത്തെ തടയുവാനോ, നാട്ടുകാർക്ക് ആശ്വാസമോ, ആവേശമോ നൽകാൻ പര്യാപ്തവുമായ യാതൊരു നയപ്രഖ്യാപനവും ചെയ്തതായി കാണാൻ സാധിച്ചിട്ടില്ല. ജനാധിപത്യത്തെയും സോഷ്യലിസത്തെയും പറ്റി പ്രാധാന്യമേറിയ ഒരു തീരുമാനം ഭുവനേശ്വരത്തുവച്ചു് കോൺഗ്രസ് എടുത്തുകാണുന്നുവെങ്കിലും ആ തീരുമാനം പ്രായോഗികമാക്കുവാനുള്ള യാതൊരുപരിപാടിയും ആസൂത്രണം ചെയ്തുകാണാത്തതിൽ ഞാൻ ഖേദിക്കുന്നു.

കേരളത്തെ നിർഭയമായി അലട്ടിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ യാതൊരു നിർദ്ദേശവും ഇതിൽ കാണുന്നില്ല. അഴിമതിയുടെ കുത്തുരംഗായിരിക്കുന്ന കേരളത്തെ ആ പിശാചിന്റെ പിടിയിൽനിന്നും രക്ഷിക്കാനുള്ള യാതൊരു പരിപാടിയും ഗവർണരുടെ പ്രസംഗത്തിൽ നിർദ്ദേശിച്ചുകാണുന്നില്ല. ശ്ലഷ്കവും, ഭാവനാശൂന്യവുമായ ഒരു പ്രഖ്യാപനമാണ് ഗവർണ്ണരാൽ നടത്തപ്പെട്ടതു് എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. കഠിനാദ്ധ്വാനം ചെയ്യുക, കാര്യമായ രീതിയിൽ ചെലവു ചുരുക്കുക, മതിയാംവണ്ണം മിച്ചം വയ്ക്കുക, കൂടുതൽ ത്യാഗം സഹിക്കുക എന്ന സന്ദേശസമാഹാരത്തോടുകൂടിയാണ് ഗവർണ്ണരുടെ പ്രസംഗം സമാപിപ്പിച്ചതു്. കഠിനമായി അദ്ധ്വാനിക്കാനുള്ള പ്രേരണയും പ്രചോദനവും ആ പ്രസംഗത്തിൽ എവിടെയെന്നു് ഞാൻ ചോദിക്കുകയാണു്. ചെലവു ചുരുക്കാനും മിച്ചം വയ്ക്കാനുമുള്ള ശ്ലഷ്കമായ ആഹ്വാനമല്ലാതെ, വരുമാനമില്ലാത്തപ്പോഴും ഉള്ള വരവുകൊണ്ടു് നിത്യവൃത്തി കഴിക്കുവാൻ നിവൃത്തിയില്ലാതെ വരുമ്പോഴും എങ്ങനെയാണു് മിച്ചം വയ്ക്കാൻ കഴിയുന്നതു്. പ്രതിദിനം കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന ജീവിതച്ചെലവിനു് പരിഹാരമാർഗ്ഗങ്ങൾ തേടിപ്പിടിക്കാതെ ചെലവു ചുരുക്കുക, മിച്ചം വയ്ക്കുക എന്ന ആഹ്വാനത്തിനു് എത്ര വിലയാണു് നാം കൽപ്പിക്കേണ്ടതു്? എന്റെ സ്നേഹിതൻ ശ്രീ. പി കെ. കുഞ്ഞു പറഞ്ഞതുപോലെ ഒരു ചടങ്ങു നിർവ്വഹണം ഗവർണ്ണരാൽ നടത്തപ്പെട്ട എന്നല്ലാതെ അതിൽ കവിഞ്ഞ യാതൊന്നും കാണുന്നില്ല. നാട്ടുകാർക്കു് ആശ്വാസവും ആവേശവും നൽകുന്ന എന്തെങ്കിലും നയപ്രഖ്യാപനത്തിൽ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചവരെല്ലാം നിരാശപ്പെടുകയാണു് ചെയ്തതു്.

കാർഷികരംഗത്തോ, വ്യാവസായികരംഗത്തോ വിദ്യുച്ഛക്തി ഉല്പാദനത്തിലോ കാര്യമായ നേട്ടങ്ങളൊന്നും കാണാൻ സാധിക്കുന്നില്ല. കാർഷികരംഗത്തു് ഭക്ഷ്യോൽപ്പാദനം കാര്യമായി വർദ്ധിച്ചിട്ടില്ല. 1962-63-ൽ 1·42 ലക്ഷം ടൺ വർദ്ധനവുണ്ടെന്നു് പ്രസംഗത്തിൽ കാണുകയുണ്ടായി. 63-64-ൽ 12·30 ലക്ഷം ടൺ വർദ്ധനവുണ്ടാക്കുമെന്ന പ്രതീക്ഷ മാത്രമേ കാണുന്നുള്ളു. 64-65-ൽ 13·61 ലക്ഷം ടൺ ആകുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ മൊഹിസീൻബിൻ അഹമ്മദ്]

വിദ്യാഭ്യാസരംഗം ആകെ താറുമാറായി കിടക്കുകയാണ്. 1968–64–ലെ സ്റ്റാഫ് ഫിക്സേഷൻ അപ്രായോഗികവും നിർദ്ദയവുമായ നിയമാവലികളാൽ ജനങ്ങളിൽ ഉളവാക്കിയിട്ടുള്ള ഭീതിയും, അപ്രീതിയും നിരാശയും ഭയങ്കരമാണ്. ഒരു ഭാഗത്തു് വിദ്യാഭ്യാസനിലവാരം താണതാണു പോകുന്നുവെന്നു് ഒരാരോപണം. അതിനുള്ള പരിഹാരമാർഗ്ഗമോ അതിവിചിത്രം. Pupil teachers ratio 40-ൽ നിന്നു് 45 ആക്കി വർദ്ധിപ്പിക്കുകയും, 45-ൽനിന്നു് 50 ആക്കുകയും ചെയ്തിരിക്കുകയാണു്. പിന്നെ എങ്ങനെ വിദ്യാഭ്യാസനിലവാരം ഉയരും ?

അധികാര വികേന്ദ്രീകരണം ലക്ഷ്യമാക്കിക്കൊണ്ടു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുതന്നെ പുനരാവിഷ്ക്കരിക്കപ്പെട്ടു. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെന്നെ ഒരു വിഭാഗം ഉദ്യോഗസ്ഥന്മാരെ പടച്ചുണ്ടാക്കി. സ്റ്റാഫ് ഫിക്സേഷനെ സംബന്ധിച്ച അപ്പീലുകളെല്ലാം കേൾക്കാനുള്ള അധികാരവും അവരിൽ നിക്ഷിപ്തമായി. എന്നിട്ടോ കഴിഞ്ഞ ജൂൺ അവസാനത്തിൽ കൊടുത്ത അപ്പീലുകൾ ഇതുവരെ യാതൊരു തീരുമാനവും എടുക്കാതെ ഈ ആഫീസ്സിൽ കെട്ടിക്കിടക്കുന്നു എന്ന വാസ്തവം ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇങ്ങനെ ഏതൊരു ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയാണെങ്കിലും അതൃപ്തിയും നിരാശയുമേ നമുക്കു് അനുഭവിക്കാൻ കഴിയുന്നുള്ളൂ. വിദ്യുച്ഛക്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നു വർദ്ധിപ്പിക്കുന്നു എന്നു പറയുകയല്ലാതെ നമുക്കു് എന്താണു് ഇതുവരെയായി ഉണ്ടായിട്ടുള്ളതെന്നു് ഞാൻ ചോദിക്കുകയാണു്. ചെറുകിടവ്യവസായങ്ങളെ വികസിപ്പിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും വേണ്ടി എല്ലാ കഴിവുകളും നാം വിനിയോഗിക്കേണ്ട ഈ ഘട്ടത്തിൽ 40 ശതമാനം വിദ്യുച്ഛക്തികട്ടു് ആണു് നമുക്കു് അനുഭവപ്പെടുന്നതു്.

വിദ്യാഭ്യാസാഭിവൃദ്ധിയാണു് നമ്മുടെ ലക്ഷ്യമെന്നു പറയുന്നുണ്ടെങ്കിലും ഒരു ഹൈസ്കൂളോ, ഒരു എൽ. പി. സ്കൂളെങ്കിലുമോ അപ്ഗ്രേഡ് ചെയ്യുവാൻ കഴിഞ്ഞ കൊല്ലം ഗവണ്മെൻറിനു സാധിച്ചുവോ എന്നു ഞാൻ ചോദിക്കുകയാണു് ? സ്കൂളുകൾ തുടങ്ങുവാനും എൽ. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാനുമുള്ള പണം അടച്ചു് ഹർജികൾ വാങ്ങുകയല്ലാതെ എത്ര പുതിയ സ്കൂളുകൾ തുടങ്ങുവാൻ നമ്മുടെ ഗവണ്മെൻറിനു സാധിച്ചു എന്നു ഞാൻ ചോദിക്കുകയാണു്.

ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു് വീടു നിർമ്മാണത്തിനു് സഹായം ചെയ്യുവാനുള്ള ഹർജികൾ അയപ്പിക്കുകയല്ലാതെ എത്രപേർക്കു് ധനസഹായം നൽകി എന്നു് ഞാൻ ഗവണ്മെൻറിനോടു് ചോദിക്കുകയാണു്. ഈ ഇനത്തിൽ എത്ര സംഖ്യ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചു, എത്ര സംഖ്യ വിതരണം ചെയ്തു, എത്ര സംഖ്യ ലാപ്സായിപ്പോയി എന്നു ഞാൻ ഗവണ്മെൻറിനോടു് ചോദിക്കട്ടെയോ ? ഇതിനെല്ലാം വേണ്ടതായ പരിഹാരം ചെയ്യാൻ ഗവണ്മെൻറു് തയ്യാറില്ലെങ്കിൽ തീർച്ചയായിട്ടും അതിനുള്ള അനുഭവം അവർക്കുണ്ടാകും. "അവർ വിതച്ചു വിത്തു് അവർതന്നെ കൊയ്യും" എന്ന പ്രകൃതിയുടെ അലംഘനീയമായ വിധിയെ ഞാൻ അവരെ ഓർമ്മപ്പെടുത്തിക്കൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. വയലാ ഇടിക്കുള : ബഹുമാനപ്പെട്ട ഗവർണർ ശ്രീ. വി. വി. ഗിരി അവർകളുടെ നയപ്രഖ്യാപന പ്രസംഗത്തെ അനുമോദിച്ചുകൊണ്ടു് ശ്രീ. വിശ്വനാഥൻ അവതരിപ്പിച്ച പ്രമേയത്തെക്കുറിച്ചു് രണ്ടുവാക്കു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഈ നാട്ടിൽ കഴിഞ്ഞ 1963–64-ൽ നമ്മുടെ സംസ്ഥാന ഗവണ്മെൻറിന്റെ നടപടികളെപ്പറ്റി വളരെ സംക്ഷിപ്തമായ ഒരു വിവരണം അതിൽ തന്നിട്ടുണ്ടു്. അതൊന്നും മനസ്സിലാക്കാതെ ആ ഭാഗത്തു നിന്നു് പറയുന്നതോക്കുമ്പോൾ ഞാൻ അത്ഭുതം കൂറുകയാണു്. 1964-65-ൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളെപ്പറ്റി ഒരു ചുരുങ്ങിയ വിവരണം അതിനകത്തു നൽകിയിട്ടുണ്ടു്. കാർഷിക രംഗത്തും വ്യാവസായികരംഗത്തും ഒക്കെ നമുക്കു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി ഞാനും നിങ്ങളും ബോധവാന്മാരായിരിക്കേണ്ടതാണു്. വിദ്യുച്ഛക്തിയുടെ കാര്യത്തിൽ എന്തുചെയ്തു എന്നു് ബഹുമാനപ്പെട്ട ചില സ്നേഹിതന്മാർ ചോദിച്ചു? ഒരു ദിവസംകൊണ്ടു് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു് എല്ലാവർക്കും അറിവുള്ള കാര്യമാണു്. നല്ല കാര്യങ്ങളും ചെയ്യുന്നതിനെ ഓർമ്മിച്ചുകൊണ്ടു് ആ ഭാഗത്തെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ ഇവിടെ നടക്കുന്നതു് എന്താണെന്നു മനസ്സിലാക്കണമെന്നു് ഞാൻ അവരോടു് അഭ്യർത്ഥിക്കുകയാണു്. ഈ മന്ത്രിസഭതന്നെ കഴിഞ്ഞവർഷം അനേകം പ്രൈമറി സ്കൂളുകളും, യു. പി. സ്കൂളുകളാക്കി മാറ്റിയിരിക്കുകയാണു്. ഈ പ്രതിരോധയത്നത്തിൽ, ചൈനയുടെ ആക്രമണ ഭീഷണി നിലവിലിരിക്കുന്ന ഈ സന്ദർഭത്തിൽ, ഗവണ്മെൻറും ജനങ്ങളും ഒരുമിച്ചുനിന്നുകൊണ്ടു് ചെയ്ത സഹായസഹകരണങ്ങളെപ്പറ്റി മറക്കാതെ സംസാരിക്കുന്നതു് ഒരിക്കലും ശരിയായിരിക്കുകയില്ല. അതുപോലെതന്നെ ഹോംഗാർഡ്സ്, വില്ലേജ് സന്നദ്ധസേന, നേഴ്സുമാരുടെ ആവശ്യത്തിനു് നേഴ്സിംഗ് സ്കൂൾ—കോളേജ് തുടങ്ങാൻപോകുന്നു—ഇങ്ങനെ വളരെയധികം നല്ലകാര്യങ്ങൾ ഈ ഗവണ്മെൻറ് ചെയ്തിട്ടുണ്ടു്. ലക്ഷക്കണക്കിനു് നമ്മുടെ ഡിഫൻസ് ഫണ്ടിലേയ്ക്കു് വിഹിതം നാം കൊടുത്തിട്ടുണ്ടു്. വിധവകൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ചെയ്യുന്ന സഹായങ്ങളും മറന്നുകളയുന്നതു് ഒരിക്കലും ശരിയായിരിക്കുകയില്ല. ഇങ്ങനെ അനേകം മണിക്കൂറുകൾ ഈ ഗവണ്മെൻറ് ചെയ്തിട്ടുള്ള നേട്ടങ്ങളെപ്പറ്റി പറയാൻകഴിയും. എസ്. എസ്. എൽ. സി. പാസ്സാകുന്ന വിദ്യാർത്ഥികളുടെ വലിയ സംഖ്യ കണക്കിലെടുത്തുകൊണ്ടു് 20–25–30–ാളം പ്രീയൂണിവേഴ്സിറ്റി ദ്വിവത്സര ഡിഗ്രികോഴ്സ് ഈ രാജ്യത്താകമാനം ഉണ്ടാക്കുന്നതിനുള്ള പരിപാടി ഈ ഗവണ്മെൻറ് യൂണിവേഴ്സിറ്റിയുമായി ആലോചിച്ചു ചെയ്തിട്ടുണ്ടു്. ഭുവനേശ്വരത്തു് സോഷ്യലിസം പാസ്സാക്കിയാലുടനെ സോഷ്യലിസം നടപ്പിലാക്കാൻ പ്രയാസമുണ്ടു്. കാലക്രമേണ അതു നടപ്പിൽ വരുത്താൻ ദൃഢനിശ്ചയമെടുത്തിരിക്കുകയാണു്. അതിനു് ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണു് കാൺഗ്രസ്സു്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാർ ഇന്നലെ പറഞ്ഞതു കേട്ടപ്പോൾ വാസ്തവത്തിൽ ഞാൻ ലജ്ജിക്കുകയാണു് ചെയ്തതു്. ഇവിടെ കാളേജു് ഉണ്ടാക്കി, ആശുപത്രിയുണ്ടാക്കി, ക്ഷയരോഗികൾക്കു് ബെഡ്ഡുണ്ടാക്കി ഇങ്ങനെയെല്ലാമുള്ള നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതിനെപ്പറ്റിയൊന്നും പറയാതെ വെറും നിസ്സാരകാര്യങ്ങളാണു് പ്രതിപക്ഷങ്ങൾ പറയുന്നതു്. ശ്രീമാൻ കൃഷ്ണയ്യർ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹം തനിച്ചു് സ്റ്റേറുകാർ ഓടിച്ചുകൊണ്ടുപോകുന്നതു് എന്റെ കണ്ണുകൊണ്ടു കണ്ടതാണു്. ഇന്നലെ ഇവിടെ പ്രതിപക്ഷം ചോദിക്കുന്നതുകേട്ടു, ഇൻഡ്യയിൽ ഏതെങ്കിലും ഒരു മന്ത്രി തനിച്ചു് സ്റ്റേറുകാർ ഓടിച്ചിട്ടുണ്ടോയെന്നു്? കൃഷ്ണയ്യർ ഓടിച്ചുകൊണ്ടുപോകുന്നതു് ഞാൻ നേരിൽ കണ്ടിട്ടുള്ളതാണു്. പ്രചരണത്തിനുവേണ്ടി എന്തും പറയാം. ശ്രീ. ചാത്തൻ മാസ്റ്റർ ചെയ്തതിനെപ്പറ്റി അന്നു ഞങ്ങളും പറഞ്ഞതിനു പ്രതികാരമായാണു് ഇപ്പോൾ ഇങ്ങനെയെല്ലാം പറയുന്നതു്. ശ്രീ. ഈ. പി. ഗോപാലൻ സംസാരിക്കുന്നതുകേട്ടാൽ ഈശ്വരാ, ഈ നിയമസഭയിൽ വരാൻ ഇടയായല്ലോ എന്നു് ഓർത്തു് ദുഃഖിക്കാതെ നിവൃത്തിയില്ല. ശ്രീ. പി. ടി. ചാക്കോയെ അറിയാവുന്ന ലക്ഷോപലക്ഷം ആളുകളും ഈ കേരളത്തിലുണ്ടു്. 114 മുതൽ കാൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള ഒരു ബഹുമാനപ്പെട്ട നേതാവാണു് അദ്ദേഹം. അദ്ദേഹം പോലീസ് വെരിഫിക്കേഷൻ നടത്തുന്നു. ട്രേപരിഷ്കരണബില്ലു് ഒരു വിഭാഗത്തിനു് വരുമാനമുണ്ടാക്കാൻവേണ്ടി പാസ്സാക്കിക്കൊടുത്തു എന്നൊക്കെ പറയുന്നുണ്ടു്. കുറ്റം വരാത്ത മനുഷ്യരില്ല. പക്ഷേ ഇതുപോലെ ആക്ഷേപകരമായ, അടിസ്ഥാനരഹിതമായ ആരോപണങ്ങളും വസ്തുതകളും പ്രതിപക്ഷപാർട്ടി തയ്യാറായതിൽ ദുഃഖിക്കുകയല്ലാതെ വേറെ നിവൃത്തിയൊന്നുമില്ല. ശ്രീ. പി. ടി. ചാക്കോയെ നേരിട്ടറിയാവുന്ന ഒരു വ്യക്തിയും ഇതു വിശ്വസിക്കുകയില്ല. അദ്ദേഹം വളരെ ഗൗരവമുള്ള ഒരു മനുഷ്യനാണു്. അദ്ദേഹത്തിന്റെ മുഖത്തു് വീരരസമാണു് തുളുമ്പുന്നതു്. 114 മുതൽ പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇരുന്നിട്ടുള്ള ആളുകൾക്കൊക്കെ അദ്ദേഹത്തെ നല്ലവണ്ണം അറിയാം. ഇവിടെ കൊണ്ടുവന്ന ആരോപണം എന്തൊക്കെയാണു? ചീഫ് മിനിസ്റ്ററുടെ പേരിൽ ട്രക്കു്, വ്യവസായമന്ത്രിയുടെ പേരിൽ വൈരമാല, അടിച്ച ആരോപണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വയലാ ഇടിക്കുള]

ങ്ങളം പിടിച്ചു കുലുക്കിനോക്കി എന്നിട്ട് വീണില്ല. അന്ധകാരം നിറഞ്ഞ കാർമേഘത്തിൽ രജതരേഖപോലെ ശോഭിക്കുന്ന ശ്രീ. പി. ടി. ചാക്കോയെ ക്കൊണ്ട് ശങ്കുറെ അടിച്ചുവീഴ്ത്താൻ ശ്രമിച്ചു, സാധിച്ചില്ല. പരാജയം പറഞ്ഞ സ്പോഴം ശ്രീ. ചാക്കോയെപ്പറ്റിയായി ആരോപണങ്ങളം. തൈക്കൽ, കർബലാ പ്രശ്നം ഇങ്ങനെ പലതും നോക്കി ; ഫലമുണ്ടായില്ല ; തുടങ്ങി, ലജ്ജാകരമായ ഈ ദുഷിച്ച ആരോപണങ്ങളം. ജർമ്മനിയിലെ നേതാക്കന്മാരെ തോൽപ്പിക്കുന്ന ലജ്ജാകരമായ പ്രചരണങ്ങളം. പത്രങ്ങളിൽ എഴുതി, ആളുകളം വിശ്വസി ച്ചില്ല, ശ്രീ. ചാക്കോയെ അറിയാവുന്ന ആളുകളം വിശ്വസിച്ചില്ല. നിങ്ങളംകൂടി, എനിക്കും നാട്ടുകാക്കും അമ്മപെങ്ങന്മാരുണ്ട്. അവരുമായി കാറിൽ സഞ്ചരി ച്ചിട്ടുണ്ട്. നിയമസഭയിൽ വന്നുകൊണ്ട് ഇത്തരം ആഭാസത്തരങ്ങളം വിളിച്ചു പറയുന്നതു തെറ്റാണ്. എനിക്ക് 56 വയസ്സു കഴിഞ്ഞു. 57 വയസ്സായി. ഈ ലോകത്തിൽ നടക്കുന്ന കാര്യങ്ങളൊക്കെ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. സർ, തൃശ്ശൂരിൽ അതിപ്രധാനമായ ഒരു പെരുനാളം നടക്കുന്ന അവസരത്തിൽ എന്തെങ്കിലും ചീത്ത ഉദ്ദേശത്തോടുകൂടി ഒരു സ്ത്രീയുമായി ആ പരിശുദ്ധദേവാല യത്തിന്റെ മുമ്പിൽക്കൂടി പതിനായിരക്കണക്കിനാളുകളുടെ മുമ്പിൽക്കൂടി ശ്രീ. പി. ടി. ചാക്കോ സഞ്ചരിച്ചു എന്നു പറഞ്ഞാൽ അതു് ആരെങ്കിലും വിശ്വ സിക്കുമോയെന്നു ഞാൻ ചോദിക്കുകയാണു്. അങ്ങനെ അദ്ദേഹത്തിനു് ചീത്ത ഉദ്ദേശത്തോടുകൂടിയാണെങ്കിൽ മറ്റു മാർഗ്ഗങ്ങളില്ലേ എന്നു് ഞാൻ ചോദിക്കുക യാണു്. അദ്ദേഹത്തിനു വേണമെങ്കിൽ രാത്രി ടാക്സി കാറിൽ 15 ഉറുപ്പിക കൊടുത്താൽ ഇന്നസ്ഥലത്തു വരണമെന്നു പറഞ്ഞാൽ നടക്കുന്ന ഈ ലോകത്തു് അങ്ങനെ ചെയ്യാതെ പതിനായിരക്കണക്കിനാളുകളുടെ മുമ്പിൽക്കൂടി, ഒരു വിശുദ്ധ ദേവാലയത്തിന്റെ മുമ്പിൽക്കൂടി തിരുകർത്തോമ്ലിക്കാസഭയിലെ ഒരംഗമായ ശ്രീ. ചാക്കോ ദുരുദ്ദേശത്തോടുകൂടി യാത്ര ചെയ്തു എന്നു പറയു മ്പോഴം അതിൽ ലജ്ജിക്കുകയല്ലാതെ മറ്റെന്താണു ചെയ്യാനുള്ളതു്. ഇതു വിശ്വസിക്കാൻ ഈ നാട്ടിൽ ആളുകളം ഉണ്ടാവുകയില്ല. ചൈനയുടേയും, പാകി സ്ഥാന്റെയും ആക്രമണഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭ ത്തിൽ, ഒരുമിച്ചിരുന്നു് നാട്ടുകാരുടെ ക്ഷേമത്തിനുവേണ്ടി വികസനപരിപാടി കളം ആവിഷ്കരിക്കേണ്ട ഈ അവസരത്തിൽ സുഹൃത്തുക്കളേ, ഞാൻ നിങ്ങളോടു് അപേക്ഷിക്കുകയാണു്, വെറുതെ കാടുകയറിയ പ്രക്ഷോഭണങ്ങൾക്കുടി തെര ഞ്ഞെടുപ്പിനെ ലക്ഷ്യമാക്കി പ്രവർത്തിപ്പിക്കരുതെന്നു്. നിങ്ങളംകൂടെയുണ്ടെങ്കിൽ പ്രഗത്ഭരായ കമ്മ്യൂണിസ്റ്റുപാർട്ടിയിൽപ്പെട്ട ആരെയെങ്കിലും കോട്ടയത്തോ. വാഴൂരോ നിറുത്തി ഒന്നു മത്സരിക്കാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണു്. കഴിഞ്ഞ കമ്മ്യൂണിസ്റ്റു മന്ത്രിസഭയിലെ ഒരംഗം ഇങ്ങനെ ഒരു രാത്രിയിൽ കാറിൽ ജനറൽ ആശുപത്രിയുടെ അടുത്തുചെന്നു് തല്ലുവാങ്ങിച്ച കാര്യം ആരും അറിയാത്തതല്ലല്ലോ. അതിനെക്കുറിച്ചു് അന്വേഷിച്ച പോലീസു് ഇൻസ്പെക്ടർ ഇന്നും ഡിപ്പാർട്ടുമെന്റിലുണ്ടു്. അദ്ദേഹം കമ്മ്യൂണിസ്റ്റു് മന്ത്രിസഭയിലെ ഒരു മന്ത്രിയായിരുന്നു. വളരെ ലജ്ജാകരമായതുകൊണ്ടു് ഞാൻ പേരു പറയുന്നില്ല. ഇതു് തെളിയിക്കാൻ ഞാൻ തയാറാണു്. അതെല്ലാം മറന്നുകൊണ്ടാണു് ഇപ്പോഴം സംസാരിക്കുന്നതു്. നാട്ടിന്റെ സംസ്കാരത്തേയും എന്റേയും നിങ്ങ ളുടേയും അന്തസ്സിനേയും ഓർത്തുകൊണ്ടു് ഈവക ആഭാസത്തരങ്ങളം കുറുക്കനെ പോലെ ഈ നിയമസഭാതലത്തിൽവന്നുനിന്നുകൊണ്ടു് ഓരിയിടാതിരിക്കാൻ വേണ്ടിയാണു് ഇതു പറയുന്നതു്. അതുകൊണ്ടു് സദയം ഈവക പ്രചരണതന്ത്ര ങ്ങളിൽനിന്നു് ദയവായി മാറി നമ്മുടെ നാട്ടിന്റെ അന്തസ്സു് പാലിക്ക ണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. സുഗതൻ : മാഡം. ഡെപ്യൂട്ടിസ്പീക്കർ, നമ്മുടെ കേരള സംസ്ഥാനത്തിലെ വ്യവസ്ഥാപിത ഭരണാധികാരിയായ ബഹുമാനപ്പെട്ട ഗവർണർ നടത്തുന്ന അഞ്ചാമത്തെ നയപ്രഖ്യാപന പ്രസംഗമാണു് ഇപ്പോഴം നമ്മുടെ ചർച്ചയ്ക്കു വിധേയമായിരിക്കുന്നതു്. ഇതിനു മുൻപുചെയ്ത നാലു പ്രസംഗങ്ങളിലേയും ഉള്ളടക്കം ഇവിടെ ആവർത്തിക്കണമെന്നു ഞാൻ ഉദ്ദേശിക്കു ന്നില്ല, എങ്കിലും ആ നാലുപ്രസംഗങ്ങളിലും ഗവണ്മെന്റിന്റെ പ്രവർത്തനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളെപ്പറ്റി പല പ്രഖ്യാപനങ്ങളും ഉണ്ടായിട്ടുണ്ട്. ഈ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളും പലതും അധഃപതനോന്മുഖമായിട്ടുണ്ട്. ഈ ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളിൽ വലിയ പ്രതീക്ഷയോടുകൂടി ഇരുന്ന ആളുകൾക്ക്, ഈ ഗവണ്മെന്റ് ജനങ്ങളോടു ചെയ്ത പ്രഖ്യാപനം ഒന്നൊന്നായി ലംഘിക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നതായിട്ടാണ് കാണുവാൻ കഴിഞ്ഞത്. മുസ്ലിംലീഗും, പി. എസ്സ്. പി.യും, കോൺഗ്രസ്സുംകൂടി ഒന്നിച്ചു ചേരുമെന്നു പറഞ്ഞു ജനങ്ങളുടെ വോട്ടു വാങ്ങി അധികാരത്തിൽവന്ന ഒരു ഗവണ്മെന്റാണിത്. ഈ ഗവണ്മെന്റ് അധികാരത്തിൽവന്നു പത്തുമാസം കഴിഞ്ഞപ്പോഴും മുസ്ലീംലീഗിനെ ആദ്യം പുറത്താക്കി. പിന്നീടു കുറെ കഴിഞ്ഞപ്പോഴും പി. എസ്സ്. പി.യെ പുറത്താക്കി, പി. എസ്സ്. പി.യുടെ നേതാവായിരുന്ന പട്ടം താണുപിള്ളയെ പഞ്ചാബു് ഗവർണ്ണരാക്കി മാറ്റി. അതോടുകൂടി പി. എസ്സ്. പി. പുറത്തായി. അതുകഴിഞ്ഞു് ഈ ഒരു കക്ഷി മാത്രം ചേർക്കാൻ തുടങ്ങിയപ്പോഴുണ്ടായ അനുഭവം എന്താണെന്നു് നമുക്കെല്ലാം അറിയാം. മറ്റാരും ഉപദ്രവിക്കാതെതന്നെ അവർതന്നെ അവരുടെ ശവക്കുഴി തോണ്ടുന്ന പ്രവർത്തിയാണു് ഇവർ തുടങ്ങിയതു്. കെ. പി. സി. സി. പ്രസിഡൻറായിരുന്ന ആളും ഇവിടത്തെ മുഖ്യമന്ത്രിയും തമ്മിലായിരുന്ന പ്രധാനമായ ഒരു മൽപിടിത്തം. മുഖ്യമന്ത്രി അഴിമതിക്കാരനെന്നു് കെ. പി. സി. സി. പ്രസിഡൻറും, അഴിമതിയില്ലെന്നു മുഖ്യമന്ത്രിയും വാദിക്കുവാൻ തുടങ്ങി. അവസാനം അതു് ഇൻഡ്യൻ പ്രധാനമന്ത്രിയുടെ തീരുമാനത്തിനു് വിട്ടുകൊടുത്തു. പ്രധാനമന്ത്രിയുടെ തീരുമാനവും വന്നു. ഓരോ രാഷ്ട്രീയപാർട്ടിയും യോജിച്ചുനിന്നുകൊണ്ടു് നമ്മുടെ ശത്രുവിനെ എതിർക്കേണ്ട അവസരത്തിൽ ഇവിടെ പാളയത്തിൽ പടയുണ്ടാക്കി ചേരിക്കുന്ന ആളുകളാണുള്ളതു്. ഇപ്പോൾ മി. ചാക്കോ പീച്ചിയിൽ പോയ ഒരു സംഭവവുംഉണ്ടായി. ആ സംഭവകഥ മുഴുവൻ ആവർത്തിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. അതിവിടെ സൂചിപ്പിക്കുക മാത്രമെ ചെയ്യുന്നുള്ളൂ. അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണരെക്കൊണ്ടു് ചെയ്യിച്ചിരിക്കുന്ന പ്രസംഗത്തിലെ ഒരു ഭാഗം ഞാനിവിടെ വായിക്കാം. ''നമ്മുടെ ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള അവകാശങ്ങളും, പുരോഗതിയും ഈ പ്രിയപ്പെട്ട മാതൃഭൂമിയുടെ ഏറ്റവും എളിയ കുടുംബത്തിനുപോലും ലഭ്യമാകത്തക്കവണ്ണം നമുക്കു നമ്മുടെ പ്രതിജ്ഞ—കഠിനമായി പ്രയത്നിക്കുക, ചെലവു കുറയ്ക്കുക, മിതിയാംവണ്ണം മിച്ചംവയ്ക്കുക, കൂടുതൽ ത്യാഗംസഹിക്കുക, എന്ന പാവനമായ പ്രതിജ്ഞ—സഗൗരവം പുതുക്കുന്നതിൽ നമുക്കു് ഒത്തുചേരാം.'' ഇതു് ആരെക്കൊണ്ടു് പറയിച്ചതാണു് എന്നു ഓർക്കണം. ഗവർണ്ണരെക്കൊണ്ടു് ചെയ്യിച്ച ഒരു പ്രസംഗത്തിലെ ഭാഗമാണിതു്. ബാങ്കു് എംപ്ലോയീസിനെ സംബന്ധിച്ചുണ്ടായ എവാർഡു് ഭേദപ്പെടുത്തിയതിൽ പ്രതിഷേധിച്ചു് കേന്ദ്രമന്ത്രിസ്ഥാനം രാജിവച്ചുപോന്ന ആളാണു് ഗവർണ്ണർ ഗിരി. 39 കൊല്ലത്തോളം ട്രേഡ്യൂണിയൻ രംഗത്തു് സേവനപാരമ്പര്യമുള്ള ഒരാളാണു് അദ്ദേഹം. ഈയിടെ ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി, തൊഴിലാളികളുടെ പണിമുടക്കുണ്ടാകുമ്പോഴും അങ്ങോട്ടു പോലീസിനെ അയയ്ക്കുന്നതെന്നു്. നിയമപരമായ T. U. സംഘടനകളും പ്രവർത്തിക്കുന്നതുകൊണ്ടാണു് തൊഴിലാളികൾക്കു് ഇന്നു് അവകാശങ്ങളും തടയപ്പെടുന്നതു്. ഇങ്ങനെ തോന്നുന്ന അഭിപ്രായങ്ങൾ വെട്ടിത്തുറന്നു് പറയുന്ന ഒരു മഹാനെക്കൊണ്ടാണു് ഇതു പറയിച്ചിരിക്കുന്നതു്. തെറ്റിദ്ധാരണയും, ഭരണകക്ഷിയിലുള്ള ചിന്നിപ്പിളർപ്പും ഈ മന്ത്രിസഭയുടെ ഒരു പ്രത്യേകതയാണു്. ഇരിക്കുന്ന കൊമ്പു വെട്ടുകയും സ്വന്തം ശവക്കുഴി തോണ്ടുകയുമാണു് ഈ മന്ത്രിസഭയുടെ നിരന്തരമായ ജോലി. ഇങ്ങനെയുള്ള ഒരു മന്ത്രിസഭയാണു് ഗവർണ്ണരെക്കൊണ്ടു് ഇങ്ങനെ പറയിപ്പിച്ചിട്ടുള്ളതെന്നു പ്രത്യേകം ഓർക്കേണ്ടതാണു്. അദ്ദേഹം അതറിയാതെയല്ലാ ഇങ്ങനെ പഞ്ഞിരിക്കുന്നതു്. ഭരണഘടനയിലെ 42—ാംവകുപ്പിൽ ഡയറക്ടീവ് പ്രിൻസിപ്പിളിൽ ചിലകാര്യങ്ങളും പറഞ്ഞിട്ടുണ്ടു്. തൊഴിലില്ലായ്മ ഉണ്ടായാൽ തൊഴിലില്ലാത്തവർക്കു് തൊഴിലുണ്ടാക്കിക്കൊടുക്കണമെന്നു അതിൽ പറഞ്ഞിട്ടുണ്ടു്. തൊഴിലില്ലാത്തവരുടെ ഒരു സംഘടനയുണ്ടാക്കി അവർക്കു് ജോലി കൊടുക്കണമെന്നു ആ ഡയറക്ടീവ് പ്രിൻസിപ്പിളിൽ പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു ഈ കൊച്ചു കേരളത്തിൽ തൊഴിലില്ലാത്ത ആരെങ്കിലും ജോലി ഉണ്ടാക്കികൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. സുഗതൻ]

ട്ടുണ്ടോ ? ചവറയിലെ മണ്ണുകമ്പനി തൊഴിലാളികളിൽ വളരെപ്പേർക്ക് ഇന്നു പണിയില്ലാതിരിക്കുകയാണു്. മുപ്പതിനായിരം ആളുകൾക്കു് തൊഴിൽ കൊടുത്തുകൊണ്ടിരുന്ന ഒരു വ്യവസായമാണു കയർ. തൊഴിലില്ലാതായിത്തീർന്ന കയർ വ്യവസായത്തിലെ തൊഴിലാളികൾക്കു് തൊഴിൽ കൊടുക്കണമെന്നു പറഞ്ഞു് പതിനാറു് തൊഴിലാളി യൂണിയനുകൾ സംഘടിതമായി പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായി ഈ ഗവണ്മെന്റു് അതേപ്പറ്റി അന്വേഷിക്കുന്നതിനു് മൂന്നു കമ്മിറ്റിയെ നിയോഗിച്ചു. അതിൽ ഒരു കമ്മിറ്റി ഒഴിച്ചു മറ്റു കമ്മിറ്റികൾ കൂടിയിട്ടേയില്ല. അങ്ങനെ തൊഴിലില്ലാതായ ആളുകൾക്കു് തൊഴിൽ ഉണ്ടാക്കിക്കൊടുത്തിട്ടില്ല. ഈ രീതിയിൽ നോക്കിയാൽ ഭരണഘടനയിലെ വ്യവസ്ഥതന്നെ ഈ ഗവണ്മെന്റു ലംഘിച്ചിരിക്കുകയാണെന്നു കാണാം. അതുപോലെ അനേകം ടെക്സ്റ്റയിൽ തൊഴിലാളികൾക്കു് ഇന്നു പണിയില്ലാതായി തീർന്നിട്ടുണ്ടു്. അങ്ങനെ ഈ രാജ്യത്തു് തൊഴിലില്ലാത്തവരായി 26 ലക്ഷത്തോളം ആളുകളുണ്ടു്. ഈ ആളുകൾക്കൊന്നും ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചുള്ള പരിരക്ഷ കിട്ടിയിട്ടില്ല. ചെറിയൊരു ഉദാഹരണം ഞാൻ പറയാം. ഈ കഴിഞ്ഞ മാസത്തിൽ ആലപ്പുഴ പി. എം. കമ്പനിയുടെ ബ്രാഞ്ചു് അടച്ചു പൂട്ടുവാൻ മാനേജർ കല്പന കൊടുത്തു. അവിടത്തെ ഹെഡ്ഡ് ആഫീസു് അടച്ചു പൂട്ടിയിട്ടു് കൊല്ലം രണ്ടായി. ന്യായമായ മാർഗ്ഗത്തിൽക്കൂടി ഈ തൊഴിൽകഴപ്പം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്നു ലേബർ ആഫീസറെ അറിയിച്ചു; അദ്ദേഹം ബന്ധപ്പെട്ട കക്ഷികളെ വിളിച്ചുകൂട്ടി ആലോചിച്ചു. വ്യവസായശാല അടച്ചുപൂട്ടുന്നതു ശരിയാണോ എന്നു തീരുമാനിക്കാനായി ആ തൊഴിൽത്തർക്കം അഡ്ജൂഡിക്കേഷനു വിട്ടു. അഡ്ജൂഡിക്കേഷനു വിട്ടയുടനെ മാനേജ്മെന്റു കമ്പനി അടച്ചുപൂട്ടി. അങ്ങനെ ആ വ്യവസ്ഥയും ലംഘിച്ചു. പിരിച്ചുവിട്ടവർക്കു് ഒരു കൊല്ലം ജോലി ചെയ്താൽ പതിനഞ്ചുദിവസത്തെ ശമ്പളം വീതം ആഫ് കാമ്പൻസേഷനായി കൊടുക്കേണമെന്നാണു നിയമം. മുപ്പതുകൊല്ലം ജോലിചെയ്ത ഈ കമ്പനിയിലെ തൊഴിലാളികൾക്കു് 15 മാസത്തെ ശമ്പളം കാമ്പൻസേഷനായിക്കിട്ടണം. അതിനു് മൂന്നുമാസത്തേതുമാത്രം കൊടുക്കാമെന്നാണു് മാനേജ്മെന്റു പറയുന്നതു്. ഇതു് നിയമവിരുദ്ധമാണു്. ഈ മുതലാളിയെ പ്രോസിക്യൂട്ടചെയ്യാൻ ഈ ഗവണ്മെന്റിനു നിയമമില്ലേ ? മുതലാളി നിയമം ലംഘിച്ചാൽ അവർക്കു് അനുകൂലം നില്ക്കുകയാണു് ഈ ഗവണ്മെന്റു ചെയ്യുന്നതു്. അങ്ങനെ തൊഴിലില്ലാത്തവർക്കു് തൊഴിൽ കൊടുക്കുന്നതിനുള്ള ഭരണഘടനയിലെ ഡയറക്റ്റീവ് പ്രിൻസിപ്പിൾ ഈ ഗവണ്മെന്റു ലംഘിച്ചിരിക്കുകയാണു്. ഈ രാജ്യത്തെ തൊഴിൽ കഴപ്പം സമാധാനപരമായി പരിഹരിക്കുന്നതിനു ഐ. ആർ. സി. കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടു്. ആ കമ്മിറ്റിയുടെ പ്രവർത്തനംകൊണ്ടു് തൊഴിലാളികൾക്കു് പറയത്തക്ക ഗുണമൊന്നും ലഭിക്കുന്നില്ല. അതിനെപ്പറ്റി കൂടുതലായി ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ലേബർവകുപ്പു ധനാഭ്യർത്ഥന ഇവിടെ ചർച്ചയ്ക്കുവരുന്ന അവസരത്തിൽ അതിനെപ്പറ്റിയെല്ലാം ഞാൻ പറഞ്ഞുകൊള്ളാം. ഐ. എൻ. ടി. യു. സി. ആയാലും, എച്ചു്. എം. എസ്സു്. ആയാലും, യു. ടി. യു. സി. യായാലും, എ. ഐ. ടി. യു. സി. യായാലും അവർ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങളെയെല്ലാം അവഗണിക്കുന്നതായ ഒരു നയമാണു് ഈ ഗവണ്മെന്റിനുള്ളതു്. കുറെനാൾ മുൻപു് ഓട്ടുകമ്പനി തൊഴിലാളികളുടെ പൊതുപണിമുടക്കുണ്ടായതിന്റെ പേരിൽ തൊഴിലാളി സ്ത്രീകളെ പോലീസു് മർദ്ദിച്ചു. അങ്ങനെ സ്ത്രീകളെ തല്ലിച്ച മുതലാളികളുടെ മേൽ നടപടികൾ എടുത്തതായി കാണുന്നില്ല. തൊഴിലാളികളുടെ നേരെ നന്ദികേടാണു് ഈ ഗവണ്മെന്റു കാണിക്കുന്നതെന്നു പറയാതെ തരമില്ല. ചൈനീസാക്രമണം ഉണ്ടായ അവസരത്തിൽ ഈ രാജ്യത്തെ തൊഴിലാളികൾ ഗവർണ്ണരുടെ അദ്ധ്യക്ഷതയിൽ ഒരു കാൺഫറൻസുവിളിച്ചുകൂട്ടി ചില തീരുമാനങ്ങൾ എടുത്തതിന്റെ ഫലമായി രണ്ടരക്കോടിരൂപയോളം പ്രതിരോധനിധിയിലേക്കു് സംഭാവന ചെയ്തു. അതേപ്പറ്റി ഒരക്ഷരം ഈ നയപ്രഖ്യാപനപ്രസംഗത്തിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് ഇനി ഒരു മിനിട്ടുകൂടിയേ യുള്ളൂ. കൂടുതൽ സമയം വേണമെന്നുണ്ടെങ്കിൽ പാർട്ടിക്ക് അനുവദിച്ചിട്ടുള്ള സമയത്തിൽനിന്നും കുറച്ചെടുക്കുകയേ നിവൃത്തിയുള്ളൂ അതിനും പാർട്ടിക്ക് സമ്മതമാണെങ്കിൽ എനിക്കു വിരോധമില്ല.

ശ്രീ. ആർ. സുഗതൻ : എനിക്ക് സമയം തന്നില്ലെങ്കിൽ അതു് ആലപ്പുഴക്കാരോടുചെയ്യുന്ന ഒരു വലിയ ദ്രോഹമായിരിക്കും.

ഡെ: സ്പീക്കർ ; ചെയറിൽ ഇരിക്കുമ്പോൾ പക്ഷപാതപരമായി ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. സുഗതൻ : ഈ രാജ്യത്തെ നിയമവാഴ്ച ഇന്നു അപകടത്തിലായിരിക്കുകയാണു്. നിയമവും, സമാധാനവും പാലിക്കേണ്ട ആംതന്നെ ഇന്നതു് ലംഘിച്ചിരിക്കുകയാണു്. നിയമത്തിന്റെ വേലി പൊളിക്കുന്നു മുട്ടാടു് കൊച്ചാടുകളോടു് വേലികെട്ടണമെന്നു പറഞ്ഞാൽ പറ്റുകയില്ല. നിയമവകുപ്പുമന്ത്രി ഇപ്പോഴും വേലി പൊളിച്ചിരിക്കുകയാണു്. ഞാങ്ങണ പത്തലിന്റെ വേലി ഉറയ്ക്കുകയില്ല.

നിയമം ഒരു കക്ഷിയുടേയും പ്രത്യേക സ്വത്തല്ല. ആരായാലും നിയമം അനുസരിക്കണം. പോലീസുവകുപ്പുമന്ത്രി ശ്രീ. പി. ടി. ചാക്കോയാണു് ഈ രാജ്യത്തെ ഏറ്റവും വലിയ നിയമ ലംഘകൻ; ജനാധിപത്യവിരോധി. ഇക്കാര്യം ഇന്നു് നാട്ടിലാകെ അങ്ങാടിപാട്ടായിരിക്കുന്നു. അദ്ദേഹം മന്ത്രി സ്ഥാനം രാജിവയ്ക്കുന്നതാണു് മാനത്തിനും, മര്യാദയ്ക്കും പാർലമെന്ററിവഴക്കത്തിനും ചേർന്നതു്. രാജിവയ്ക്കുമെന്നു് എനിക്കഭിപ്രായമില്ല. മന്ത്രിക്കസേരയുടെ മധുരത്തിൽ ലയിച്ചു് അദ്ദേഹവും കൂട്ടുകാരും അങ്ങനെ അള്ളിപ്പിടിച്ചിരിക്കുകയാണു്.

ഒരു കുതിരയെ പിടിച്ചു് നദീജലത്തിനു സമീപം കൊണ്ടുചെന്നു് നിറുത്താനേ നമുക്കു കഴിയൂ. വെള്ളം കുടിക്കണമെങ്കിൽ കുതിര വിചാരിക്കണം. അതുപോലെ രാജിവയ്ക്കണമെങ്കിൽ മി. ചാക്കോയ്ക്കു് തോന്നണം. അല്ലാതെ പൊതുജനാഭിപ്രായം മാനിച്ചതു ചെയ്കയില്ല. ഇങ്ങനെ ഇരുന്നു് തിരഞ്ഞെടുപ്പുകമ്പോഴം അതിന്റെ ഫലം അറിഞ്ഞുകൊള്ളട്ടെ.

മാഡം, ഇവിടെ സോഷ്യലിസത്തിന്റെ ബോഡും എഴുതിവച്ചുകൊണ്ടു് കള്ളന്മാരും, കരിഞ്ചന്തക്കാരും, സ്വജനപക്ഷപാതികളും, ജനദ്രോഹികളുംകൂടി ഭരിക്കുകയാണു്. രാജ്യത്തെ മുഴുവൻ ഇവർ നിക്ഷിപ്തതാൽപര്യക്കാക്കു് അടിയറ വച്ചിരിക്കുന്നു. സോഷ്യലിസം വരേണ്ടതുപോലെ—വരുത്തേണ്ടവരായ തൊഴിലാളിവർഗ്ഗം വരുത്താതെ—ടാറ്റായുടേയും ബിർളായുടേയും സോഷ്യലിസം കൊണ്ടുവന്നിട്ടു് ഫലമില്ല. ധനികരെ വീണ്ടും ധനികരാക്കുന്ന—പട്ടിണിക്കാരെ വീണ്ടും കൊടുംപട്ടിണിക്കാരാക്കുന്ന—ഇന്നത്തെ ''ഗോപബന്ധു നഗറിലെ'' സോഷ്യലിസം ആത്തരമാണു്. വിലക്കയറ്റവും, നികുതി വർദ്ധനവും, തൊഴിലില്ലായ്മയുമാണു് ഇന്നത്തെ സോഷ്യലിസം ജനങ്ങൾക്കു പ്രദാനംചെയ്യുന്ന ശാശ്വതമായ ദ്രോഹങ്ങൾ.

പാന്ഥരിലെ സംഭവത്തെപ്പറ്റി പരഞ്ഞപ്പോഴും തീരെ ഗൗരവമില്ലാതെ സൗമ്യമായ ഭാഷയിലാണു് പോലീസുമന്ത്രി സംസാരിച്ചുകേട്ടതു്. അങ്ങനെ പലതുടേയും മുമ്പിൽ താണുവീണു നിൽക്കേണ്ട ഒരു ഗതികേടു് ഒരു പോലീസു മന്ത്രിക്കു് ഉണ്ടാകുന്നതു് വളരെ കഷ്ടമാണു്. ''ചെയ്യരുതാത്തതു ചെയ്യുവനെങ്കിലും—ഇയ്യെന്നെത്തള്ളട്ടെ തമ്പുരാനെ''—എന്നു പറഞ്ഞു് മി. പി. ടി. ചാക്കോ മന്നത്തു പത്മനാഭന്റെ മുമ്പിൽ പഞ്ചപുഛമടക്കി നില്ക്കുന്നകാഴ്ച പരമദയനീയം തന്നെ. ഇതെല്ലാം കാണുമ്പോഴും ഇവിടെ മന്ത്രിസഭ എന്ന ഒരു ധൂമകേതു വേണ്ടായെന്നുതോന്നിപ്പോകുന്നു. മന്ത്രിസ്ഥാനത്തു് കയറിച്ചെല്ലുന്നവരുടെ മനുഷ്യത്വം മരവിച്ചുപോകുന്നതായിട്ടാണനുഭവം ഈ കേരളത്തിൽ.

അടുത്തതായി വിലക്കയറ്റത്തിന്റെ കാര്യമാണു് പറയാനുള്ളതു്. ചമ്പാവരി കിട്ടാത്തതുകൊണ്ടു് അരിക്ഷാമം വിലക്കുടിയിരുന്നു എന്നാണു് പറഞ്ഞിട്ടുള്ളതു്. ഗവർണ്ണർ നടത്തിയ രണ്ടാമത്തെ നയപ്രഖ്യാപനപ്രസംഗ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. സുഗതൻ]

ത്തിൽ ഒരുകാര്യം പറഞ്ഞിട്ടുണ്ട്. കൂടുതൽ അരി വരുത്താമെന്നു് പറഞ്ഞിട്ട ഒന്നും ചെയ്തിട്ടില്ല. ഇവിടെ അരിക്കു മാത്രമല്ല, മറെറല്ലാ സാധനങ്ങൾക്കും വിലക്കയറ്റം ഉണ്ടായിട്ടുണ്ടു്. ഇവിടെ പുറത്തു് നമുക്കു ഒരു കാൻറീൻ ഉണ്ടല്ലൊ. 50 പൈസയ്ക്കു് കിട്ടിയിരുന്ന ബുംസു് ഐക്കു് ഇന്നു് 55 പൈസയാണു് വാങ്ങിയതു്. മുട്ടയുടെ വിലകൂടി. 8 അണ വിലയുണ്ടായിരുന്ന ലൈഫ്ബായ് സോപ്പിനു് ഇന്നു് 55 പൈസ കൊടുക്കണം. അടുത്തമാസം പക്ഷെ 60 പൈസയായേക്കും. തുണിയുടെ കാര്യമാണെങ്കിൽ അളവുതന്നെ ഇപ്പോഴും പുതിയ മീററർ സമ്പ്രദായത്തിലോ മറേറാ ആണു്. വാങ്ങുന്നവർ അവർ ചോദിക്കുന്ന വിലയും കൊടുക്കണം. ഒന്നേകാൽ രൂപയ്ക്കു് കഴിഞ്ഞ തവണ വാങ്ങിയ തോത്തിനു് ഇന്നു് ഒന്നേമുക്കാൽ രൂപയാണു് വില പറയുന്നതു്. അങ്ങനെ എല്ലാ സാധനങ്ങൾക്കും കൂടിയിരിക്കുകയാണു്. വിലക്കയറ്റത്തിനു് ആനുപാതികമായി ഡീയർമനസ് അലവൻസും കൂലിയും വർദ്ധിപ്പിച്ചുകൊടുക്കണമെന്നു് പറഞ്ഞാൽ കൊടുത്തുകഴിയും. നില അതാണു്. ഇങ്ങനെയുള്ള വിലക്കയറ്റമാണെങ്കിൽ അടുത്ത ഭാവിയിൽ നാം മുണ്ടിനുപകരം ലങ്കോട്ടികെട്ടി നടക്കേണ്ടിവരും. ജനാധിപത്യവിശ്വാസികളും, സോഷ്യലിസ്റ്റു വിശ്വാസികളും ലങ്കോട്ടി കെട്ടി നടക്കണമെന്നു വന്നാൽ എന്തായിരിക്കും സ്ഥിതി? സോഷ്യലിസം വരുത്തേണ്ടപോലെ വരുത്തിയാൽ കൊള്ളാം. അതിനിടയിൽ കള്ളനും കൊള്ളക്കാരനും കയറിയിരുന്നു് ജനങ്ങളുടെ ചോരകുടിക്കാനനുവദിക്കരുതു്. ഗവർണ്ണരെക്കൊണ്ടു ചെയ്യിച്ച ഈ നയപ്രഖ്യാപനപ്രസംഗത്തെ ഞാൻ ശക്തിയായി പ്രതിഷേധിക്കുന്നു. ഇങ്ങനെയൊരു പഞ്ചമഹാപാതകത്തിൽ ഈ ഭരണകക്ഷി ബഹുമാനപ്പെട്ട ഗവർണ്ണറെക്കൂടി പങ്കാളിയാക്കിയതിൽ എനിക്കു് ഖേദമുണ്ടു്. ഇപ്പോഴും ഇത്രയുമേ പറയുന്നുള്ളു. മറു കാര്യങ്ങളും പിന്നീടു പറഞ്ഞുകൊള്ളാം. ശ്രീ. വിശ്വനാഥൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. സക്കാരിൻറെ തൊഴിൽനയങ്ങളുടെ പാപ്പരത്തത്തേയും നിയമവാഴ്ചയുടെ തകച്ചയേയും, വിലക്കയറ്റത്തേയും പററിയുള്ള ഭേദഗതികളാണു് ഞാൻ അവതരിപ്പിച്ചതു്. ഏതാണ്ടു 42 കൊല്ലം മുമ്പു് കുമാരനാശാൻ ഈ രാജ്യത്തു് നിയമം തകർത്ത ജഡ്ജിയെ ചൂണ്ടി ഒരു കവിത എഴുതിയിട്ടുണ്ടു്. അതിലെ ആദ്യത്തെ ശ്ലോകം ഇതാണു്:

> ''ആഹാ നിർമ്മല നീതിപീഠപരമേ നിന്മേൽ ദുരാത്മാവൊരാൾ
> സാഹങ്കാരമിരിപ്പതെങ്ങിനെ സഹിച്ചീടുന്നുകണ്ടീജനം
> ഊഹിച്ചാലാ നിയമജ്ഞപീഠമതിലോരാ ഹീനനാണി ശുനികൻ
> മോഹിക്കാം പതിദേവതൻ വിമലമാം പൂമെത്ത ധൂർത്തൻ—പിടൻ''

ആ കവിതയിലെ കവിയുടെ ദീർഘവീക്ഷണം ഇന്നും അർത്ഥവത്തായിരിക്കുന്നു. അതിനു് മഹത്വം സൃഷ്ടിക്കാനായി ത്യാഗം സഹിച്ച പോലീസുമന്ത്രി സാഹിത്യത്തിനു് ഒരു സംഭാവനയാണു് ചെയ്തതെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഗവണ്ണർ അവർകളുടെ പ്രസംഗത്തിനു ശ്രീ. കെ. കെ. വിശ്വനാഥൻ അവതരിപ്പിച്ച നന്ദി പ്രമേയത്തിനു ഭേദഗതി നേരത്തെ അവതരിപ്പിച്ചുകൊണ്ടാണു് ഞാനിപ്പോഴും സംസാരി
11 A.M.] ക്കുന്നതു്. ഒരു ചടങ്ങു് എന്ന നിലയിൽ ഗവർണ്ണരുടെ പ്രസംഗം നടത്തിയെന്നതിൽ കവിഞ്ഞു് ആ പ്രസംഗത്തിനു് എന്തെങ്കിലും വില കല്പിക്കുന്നുണ്ടോ എന്ന കാര്യത്തിൽ വളരെ ഏറെ സംശയമുണ്ടു്. ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ വീർപ്പുമുട്ടിക്കുന്ന നിത്യോപയോഗ സാധനത്തിൻറെ വിലക്കയറ്റത്തെപ്പററി ശ്രീ. സുഗതൻ വളരെ വ്യക്തമായി സംസാരിക്കുകയുണ്ടായി. കഴിഞ്ഞകൊല്ലം ജനുവരി 4-ാം തീയതി ഗവർണ്ണർ ചെയ്ത പ്രസംഗവും ഇക്കൊല്ലം ചെയ്ത പ്രസംഗവും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തി നോക്കിയാൽ ഒരു കാര്യം വെളിവാകും. കഴിഞ്ഞകൊല്ലത്തെ പ്രസംഗത്തിൽ നമ്മുടെ രാജ്യത്തെ ഏറവും പ്രധാനപ്പെട്ട ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു കേന്ദ്രഭക്ഷ്യമന്ത്രി ശ്രീ. പട്ടീൽ ഒരു ബഫർസ്റ്റോക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇടയിടെ വരുന്നതിനു സമ്മതിച്ചിരിക്കുന്നു എന്നും അതിനാവശ്യമായ നടപടി കളും നടത്തുമെന്നും പറഞ്ഞിരുന്നതാണു്. എന്നാൽ അതിനുശേഷം, എല്ലാ മാസങ്ങളിലും തുടർച്ചയായി സാധനങ്ങളുടെ വില കൂടിക്കൊണ്ടിരുന്നിട്ടും ഈ ഒരു വർഷക്കാലത്തിനുള്ളിൽ ആ പ്രസംഗത്തിൽ പറഞ്ഞതനുസരിച്ചു് യാതൊന്നും നടത്തിയിട്ടില്ലെന്നു കാണാൻ കഴിയും. ഇതാണു ഗവർണ്ണരുടെ പ്രസംഗത്തിനു കൊടുക്കുന്ന വില. അങ്ങനെ ഗവർണ്ണരെക്കൊണ്ടു് അവാസ്തവ പ്രസ്താവന ചെയ്യിപ്പിക്കുന്നതിനു് ഈ ഗവണ്മെന്റു് മടി കാണിച്ചിട്ടില്ല. നമ്മുടെ സെൻട്രൽ ജയിലിൽ ഏറ്റവും വലിയ മോഷണം നടത്തിയ ആളിനെയാണു മോഷണക്കാരുടെയിടയിൽ കൺവിക്റ്റു വാർഡർ ആക്കുന്നതു്. അതുപോലെതന്നെ കൊലപാതകം നടത്തി വളരെ വർഷം ശിക്ഷ വാങ്ങിച്ചിട്ടുള്ളവരേയും അങ്ങനെ പ്രധാനികളാക്കും. അതുപോലെയാണു് ഈ മന്ത്രിമാരും. 'കൊമ്പൻ പോയ പുറകെ മോഴയും' എന്നു പറഞ്ഞതുപോലെ ശ്രീ. കുഞ്ഞാമ്പു നമ്മുടെ ഗവർണ്ണരെക്കൊണ്ടു് അസത്യപ്രസ്താവന ചെയ്യിക്കേണ്ടതില്ലായിരുന്നു എന്നാണു് എനിക്കു പറയുവാനുള്ളതു്. ഇവാല്യുവേഷൻ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകളും നടപ്പിൽ വരുത്തിയിട്ടുണ്ടെന്നു പ്രസംഗത്തിൽ പറയുന്നുണ്ടു്. ആ ഭാഗത്തു് ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു് :

> 'My Government have passed orders on the various recommendations of the Evalution Committee. Government trust that these measures would contribute significantly to the advancement of depressed classes.'

ഈ അസംബ്ലിയിൽത്തന്നെ, കഴിഞ്ഞ സമ്മേളനത്തിൽ ഇവാല്യുവേഷൻ കമ്മിറ്റിയുടെ ശുപാർശകളും ഏതെല്ലാം നടപ്പിൽ വരുത്തി എന്നു ചോദിച്ചതിനു് മന്ത്രി ചിലതെല്ലാം നടപ്പിൽ വരുത്തിയെന്നു മറുപടി പറയുകയും അങ്ങനെ നടപ്പിൽ വരുത്തിയിട്ടില്ലെന്നു ശ്രീ. ഈ. പി. ഗോപാലനും മറ്റു ചില മെമ്പറന്മാരും പറയുകയും ചെയ്തു. അവസാനം ആ അസംബ്ലിയിൽത്തന്നെ മന്ത്രി മറുപടി തിരുത്തിയിട്ടുണ്ടു്. അതിനുശേഷമാണു് ഈ പ്രസംഗം തയാറാക്കിയിട്ടുള്ളതു്. ഇവാല്യുവേഷൻ കമ്മിറ്റിയുടെ ശുപാർശകളിൽ ഒരു നയാപൈസയെങ്കിലും ചെലവുവരുന്ന യാതൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമോ, പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമോ കമ്മിറ്റി ചെയ്ത യാതൊരു ശുപാർശകളും നടപ്പിൽ വരുത്തിയിട്ടില്ല. നേഴ്സറി സ്കൂളുകൾ സ്ഥാപിക്കണമെന്നു ശുപാർശ ചെയ്തിരുന്നു. നടപ്പിൽ വരുത്തിയിട്ടില്ല. കുട്ടികൾക്കു കൊടുക്കുന്ന ലംപ് സം ഗ്രാന്റും, സ്റ്റൈപ്പെൻഡും വർദ്ധിപ്പിക്കണമെന്നു ശുപാർശ ചെയ്തിരുന്നു. അതുപോലെതന്നെ കോളേജ് വിദ്യാർത്ഥികൾക്കു കൊടുത്തുകൊണ്ടിരുന്ന സ്റ്റൈപ്പെൻഡു് വർദ്ധിപ്പിക്കണമെന്നും ശുപാർശ ചെയ്തിരുന്നു. ഇതു വല്ലതും നടപ്പിൽ വരുത്തിയോ ? അതുപോലെതന്നെ കൃഷിയുടെ കാര്യത്തിനും മറ്റും ഹരിജനങ്ങൾക്കു് ധനസഹായം നൽകുന്നതിനുള്ള ഒട്ടധികം ശുപാർശകളും ഉണ്ടായിരുന്നു. ഇതിൽ ഏതെങ്കിലും നടപ്പിൽ വരുത്തിയോ ? ഇവരുടെയിടയിൽനിന്നു ബി. എ. യും മറ്റും പാസ്സായിട്ടുള്ളവർക്കു പോസ്റ്റു ഗ്രാഡുവേറ്റു് കോഴ്സിനു പോകാൻ ഒക്കാത്ത ഒരു നിലയാണുള്ളതു്. അങ്ങനെ ഡിഗ്രി സമ്പാദിച്ചിട്ടുള്ളവർക്കു് എം. എ, എം. ഡി. തുടങ്ങിയ പോസ്റ്റു ഗ്രാഡുവേറ്റു് കോഴ്സുകൾക്കു പോകുന്നതിനു് ആവശ്യമായ നടപടിയെടുക്കണമെന്നു ശുപാർശ ചെയ്തതിൽ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ? ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു് പുനസ്സംഘടിപ്പിക്കണമെന്നു ശുപാർശ ചെയ്തിരുന്നു. ഡിസ്ട്രിക്റ്റു വെൽഫെയർ ആഫീസർമാരുടെ ശമ്പള സ്കെയിൽ 200—500 ആയി ഉയർത്തണമെന്നും താലൂക്കു് വെൽഫെയർ ആഫീസർമാരുടെ സ്കെയിൽ 100—200 ആക്കണമെന്നും ശുപാർശ ചെയ്തിരുന്നു. ഇതിൽ ഏതെങ്കിലും നടപ്പിൽ വരുത്തിയോ അതുപോലെതന്നെ ഈ വെൽഫെയർ ആഫീസിലുള്ള ലോവർ ഡിവിഷൻ ക്ലാർക്കന്മാരുടെ പോസ്റ്റിൽ നിയമനം നടത്തണമെന്നും ശുപാർശ ചെയ്തിരുന്നു. അതു നടപ്പിൽ വരുത്തിയോ ? അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

യാതൊന്നും നടപ്പിൽ വരുത്താതെ, സത്യവിരുദ്ധമായ പ്രസ്താവന ഗവർണ്ണരുടെ പ്രസംഗത്തിൽ മന്ത്രി ഉൾക്കൊള്ളിക്കുകയാണു ചെയ്തിട്ടുള്ളതു്. ഈ ഗവണ്മെൻറു് വന്നതിനുശേഷം കഴിഞ്ഞ നാലുകൊല്ലത്തെ പ്രവർത്തനംമൂലം ഹരിജനങ്ങൾക്കു് ചെയ്തിട്ടുള്ളതെന്താണു്? നാട്ടിൽ അങ്ങോളമിങ്ങോളം അധഃകൃതവർഗ്ഗ ലീഗിൻറെ ഒരു സംഘടനയുണ്ടാക്കിയിട്ടുണ്ടു്. ഈ രാജ്യത്തെ ഹരിജനങ്ങളെ കണ്ണുംചെയ്തു തള്ളിയ നേതാക്കന്മാരെ ചേർത്തുകൊണ്ടാണു് ആ സംഘടന ഉണ്ടാക്കിയിട്ടുള്ളതു്. അവരിൽനിന്നു് ഡിസ്ട്രിക്റ്റു് അഡ്വൈസറി കമ്മിറ്റിയിലേക്കും മറ്റും അംഗങ്ങളായി എടുത്തിട്ടുണ്ടു്. ഈ അംഗങ്ങളുടെ ജോലി എന്താണു്? ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിനെ ഇവരുടെ കറവപ്പശുവാക്കി മാറ്റിയിരിക്കുകയാണു്. ഈ അഡ്വൈസറി കമ്മിറ്റി മെംബറന്മാരുടെ ശുപാർശകളനുസരിച്ചാണു വീടുകളും അനുവദിക്കുക. അതിനു് കയ്ക്കൂലി വാങ്ങും.

ശ്രീ. കെ. കുഞ്ഞമ്പു: ബഹുമാനപ്പെട്ട മെമ്പറും അതിൽ ഉൾപ്പെടുകയില്ലേ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഞാനും മെമ്പറാണു്. ഈ സമ്പ്രദായം കണ്ടുകൊണ്ടു് ആലപ്പുഴ ജില്ലയിൽ നടുക്കിട്ടു് എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുകയും അങ്ങനെ നടുക്കിട്ടെടുത്തു് മാവേലിക്കരയിൽ വീടുകളും കൊടുക്കയും ചെയ്തിട്ടുണ്ടെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഡിസ്ട്രിക്റ്റു് ഹരിജൻ വെൽഫെയർ കമ്മിറ്റികളും ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻറെ പ്രവർത്തനത്തെ അധഃപതിപ്പിക്കുകയാണു് ചെയ്യുന്നതു്. ഇനി അവരുടെ വെൽഫെയർ പ്രവർത്തനങ്ങളെപ്പറ്റികൂടി അറിയേണ്ടതുണ്ടു്. വീടുകളിൽ കയറി പോകാറുണ്ടു്. അവരുടെ സംസ്ക്കാരനിലവാരത്തെപ്പറ്റി പറയാൻ വളരെ ഖേദമുണ്ടു്, സ്ത്രൈണനൽ പാസ്സായ പെൺകുട്ടികളോ, കോളേജു് അഡ്മിഷൻ വേണ്ട പെൺകുട്ടികളോ ഉള്ള വീടുകളിൽ കയറി അവർക്കു് വേണ്ട സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കാമെന്നു് പറഞ്ഞു അവരെ പിഴപ്പിക്കുന്ന ജോലിയാണു് ഈ കമ്മിറ്റി മെമ്പറന്മാർ നടത്തുന്നതു്. ഉദാഹരണങ്ങളും എത്ര വേണമെങ്കിലും പറയാനുണ്ടു്. അതിലേക്കു് ഞാൻ കടക്കുന്നില്ല. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നു് വിദ്യാഭ്യാസനിയമത്തിലെ 11-ാം വകുപ്പു് ഭേദഗതി ചെയ്തതോടുകൂടി ഈ രാജ്യത്തെ പിന്നാക്കസമുദായക്കാർക്കു് എതിരായി ആക്രമണം ആരംഭിച്ചിരിക്കുകയാണു്. ഇപ്പോൾ സാങ്കേതിക കോളേജുകളിൽ പ്രവേശനത്തിനുള്ള റിസർവേഷൻ എടുത്തുകളഞ്ഞു. സർവീസിലുള്ള റിസർവേഷൻ സംബന്ധിച്ചു് കോടതിയിൽ റിട്ടു പോയിരിക്കുകയാണു്. ഈ കാര്യത്തിൽ എന്തു് ഉറപ്പുനൽകാമെന്നു് പറഞ്ഞിട്ടില്ല. ഇന്നും ചോദ്യോത്തരവേളയിൽ ഈ പ്രശ്നം വന്നതാണു്. അപ്പീൽ കൊടുത്താൽ അതങ്ങനെ നീണ്ടുപോകും. ഇതിലേക്കു് ഭരണഘടന ഭേദഗതി ചെയ്യണമെങ്കിൽ അതിനു് കേന്ദ്രഗവണ്മെൻറിനോടു് ആവശ്യപ്പെടണം. അങ്ങനെ ഭരണഘടന ഭേദഗതി ചെയ്തു് അവർക്കു് ആവശ്യമായ സംരക്ഷണം കൊടുക്കണം. കഴിഞ്ഞ കാലത്തെ പ്രാതിനിധ്യം പരിഗണിച്ചശേഷം ഇന്നു് റിസർവേഷനിൽനിന്നും അവരെ ഒഴിവാക്കേണ്ട കാലമായിട്ടില്ലെന്നു് ഇവാല്വേഷൻ റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ടു്. അതെല്ലാം പരിഗണിക്കുന്ന ഒരു നിലപാടു് ഈ ഗവണ്മെൻറു് എടുത്തിട്ടില്ല. പോലീസു് വെരിഫിക്കേഷൻറെ കാര്യം നോക്കിയാൽ ഈ രാജ്യത്തു് അതുകൊണ്ടുള്ള ദോഷം ഏറ്റവും കൂടുതൽ അനുഭവിക്കുന്നതു് ഹരിജനങ്ങളും പിന്നാക്കസമുദായങ്ങളുമാണെന്നുള്ള കാരണം. സക്കിം ഇൻസ്പെക്ടറാണു വെരിഫിക്കേഷൻ നടത്തുന്നതെന്നു പറയുന്നു. ഇതു കേട്ടാൽ തോന്നും നേരാണെന്നു്, പക്ഷേ, ഇതു് ഈ രാജ്യത്തു് പ്രായോഗികമാണോ? ഒരു സർക്കിൾ ഇൻസ്പെക്ടർക്കു് ഓരോ ആപ്ലിക്കൻറിനേറെയും കാര്യങ്ങൾ സത്യസന്ധമായി നേരിട്ടന്വേഷിച്ചു് അറിയാൻ കഴിയുമോ? ഇതിലേക്കു് അവരുടെ താഴെ ഹെഡ്കാൺസ്റ്റബിളിനെ നിയോഗിച്ചിട്ടുണ്ടു്. അവരാണു് അന്വേഷിക്കാൻ പോകുന്നതു്. അവർപോയി ആ താലൂക്കിലുള്ള കാൺഗ്രസ്സു് മണ്ഡലം കമ്മിറ്റി മെമ്പറന്മാരെയായിരിക്കും ആദ്യം കാണുക. അല്ലെങ്കിൽ അവിടെയുള്ള ഡി. സി. സി. മെംബറന്മാരെക്കാണും.

LIBRARY ARCHIVES Kerala Legislative Assembly

ആ സ്ഥലത്തുള്ള കാൺഗ്രസ്സ് ഏജൻറന്മാരെ കണ്ടുകഴിഞ്ഞാൽ അവർ ഈ ഉദ്യോഗാർത്ഥികളെക്കുറിച്ച് അന്വേഷണം നടത്തിയതായി വിവരം റിപ്പോർട്ട് ചെയ്യുക എന്നുള്ളതാണ്. അതിലേക്ക് ഈ ഉദ്യോഗാർത്ഥികളുടെ വീട്ടിലുള്ള ആടിനെയോ പശുവിനെയോ വിറ്റു ഇവർക്ക് കൈക്കൂലിയായി ഇരുപത്തിഅഞ്ചും, മുപ്പതും, അൻപതും രൂപായും കൊടുക്കുന്ന എത്രയും ഹീനമായ ഒരു സ്ഥിതിയാണ് ഇന്നുള്ളത്. എന്നിട്ട് ഈ ഏജൻറ് അങ്ങനെ വാങ്ങിക്കുന്നതുകയിൽ പകുതി ഹെഡ്കാൺസ്റബിളിനു കൊടുക്കും. പകുതി അയാളുടെ പാക്കറ്റിലും ഇടും. എന്നിട്ടാണ് പറയുന്നത്, ഞങ്ങൾ വെരിഫിക്കേഷൻ നടത്തുന്ന സർക്കിളും ഇൻസ്പെക്ടറെക്കൊണ്ടാണ് എന്നു്. അങ്ങനെ ഗവണ്മെൻറിൻെറ ഭാഗത്തായാലും അല്ലാതേയും അടിമുതൽ മുടിവരെ കൈക്കൂലിയും സ്വജനപക്ഷപാതവും; ഇങ്ങനെയൊക്കെയാണു നടക്കുന്നതു്. ഈ ഭരണത്തിൻകീഴിൽ പോലീസ് വെരിഫിക്കേഷനെ സംബന്ധിച്ചിടത്തോളം അങ്ങനെ അഴിമതിക്കുള്ള ധാരാളം പഴുതുകളുണ്ടു്. അതുമാത്രമാണു് ഇന്നു നടക്കുന്നതു്. അതുകൊണ്ടു് ഈ രാജ്യത്തെ ജനങ്ങളും അങ്ങേയറ്റം ഈ ഗവണ്മെൻറിൻെറ ഭരണത്തെ വെറുക്കപ്പെട്ടിരിക്കുകയാണു്. ഇന്നു് ഗവണ്മെൻറു് അഴിമതിയുടെ കൂത്തരങ്ങായി അധഃപതിച്ചിരിക്കുകയാണു്. ആത്തരം ഒരു ഗവണ്മെൻറിനെ മാറ്റുക എന്നുള്ളതല്ലാതെ എത്ര നിസ്സാരമായ കാര്യങ്ങളും നേടണമെങ്കിൽപ്പോലും ഇന്നു നിവൃത്തിയില്ലാതായിത്തീർന്നിരിക്കുകയാണു്. ഞാൻ ഈ അസംബ്ലിയിലേക്കു വരുന്ന അവസരത്തിൽ അതിൻെറ മുമ്പിൽ എന്താണു കണ്ടതു്. "അവകാശങ്ങളും നേടിയെടുക്കാൻ സമരം വേണോ സക്കാരെ "എന്നെഴുതിയിട്ടുള്ള ബോർഡുകളും പിടിച്ചുകൊണ്ടു് ട്രാൻസ്പോർട്ട തൊഴിലാളികളും അവിടെ സത്യഗ്രഹം അനുഷ്ഠിക്കുന്നു. അതുപോലെ ആയിരക്കണക്കിനു വിദ്യാർത്ഥികളും തിരുവല്ലാ മാർതോമ്മാ കോളേജിലേക്കു ഒരു ബസ് സർവ്വീസ് വേണമെന്നു ആറുമാസമായി പറഞ്ഞിട്ടും അതനുവദിച്ചില്ല. അതിൻെറ ഫലമായി ആ വിദ്യാർത്ഥികളും ബസ്സുകളും പിക്കറ്റുചെയ്തു. അവർക്കു കോളേജിൽ പോകാൻ ഉള്ള സൗകര്യത്തിനുവേണ്ടി കൂടുതൽ ബസ്സുകളും അനുവദിക്കണം എന്നു പറഞ്ഞതിനു അവരെ എന്തു ചെയ്തു. ഈ രാജ്യത്തെ പോലീസിനെ അവരുടെ മേൽ അഴിച്ചുവിട്ടില്ലേ. ഇങ്ങനെയുള്ള ഒരു ഗവണ്മെൻറിനു ഈ രാജ്യത്തു ഭരിക്കാൻ അവകാശമില്ല. അതുകൊണ്ടു ഞാൻ ഈ നന്ദിപ്രമേയത്തെ വളരെ ശക്തിയായി എതിർക്കുകയാണു് സർ.

ശ്രീ. കെ. ഹസ്സൻ ഗനി : സർ, ഞാൻ വളരെ ശ്രദ്ധയോടുകൂടി ഗവർണ്ണരുടെ പ്രസംഗം വായിച്ചു. എനിക്കു അതിൽ മുഴുവൻ കാണാൻ കഴിഞ്ഞതു അവ്യക്തതയും അതുമൂലം എന്നിൽ പരിഭ്രമവുമാണു് ഉളവായതു്. സർ, കേരളത്തിൽ ഭരണം നടത്തുന്ന മന്ത്രിമാർക്കും ഉദ്യോഗസ്ഥന്മാർക്കും ഇവിടെ എന്തു നടക്കുന്നു എന്നു അറിയേണ്ട കർത്തവ്യമുണ്ടു്. അതനുസരിച്ചു നടപ്പാക്കുന്നതായിരിക്കും ഒരു നയപ്രഖ്യാപനപ്രസംഗം. സർ, ദിവാൻഭരണകാലംതൊട്ടു് ഒരു ഹസൂർകച്ചേരി ഇവിടെയുണ്ടു്. അതിനോടുചേർത്തു് മുന്നാലു കെട്ടിടങ്ങളും നിർമ്മിച്ചുവെന്നും അവ പഴയതുപോലെതന്നെ നില്ക്കുന്നു എന്നുള്ള പ്രതീതിയാണു് എനിക്കുളവായതു്.

സർ, ഈ രാജ്യത്തു കൃഷി വളരെ മെച്ചമാണു് എന്നു ഗവർണ്ണർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സൂചിപ്പിക്കുന്നുണ്ടു്. പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനംകൊണ്ടു കൃഷി കുറെയൊക്കെ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടു് എങ്കിലും നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവിനെ സംബന്ധിച്ചു അദ്ദേഹം പറയുന്ന ഒരേ കാരണം, മദ്രാസിൽ അതിവൃഷ്ടി ഉണ്ടായതുകൊണ്ടാണെന്നാണു്. സർ, അതേഅവസരത്തിൽതന്നെ കേന്ദ്രകൃഷിവകുപ്പു മന്ത്രി ശ്രീ. എ. എം. തോമ്മസ് എറണാകുളത്തുവച്ചു ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി, കേരളത്തിനു അലോട്ടു ചെയ്തിരുന്ന ഏകദേശം 40,000-ത്തോളം ടൺ അരി കൽക്കട്ടായിലേക്കു അയയ്ക്കുണ്ടതു ആവശ്യമായി വന്നതുകൊണ്ടാണു് ഇവിടെ ക്ഷാമം ഉണ്ടായതു് എന്നു്. പരസ്പരവിരുദ്ധമായ രണ്ടു പ്രസ്താവനകളാണു് ഇതു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഹസ്സൻ ഗനി]

സർ, നമ്മുടെ രാജ്യത്തു ഇന്നു ക്യാഷ് ക്രോപ് സിന്റെ ഉൽപാദനവർദ്ധന കാര്യം ശരിയായി നോക്കുന്നുണ്ടോ എന്നു പരിശോധിച്ചാൽ ശരിയായ വിധത്തിൽ അതു അഭിവൃദ്ധിപ്പെടുത്താനുള്ള പരിശ്രമങ്ങൾ വളരെ വിരള മാണെന്നു കാണാം. കശുവണ്ടി വ്യവസായം ഇന്നു അധഃപതനത്തിലേക്കു നീങ്ങാൻ തുടങ്ങീട്ടുണ്ട്. കാരണം, ഇവിടെ ഈ വ്യവസായം നടത്തിക്കൊണ്ടു പോകാൻ ആവശ്യമായ കശുവണ്ടി ആഫ്രിക്കയിൽനിന്നു ഇറക്കുമതി ചെയ്യുന്നതാണു്. അങ്ങനെ ആഫ്രിക്കയിൽനിന്നുമുള്ള കശുവണ്ടിയുടെ ഇറക്കുമതി നില്ലാനാണിടയുള്ളതു്. ഇവിടെത്തന്നെ കശുവണ്ടിക്കു മോണാപ്പള്ളി നേടണമെന്നുണ്ടെങ്കിൽ തീർച്ചയായും കൂടുതൽ കശുമാവുകൃഷി ഈ രാജ്യത്തു നടപ്പാക്കണം. അതിനുവേണ്ടി ഈ ഗവണ്മെന്റു എന്തു ചെയ്യുന്നു എന്നു നാം അല്പം ചിന്തിക്കേണ്ടതായിട്ടുണ്ടു്. അതുപോലെതന്നെ ഇന്നു കപ്പ, തെങ്ങു് എന്നീ കൃഷികൾ സേലം മുതലായ പ്രദേശങ്ങൾ കൈഅടക്കി വച്ചിരിക്കുകയാണു്. ഈ രാജ്യത്തു കപ്പകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി കൃഷിക്കാർക്കു പ്രോത്സാഹനം നൽകേണ്ടതു എത്രയും ആവശ്യമാണു്. അതു് ഈ ഗവണ്മെന്റു ശരിയായി നിർവ്വഹിക്കുന്നില്ല.

വ്യവസായങ്ങളെപ്പറ്റി പറയുമ്പോൾ ഈ രാജ്യത്തു വ്യവസായരംഗത്തെ സംബന്ധിച്ചിടത്തോളം ഒരു നല്ല മാറ്റം വന്നിട്ടുണ്ടു് എന്നു അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ടു്. കുറെയൊക്കെ മാറ്റം വന്നിട്ടുണ്ടെന്നു ഞാനും സമ്മതിക്കുന്നു. പക്ഷെ, അതിൽനിന്നും ഉളവാകുന്ന അനുകൂലമായ അന്തരീക്ഷം ഏതു രൂപത്തിലായിരിക്കണം എന്നു നാം വളരെ ഏറെ ചിന്തിക്കേണ്ടതുണ്ടു്. ഈ രാജ്യത്തു എപ്പോഴും ആനുകൂല്യം തട്ടിയെടുക്കാൻ ഒരു വിഭാഗം ജനങ്ങൾ ഏതു സമയത്തും തയാറാണു്. കേന്ദ്രഗവണ്മെന്റു് ഭാരതമൊട്ടാകെ പൊതുമേഖലയിൽ കൂടുതൽ വ്യവസായങ്ങൾ ഉണ്ടാകണം എന്നു പറയുമ്പോൾ ഇവിടെ സ്വകാര്യ വ്യക്തികൾക്കു കൂടുതൽ കൂടുതൽ ലൈസൻസുകൾ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കൊടുക്കുന്നു എന്നു നമുക്കു കാണാൻ കഴിയും. ഇവിടെ ആറു വൻകിട വ്യവസായങ്ങൾക്കു ലൈസൻസു നൽകി, സാഹചര്യം അനുകൂലമാണെന്നുണ്ടെങ്കിൽ പത്തെണ്ണത്തിനുകൂടി ലൈസൻസു കൊടുക്കുമെന്നു ഗവർണ്ണരുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ജനങ്ങളുടെ സാമ്പത്തിക സ്ഥിതി കുറെയൊക്കെ മെച്ചപ്പെടുത്തുന്നതിനു തീർച്ചയായും പൊതുമേഖലയിൽ കൂടുതൽ വ്യവസായങ്ങൾ ഉണ്ടാകുന്നതു നമ്മുടെ ഭാവിക്കു നല്ലതാണു്. അതു് സ്വീകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, റേഷൻ വിതരണവും ലൈസൻസുകൾ കൊടുക്കലുംകൊണ്ടു ഇവിടെ സോഷ്യലിസം ഉണ്ടാകുമെന്നു് എനിക്കു വിശ്വാസമില്ല. പിന്നെ ഇവിടെ വിദ്യാഭ്യാസരംഗത്തു് ഇനിയും കൂടുതൽ പരിഷ്ക്കാരങ്ങൾ ഉണ്ടാകുന്നുണ്ടു് എന്നു പറഞ്ഞിട്ടുണ്ടു്. പ്രത്യേകിച്ചും, വിദ്യാഭ്യാസരംഗത്തുള്ള പരിഷ്കാരങ്ങളാണു്. ഈ പരിഷ്ക്കാരങ്ങൾ നമ്മുടെ വിദ്യാഭ്യാസമേഖലയെ കൂടുതൽ അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നു. സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇനിയും വിദ്യാഭ്യാസമേഖലയിൽ പരിഷ്ക്കാരങ്ങൾ ഉണ്ടാക്കാൻ പോകുന്നതായി സൂചിപ്പിച്ചിട്ടുണ്ടു്. സർ, സെക്കൻഡറി വിദ്യാഭ്യാസ രംഗത്തു പരിഷ്ക്കാരങ്ങളൊന്നുണ്ടാകാതെ കാളേജുവിദ്യാഭ്യാസത്തിന്റെ വർഷങ്ങൾ ഇങ്ങനെ വർദ്ധിപ്പിക്കുന്നതുകൊണ്ടു് എന്തു നേട്ടമാണു് ഉണ്ടാകാൻ പോകുന്നതെന്നു നാം പരിചിന്തിക്കണം.

പുതിയ സ്കൂളുകളും കാളേജുകളും ആരംഭിക്കുന്നതിനു അനുവാദം നൽകാൻ പോകുകയാണു്. സ്വകാര്യമേഖലയിൽ പ്രത്യേകം ചില സംഘടനകൾക്കു മാത്രമാണു് ഇങ്ങനെ സ്കൂളുകൾക്കും കാളേജുകൾക്കും അനുവാദം ലഭിക്കാൻ അർഹതയുള്ളതു് എന്നുള്ള മനോഭാവം ഗവണ്മെന്റു കളയണം. ഇവിടെ വിദ്യാഭ്യാസത്തിൽ വളരെ പിന്നാക്കം നില്ക്കുന്ന വളരെ ഏറെ സമുദായങ്ങളുണ്ടല്ലോ. അവക്കുംകൂടി ഉയരുന്നതിനു ഉതകുന്ന രീതിയിൽ ആയിരിക്കണം ഗവണ്മെന്റു ഈ സ്കൂളുകളും കാളേജുകളും അനുവദിക്കേണ്ടതു എന്നു ഞാൻ ഓർമ്മിപ്പിക്കുകയാണു്. വിദ്യാഭ്യാസ കാര്യത്തിൽ പിന്നാക്കം നില്ക്കുന്ന മുസ്ലീം സമുദായത്തിനു സ്കൂളുകൾ വളരെ വിരളമാണു്. മുമ്പു ചെയ്തിരുന്നതുപോലെ ഇൻഡിവിഡുവൽസിനു് ഈ സ്കൂളുകൾ അനുവദിച്ചു കൊടുക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ പിൽക്കാലത്തു അതു സംഘടനകളുടെ കീഴിൽ കൊണ്ടുവരുന്നതിനു മുസ്ലീം സമുദായത്തിനു കഴിയും. അതുകൊണ്ടു് അധികം സ്കൂളുകളും കോളേജുകളും ആ സമുദായത്തിൽപെട്ടവർക്കു നൽകുന്നതു് ഏറ്റവും കാണിയമായിരിക്കും.

സർ, മദ്യനിരോധനത്തെ സംബന്ധിച്ചിടത്തോളം ഒരൊറ്റ വാക്കുപോലും ഗവർണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടില്ല. ബാംബെയിൽ തന്നെയാണെങ്കിൽ മദ്യനിരോധനം ഒരു ഒഴുക്കിൽപ്പെട്ടു് ഇപ്പോൾ നട്ടം തിരിയുകയാണു്. ഈ ഒഴുക്കു് കേരളത്തിലും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്നാണു് മനസ്സിലാക്കുന്നതു്. നമ്മുടെ സംസ്ഥാനത്തിനു് ഉപയുക്തമായ ഒരു നില ഇക്കാര്യത്തിൽ ഗവണ്മെൻറു് എടുത്തു മദ്യനിരോധനം കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി ഗവണ്മെൻറു് എടുക്കേണ്ടതായിട്ടുണ്ടു്.

സർ, ഇന്നു ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിനെപ്പറ്റി വളരെ അധികം ഇവിടെ പറയുകയുണ്ടായി. കൊച്ചിയിലെ ഫെറി സർവ്വീസിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. സർ, വളരെക്കാലമായി നടത്തിക്കൊണ്ടിരിക്കുന്ന ഫെറിസർവ്വീസിൽ പുതിയ ഉദ്യോഗങ്ങളുണ്ടാകുമ്പോൾ പുതിയ ആളുകളെ പുറത്തുനിന്നും തള്ളിക്കയറി അവിടെയുള്ളവരെ ദ്രോഹിക്കുന്ന ഒരേർപ്പാടാണു് ഇന്നുള്ളതു്. അങ്ങനെയുള്ള തെറ്റുകൾ തിരുത്തുന്നതിനു ഗവണ്മെൻറു നടപടി എടുക്കേണ്ടതാണു്.

അതുപോലെതന്നെ ട്രാൻസ്പോർട്ടു daily wages കണക്കു്പറ്റന്മാരെ സ്ഥിരപ്പെടുത്താതെ ഉദ്ദേശംതന്നെ കുറെ കൊല്ലങ്ങളായിട്ടും ആയിരംപേരെ സ്ഥിരപ്പെടുത്താതെ ഇരിക്കുകയാണു്. അവരെ സർവ്വീസുകമ്മീഷൻ തെരഞ്ഞെടുത്തു വെ. എ. എസ്സിനെ തിരഞ്ഞെടുക്കുന്നതുപോലെ ഇൻറർവ്യൂ നടത്തി, അവരുടെ മുക്കം നോക്കി, പരീക്ഷായോഗ്യത നോക്കി മറ്റു് ഇൻറർവ്യൂകളും എല്ലാം കഴിഞ്ഞിട്ടാണു് അവർകണക്കു്പറ്റന്മാരാകുന്നതു്. ഇന്നു് അവർക്കു മാസത്തിൽ അഞ്ചുദിവസം ജോലിക്കു പത്തുരൂപാ കിട്ടുന്ന ജോലി നിങ്ങളും നൽകുന്നതു്. അതു വളരെ കഠിനമാണു്. അതുകൊണ്ടു തീർച്ചയായും അവരെ സ്ഥിരപ്പെടുത്താനുള്ള മാർഗ്ഗം ആരായേണ്ടതാണു്.

വയർ മുറുക്കിക്കെട്ടണം, കൂടുതൽ അദ്ധ്വാനിക്കണം എന്നൊക്കെ പറയുന്നുണ്ടു്. ആരാണു് അതു ചെയ്യേണ്ടതു്. അർദ്ധപ്പട്ടിണിക്കാരായ ജനങ്ങളാണോ. ശ്രീമാൻ കാമരാജനാടാർ പറയുകയുണ്ടായി, ശരിയായ ഡെമോക്രാറ്റിക്കു സോഷ്യലിസത്തിലേക്കു് ഉന്നംവച്ചുകൊണ്ടു പ്രവർത്തിക്കുന്ന നാം ഇവിടത്തെ ധനമെല്ലാം ഏതാനും പേരുടെ കയ്യിൽമാത്രം കുന്നുകൂടാൻ അനുവദിച്ചുകൊണ്ടു് അവരോടു വീണ്ടും വയർമുറുക്കിക്കെട്ടുക എന്നു പറഞ്ഞാൽ അതു കേൾക്കാൻവേണ്ടി ജനങ്ങളും ഉണ്ടാകുകയില്ല എന്നു നല്ലതുപോലെ ഗവണ്മെൻറു മനസ്സിലാക്കേണ്ടിയിരിക്കുന്നു. സർ, ഇവിടെവളരെ അവശതയിൽക്കഴിയുന്ന ഒരു ജനവിഭാഗമുണ്ടു്. അതുപോലെ വ്യവസായരംഗത്തു് ഒരു വിഭാഗംമാത്രം ഉയരുന്നതിനും ആ വിഭാഗത്തിനു മുന്നോട്ടു പോകുന്നതിനു അനുകൂലമായ സാഹചര്യങ്ങളും സൃഷ്ടിച്ചുകൊടുക്കുകയും ചെയ്യുന്നു. 16 വർഷത്തെ ശ്രമഫലം എന്താണെന്നു വച്ചാൽ കുറെ ആളുകളുടെ കയ്യിൽമാത്രം നമ്മുടെ ധനമെല്ലാം വന്നുകൂടുന്നു എന്നുള്ളതാണു്. അതുകൊണ്ടു് ഇവിടെ യഥാർത്ഥത്തിൽ ഒരു സോഷ്യലിസ്റ്റു വ്യവസ്ഥിതി ഉണ്ടാകണമെന്നു ഗവണ്മെൻറു് ആഗ്രഹിക്കുന്നു എങ്കിൽ പൊതുമേഖലയിൽ തീർച്ചയായും ജനങ്ങൾക്കു കൂടുതൽ സൗകര്യങ്ങളും ലഭിക്കുന്നതിനുള്ള സാഹചര്യങ്ങളും സൃഷ്ടിക്കുകയും എല്ലാ നിലവാരത്തിലും അവർക്കു് ഉയരുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണം. ഇത്രമാത്രമാണു് എനിക്കു ഈയവസരത്തിൽ ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, നമ്മുടെ ഗവർണ്ണർ ഈ സഭയിൽ ചെയ്ത പ്രസംഗത്തിനു നന്ദി പ്രകടിപ്പിച്ചുകൊണ്ടു് ശ്രീ. കെ. കെ. വിശ്വനാഥൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണു്. വളരെ മോഹനസുന്ദരങ്ങളായ വാഗ്ദാനങ്ങളും ജനങ്ങളുടെ മുമ്പിൽ നിരത്തിവച്ചിട്ടു്, അതെല്ലാം കാറ്റിൽ പറത്തുന്നതിനേക്കാളും, വസ്തുനിഷ്ഠമായ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും, ആ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയും ചെയ്യാൻ ഒരു ഗവണ്മെൻറിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

കഴിയുമെങ്കിൽ തീർച്ചയായും അതായിരിക്കും ഒരു ഗവണ്മെൻറിന്റെ വിജയം. അങ്ങനെ കഴിഞ്ഞ നാലു വർഷക്കാലമായി ഈ രാജ്യം ഭരിക്കുന്ന ഗവണ്മെൻറു് തങ്ങളും നടപ്പാക്കിയ പരിപാടികളും, ഭാവിയിൽ നടപ്പാക്കാൻ ആഗ്രഹിക്കുന്ന പരിപാടികളും വിശദീകരിക്കുകയല്ലാതെ, ഗവർണ്ണരുടെ പ്രസംഗത്തിൽ എങ്ങനെയാണു വാശ്ചാനങ്ങളും നൽകാൻ കഴിയുക എന്നുള്ളതു നാം ഓർക്കേണ്ടതാണു്. ഇവിടെ നടന്ന പല പ്രസംഗങ്ങളും, ശ്രീ. കെ. കെ. വിശ്വനാഥന്റെ പ്രമേയത്തെ പരാമർശിച്ചു നടന്ന വിമർശനങ്ങളും ഒക്കെത്തന്നെ വാസ്തവത്തിൽ ഗവർണ്ണറുടെ പ്രസംഗത്തിന്റെ അർത്ഥം മനസ്സിലാക്കിയിട്ടല്ല നടന്നതായി കണ്ടതു്. ഈ സഭയുടെ സമയം പൂർണ്ണമായും ഉപയോഗിച്ചതു് മറ്റുചില പ്രസംഗങ്ങൾക്കുവേണ്ടിയായിരുന്നു എന്നുള്ളതു് ആക്ഷേപിക്കാൻ സാധിക്കാത്ത ഒരു വസ്തുതയാണു്

സർ, നമ്മുടെ ഗ്രാമപ്രദേശങ്ങളിലേക്കു് ഗവണ്മെൻറിന്റെ കൈയ് സ്വാഭാവികമായി എത്തിച്ചേർന്നതു് കഴിഞ്ഞ നാലു കൊല്ലത്തിനിടയിലാണെന്നു അങ്ങനെയൊരു പ്രദേശത്തുനിന്നു വരുന്ന എനിക്കു് പറയാൻ തീർച്ചയായും അഭിമാനമുണ്ടു്. 1947–നു ശേഷം ഈ രാജ്യം ഭരിച്ചിരുന്ന മറ്റു ഗവണ്മെൻറുകളേക്കാൾ കൂടുതൽ ഗ്രാമപ്രദേശങ്ങളുടെ വികാരങ്ങൾ അറിയാനും, ആ വികാരങ്ങൾക്കനുസൃതമായ മാറ്റങ്ങൾ വരുത്താനും ഈ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ടെന്നു് അഭിമാനപൂർവ്വം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഒരു ഗ്രാമത്തിന്റെ പ്രാഥമികാവശ്യങ്ങളിൽ പ്രധാനം അവിടെ എത്തിച്ചേരുന്നതിനുള്ള ഗതാഗതസൗകര്യമാണു്. ഗതാഗതത്തിനാവശ്യമായ റോഡുകളും, ഒരു ഗ്രാമത്തിനാവശ്യമായ വിദ്യുച്ഛക്തിയും, ഒരു ഗ്രാമത്തിനാവശ്യമായ വിദ്യാഭ്യാസ സൗകര്യവും, ഒരു ഗ്രാമത്തിനാവശ്യമായ ചെറിയ ചെറിയ ജലസേചന സൗകര്യങ്ങളും നൽകേണ്ടതു് ഒരു ഗവണ്മെൻറിന്റെ ഒഴിച്ചുകൂടാത്ത കർത്തവ്യമാണു്. ഈവക സൗകര്യങ്ങളെല്ലാം കഴിവുള്ളിടത്തോളം ഈ ഗവണ്മെൻറു നൽകിയിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു്. കേരളത്തെ സംബന്ധിച്ചിടത്തോളം ഗ്രാമപ്രദേശങ്ങൾക്കു് ഈവക സൗകര്യങ്ങളും നൽകിയിട്ടുള്ള മറ്റൊരു ഗവണ്മെൻറു് ഇവിടെ ഉണ്ടായിട്ടില്ല. ആ സൗകര്യങ്ങളും കഴിയുന്നിടത്തോളം ഉണ്ടാക്കിയാൽ മാത്രമേ സോഷ്യലിസം നടപ്പാക്കാൻ സാധിക്കുകയുള്ളൂ. 1957–ൽ കമ്മ്യൂണിസ്റ്റു ഗവണ്മെൻറു് ഈ രാജ്യം ഭരിച്ചിരുന്നപ്പോഴും പൊതുമരാമത്തുവകുപ്പിൽ കാര്യമായ ഒരു പ്രവർത്തനവും നടന്നിരുന്നില്ല. ആ കാലത്തെ ഭരണത്തിന്റെ വൈഷമ്യങ്ങൾ അനുഭവിച്ചറിഞ്ഞവരാണു് ഈ നാട്ടുകാർ. ഈ ഗവണ്മെൻറിനു് ഇന്നു സാമ്പത്തികമായ പല ബുദ്ധിമുട്ടുകളുണ്ടായിരുന്നിട്ടും, ആ മാതിരി പ്രശ്നങ്ങൾ കാര്യമായി പരിഗണനയിൽ എടുത്തുകൊണ്ടു് ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി പലതും പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിനെ ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ല.

നമ്മുടെ വ്യവസായരംഗത്തു് വളരെയധികം വിവാദപരമായ പ്രശ്നങ്ങളുണ്ടു്. സർ വ്യവസായരംഗത്തു് സമാധാനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതു് ഈ ഗവണ്മെൻറിന്റെ ഏറ്റവും വലിയ ഒരു നേട്ടമായി കണക്കാക്കണം. വ്യവസായസമാധാനം ഇല്ലാതാക്കുന്ന തരത്തിൽ അങ്ങിങ്ങു ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളതിനെ ഞാൻ വിസ്മരിക്കുന്നില്ല. എന്നിരുന്നാലും സർ. സി. പി. രാമസ്വാമി അയ്യർ ഭരിച്ചിരുന്ന കാലത്തിനുശേഷം, ഈ രാജ്യത്തെ വ്യവസായരംഗത്തു് ഒരു നവോത്ഥാനം ഉണ്ടായിട്ടുള്ളതു് 1960–നുശേഷം ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിൽപ്പിന്നീടാണു്. ശ്രീ. ബേബി ജോൺ പറഞ്ഞതുപോലെ ചവറ മിനറൽസു് വ്യവസായത്തിനു തകർച്ചയുണ്ടായിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ, പൂട്ടപ്പെട്ടു കിടന്ന കൊല്ലത്തെ എത്രയോ കശുവണ്ടി ഫാക്ടറികളും തുറന്നു പ്രവർത്തനം തുടങ്ങിയിട്ടുണ്ടു്. അങ്ങനെ പൊതുമേഖലയിലും, സ്വകാര്യമേഖലയിലും വ്യവസായത്തിനു കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നുള്ളതു് ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. 28 മാസക്കാലം ഈ രാജ്യം ഭരിച്ചിരുന്ന കമ്മ്യൂണിസ്റ്റു ഗവണ്മെൻറിനു് വ്യവസായരംഗത്തു് യാതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. മാത്രമല്ല നമ്മുടെ വിഭവസമ്പത്തു് ബർളാസ്സു് അടിയറ വയ്ക്കുകയായിരുന്ന അവർ റയൺസു്

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി തുപവൽക്കരണംകൊണ്ട് സാധിച്ചത്. എത്രയോ ആളുകൾക്ക് തൊഴിൽ കിട്ടാതായി, അവർ പട്ടിണി കിടന്നു. അതായിരുന്നു കമ്മ്യൂണിസ്റ്റു ഭരണകാലത്തു് 28 മാസക്കാലം ഈ രാജ്യത്തെ തൊഴിലാളികളെ സംബന്ധിച്ച അനുഭവം. അവരുടെ ഭരണവും ഇന്നത്തെ ഭരണവും തമ്മിൽ താരതമ്യംചെയ്തിട്ടുവേണം അഭിപ്രായങ്ങൾ പറയാൻ. ഈ രാജ്യത്തെ ജനങ്ങൾക്ക്, കണ്ണാടിയിൽ എന്നപോലെ വ്യക്തമായി കാണാൻ കഴിയും, ഈ ഗവണ്മെൻറിന്റെ വ്യവസായരംഗത്തെ പുരോഗതിയും, രാജ്യക്ഷേമകരങ്ങളായ മറ്റു പ്രവർത്തനങ്ങളും. ആ നിലയിൽ ഈ രാജ്യത്തെ വ്യവസായമേഖല വളർച്ച പ്രാപിച്ചുകഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഇന്നതിനു് ഒരു പരിമിതിയുണ്ടു്. വിദ്യുച്ഛക്തി കിട്ടുന്നതിനുള്ള പരിമിതി. പമ്പ, ഇടുക്കി പദ്ധതികളും പൂർത്തിയാകുന്നതോടുകൂടി നമുക്കു വിദ്യുച്ഛക്തിയുടെ പ്രയാസം തീർന്നു കിട്ടും. ഇന്നു വിദേശസഹായത്തെമാത്രം ആശ്രയിച്ചുകഴിയുന്ന നമുക്കു് ആ പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഒരു പൈസപോലും ആ ആവശ്യത്തിനുവേണ്ടി മറ്റുള്ളവർക്കു കൊടുക്കാതെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്നതാണു്. പമ്പയും, ഇടുക്കിയും പദ്ധതികളും പൂർത്തിയാകുമ്പോൾ രാജ്യത്തിനു ലഭിക്കുന്ന വർദ്ധിച്ച സമ്പത്തിനെ ഓർത്തു് ഈ രാജ്യത്തെ ജനങ്ങൾ ഉള്ളകാലംവരെ ഈ ഗവണ്മെൻറിനെ ഓർക്കാതിരിക്കുകയില്ല. കാർഷികരംഗത്തും ഈ ഗവണ്മെൻറിന്റെ കാലത്തു് അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു്. എന്നാൽ, വിദ്യുച്ഛക്തി വേണ്ടിടത്തോളം ഇല്ലാതെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കുറേ പ്രയാസം ഉണ്ടായിട്ടുണ്ടു്. പമ്പാപദ്ധതി പ്രവർത്തനക്ഷമമാകുന്നതോടുകൂടി കുറെയൊക്കെയും, ഇടുക്കി പദ്ധതി പൂർത്തിയാകുന്നതോടുകൂടി പൂർണ്ണമായും വിദ്യുച്ഛക്തിയുടെ ആവശ്യം നിറവേറ്റാൻ സാധിക്കുന്നതാണു്. ഒരു ദിവസംകൊണ്ടു് എല്ലാ വിധത്തിലും പരിഹാരം ഉണ്ടാക്കാൻ ആർക്കും സാധിക്കുകയില്ലല്ലോ. 1963—ൽ ആരംഭിച്ചതാണു് ഇടുക്കി പദ്ധതി. ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി വൻപിച്ച പല പ്രോജക്ടുകളും നടപ്പാക്കാൻ ഈ ഗവണ്മെൻറു ശ്രമിച്ചിട്ടുണ്ടു്. അതിനുവേണ്ട പ്രവർത്തനങ്ങളും നടക്കുകയാണു്. രാജ്യരക്ഷയ്ക്കുവേണ്ട ശാശ്വതവും, കാര്യക്ഷമവുമായ പരിപാടികളും നടപ്പാക്കാൻ ശ്രമിക്കുന്ന ഈ ഗവണ്മെൻറിനെ തെറ്റിദ്ധരിപ്പിക്കാനും, ജനങ്ങളുടെ ശ്രദ്ധ മറ്റു കാര്യങ്ങളിലേക്കു തിരിച്ചുവിടാനും, കേവലം വ്യക്തിപരമായ ആക്ഷേപങ്ങളിലേക്കും, വ്യക്തിപരമായ പ്രസംഗങ്ങളിലേക്കും ജനങ്ങളുടെ ചിന്താഗതി തിരിച്ചുവിടാനും പ്രതിപക്ഷം ശ്രമിക്കുന്നതു കാണുമ്പോൾ, ചൈനീസ് ആക്രമണംമൂലം ഒറ്റപ്പെട്ടുപോയ കമ്മ്യൂണിസ്റ്റു കക്ഷി, അവരുടെ 28 മാസത്തെ ഭരണംകൊണ്ടു് ഈ രാജ്യത്തെ ജനങ്ങളും വെറുത്തു കഴിഞ്ഞിരിക്കുന്നതുകൊണ്ടു് അടുത്തുവരുന്ന 1965—ലെ പൊതുതിരഞ്ഞെടുപ്പിനെ നേരിടാൻ ഒരു ചെപ്പടിവിദ്യ പ്രയോഗിക്കാനുള്ള തിരപ്പുറപ്പാടായിട്ടേ അതിനെ കണക്കാക്കാൻ സാധിക്കുന്നുള്ളൂ. ആക്ഷേപങ്ങളും, അർത്ഥമില്ലാത്ത വിമർശനങ്ങളും നടത്തി ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കാമെന്നായിരിക്കും അവരുടെ വിചാരം. സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറു തേനും പാലും ഒഴുക്കാൻ പ്രാപ്തിയുള്ളതാണെന്നു പറയുന്നില്ല, വളരെ പെട്ടെന്നു് ഒരു ഗവണ്മെൻറിനും എല്ലാം ഭദ്രമാക്കാൻ സാധിക്കുകയില്ലല്ലോ. കുറേ സമാധാനത്തോടുകൂടി, ഇന്നത്തെ പ്രവർത്തനങ്ങളും മുമ്പോട്ടുകൊണ്ടുപോകാൻ സാധിച്ചാൽ ജനാധിപത്യ സോഷ്യലിസത്തിലേക്കു് ഈ രാജ്യത്തെ നയിക്കാനുള്ള കഴിവുണ്ടാകുമെന്നാണു വിശ്വസിക്കുന്നതു്.

സർ, ശ്രീ. എസ്സു്. കുമാരൻ പറഞ്ഞു: ആഭ്യന്തരമന്ത്രിയുടെ പേരിലും, മുഖ്യമന്ത്രിയുടെ പേരിലും ആരോപണങ്ങളും ഉണ്ടായപ്പോൾ അവരെ സഹായിക്കാൻ ഭരണകക്ഷിയിലെ ആരും ഓടിയെത്തിയില്ല എന്നു്. സർ, എന്തെങ്കിലും അനാവശ്യം പറഞ്ഞാൽ, അതിനു മറുപടി പറയുക, ഈ നിയമസഭയുടെ പരിശുദ്ധിക്കും, പാവനതയ്ക്കും ചേർന്നതല്ല. വ്യക്തിപരമായ എന്തെങ്കിലും ആരോപണം ഉണ്ടായാൽ അതിനു പറയേണ്ടവർ അവസരം വരുമ്പോൾ പറഞ്ഞുകൊള്ളും; അതിനു മറ്റാരുടെയും സഹായം ആവശ്യമില്ല.

സർ, ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിലെ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒരു നേതാവു് ഏതെങ്കിലും ഒരു സ്ത്രീയുമായി രാത്രികാലത്തു സഞ്ചരിച്ചാൽ, അവർ ഒരു യോഗത്തിൽ സംബന്ധിക്കാനാണു പോകുന്നതെന്നു പറ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ബാലകൃഷ്ണപിള്ള]

ഞാൻ എന്തിനു് അതിനെ അവിശ്വസിക്കണം. അവർ യോഗത്തിൽ സംബന്ധിക്കാൻ പോകുന്ന എന്നതന്നെ ഞങ്ങൾ വിശ്വസിക്കും. അതല്ല, മറേതെങ്കിലും ആവശ്യത്തിനാണ പോകുന്നതെന്ന പറഞ്ഞു പരത്തുകയും, അതിനെ കൂടുതൽ പ്രചരണം നടത്തുകയും ചെയ്യുന്നതു് ആക്കും ചേർന്നതല്ല. ഇവിടെ ചാത്തൻ മാസ്റ്ററുടെ കാര്യം പറഞ്ഞു. അതിനെപ്പറ്റി പറയണമെന്ന ഞാൻ വിചാരിച്ചിരുന്നതല്ല. ചാത്തൻ മാസ്റ്റർ മുമ്പു് ഏതോ ഒരു സ്ത്രീയെ കാറിൽ കയറ്റി ടി. ബി. യിൽ താമസിപ്പിച്ചു എന്ന ആരോപണം ഉണ്ടായി.....

Mr. Speaker : The member will better not refer to persons who are not present in the Assembly.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഏതായാലും അങ്ങനെ തെറ്റായ രീതിയിലുള്ള പ്രചരണങ്ങളും നടത്തുന്നതു് ആക്കും ഗുണകരമല്ല.

സർ, വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ചിടത്തോളം ചില വിമർശനങ്ങളും കേൾക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഇന്നു് വിദ്യാഭ്യാസരംഗത്തു് കാണുന്ന ന്യൂനത, പരിശോധനാസമ്പ്രദായം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണു്. ഈ ഡിപ്പാർട്ടുമെൻറിൽ വളരെയധികം കുഴപ്പങ്ങളും ഉണ്ടാകാനും, സ്റ്റാനേറൻഡുതന്നെ താഴാനും കാരണമായി വിദ്യാഭ്യാസരംഗത്തു ചിന്തിക്കുന്നവർ പറയുന്നതു് ഇൻസ്പെക്ഷൻ വേണ്ടിടത്തോളം കാര്യക്ഷമമാകുന്നില്ല എന്നാണു്. അതുകൊണ്ടു് ഇൻസ്പെക്ഷൻ സമ്പ്രദായം പരിഷ്കരിക്കുന്നതിനും വിദ്യാഭ്യാസത്തിൽ ചില പരിഷ്കാരങ്ങളും വരുത്താനും ഈ ഗവണ്മെൻറു് തീരുമാനിച്ചിട്ടുള്ള വിവരം ഗവർണ്ണറുടെ പ്രസംഗത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും. അതിൻറെ ഒരു മുന്നറിയിപ്പു ഗവർണ്ണറുടെ പ്രസംഗത്തിൽ നൽകിയിട്ടുണ്ടു്. അങ്ങനെ വിദ്യാഭ്യാസരംഗത്തു വളരെയധികം വ്യത്യസ്തമായ ഒരു രീതി നടപ്പാക്കാൻ കഴിയുമെന്നുള്ളതിനു് ആക്കും സംശയമില്ല.

സർ. ശ്രീ. നാരായണൻ തമ്പി കാൺഗ്രസ്സിനോടു വളരെയധികം സ്നേഹം പ്രകടിപ്പിച്ചു. ആ സ്നേഹം സ്വാഭാവികമായി ഉണ്ടാകേണ്ടതാണു്. അദ്ദേഹം സോഷ്യലിസത്തെക്കുറിച്ചും, അഴിമതിയെക്കുറിച്ചും, അഴിമതിനിരോധനത്തെ സംബന്ധിച്ചും ഒക്കെ പറഞ്ഞു. അദ്ദേഹത്തിൻറെ പ്രസംഗം കേട്ടപ്പോൾ എനിക്കു് അത്ഭുതം തോന്നി. 1961–62–ൽ ഈ നിയമസഭയിൽ എൻറെ സുഹൃത്തു് ശ്രീ. കെ. ഭാർഗ്ഗവൻ, അഴിമതിയാരോപണം ഉന്നയിച്ചു പ്രസംഗിച്ചപ്പോൾ, അതിനെ നിഷേധിച്ചുകൊണ്ടു ശ്രീ. നാരായണൻ തമ്പിയായിരുന്നു പ്രസംഗിച്ചതു്. അന്നത്തെ മന്ത്രിമാരുടെ പേരിലുള്ള ആരോപണത്തെ എതിർത്തു സംസാരിച്ച ശ്രീ. തമ്പി, ഇന്നു് അഴിമതി ആരോപണംമൂലം മന്ത്രിമാർ രാജി വയ്ക്കണമെന്ന പറയാൻ, അങ്ങനെയൊരു മാനസാന്തരം അദ്ദേഹത്തിനു വരാൻ ഇടയായതിൽ എനിക്കു് അസൂയ തോന്നിപ്പോയി. അതിനെ സംബന്ധിച്ചു് ഈ അവസരത്തിൽ കൂടുതൽ ഒന്നും ഞാൻ പറയുന്നില്ല.

സർ, അതുപോലെ ശ്രീ. കുഞ്ഞച്ചൻ ഇവിടെ പറഞ്ഞു ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി. ഇവിടത്തെ ഹരിജൻ സ്റ്റേറ്റു് അഡൈസറി കമ്മിറ്റി നിർദ്ദേശിച്ച പരിഷ്കാരങ്ങളും നടപ്പാക്കാതിരുന്നതിനാലാണു് അദ്ദേഹത്തിനു് വലിയ ആവേശം. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിൽ ഞാൻ എതിരല്ല. എങ്കിലും ശമ്പളം വർദ്ധിപ്പിക്കുന്നതു് തെറ്റാണു് എന്ന വാദഗതി ഒരു വശത്തു് ഉന്നയിക്കുന്നവർതന്നെ, ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കാതിരുന്നതു് മന്ത്രിസഭയുടെ പേരിലുള്ള ഒരു ചാർജ്ജായി കൊണ്ടുവരുന്നതിൻറെ അർത്ഥം മനസ്സിലാകുന്നില്ല. ഏതടിസ്ഥാനത്തിൽവേണം ശമ്പളം വർദ്ധിപ്പിക്കാൻ എന്ന വ്യക്തമായ ഒരു നിർദ്ദേശം ഒന്നും ഇല്ലാതെ, ഹരിജൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു് യാതൊരു നിഷ്കർഷയും ഇല്ലാതെ ശമ്പളം വർദ്ധിപ്പിക്കണമെന്നാണോ പറയുന്നതു് ? സർ, ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, ഹരിജനക്ഷേമത്തെ മുൻനിറുത്തി ഇങ്ങനെ പ്രവർത്തിച്ചിട്ടുള്ള മറ്റൊരു മന്ത്രിസഭയും ഇവിടെ ഇല്ലായിരുന്നുവെന്നു പറയാം. അത്രമാത്രം താൽപ്പര്യത്തോടുകൂടിയാണു് ഹരിജനങ്ങൾക്കു് ന്യായമായി കിട്ടേണ്ട അവകാശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും സംരക്ഷിക്കാൻ മന്ത്രി ശ്രദ്ധകാന്തി പ്രദർശിപ്പിക്കുന്നു. ഈ കാര്യത്തിൽ ആക്ഷേപം ഉണ്ടായിട്ടുള്ളതായി അറിവില്ല. ഇവിടത്തെ ഹരിജൻ ഡിപ്പാർട്ടുമെൻറിന്റെ ഭരണസ്ഥ ഇന്നു മാറിയിട്ടുണ്ട്.

സർ, സെക്രട്ടേറിയറ്റു പടിക്കൽ ട്രാൻസ്പോർട്ട് തൊഴിലാളികളും സത്യാഗ്രഹം നടത്തുന്നതിനെപ്പറ്റി പറഞ്ഞു. ന്യായമായ ചില കാര്യങ്ങളും സാധിച്ചുകൊടുക്കാമെന്നു ഗവണ്മെൻറു് ഇതിനകം സമ്മതിച്ചിട്ടുണ്ടു്. എങ്കിലും ഈ ഡിപ്പാർട്ടുമെൻറിന്റെ തലപ്പത്തിരിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുടെ ദുശ്ശാഠ്യംകൊണ്ടാണു് ഇന്നു് ആ ഡിപ്പാർട്ടുമെൻറിൽ കുഴപ്പങ്ങളും നിലവിലുള്ളതെന്നു പറയാതെ നിവൃത്തിയില്ല. ചില ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടെ ഹീനമായ നടപടികളുമൂലമാണു് അവർ ഇന്നു സമരം നടത്തേണ്ടിവന്നിരിക്കുന്നതു്.

സർ, ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ശ്രീ. കെ. കെ. വിശ്വനാഥന്റെ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. നാരായണൻ തമ്പി : 1960 മുതൽ നാലു കൊല്ലത്തെ നേട്ടങ്ങൾകൊണ്ടു് ഊറ്റം വച്ചതിനു ശേഷമാണോ തിരിഞ്ഞുനിന്നു് ഇങ്ങനെ എതിർക്കുന്നതു് ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : എന്നെ സംബന്ധിച്ചിടത്തോളം അന്നു തന്നെ കാര്യങ്ങളും പറഞ്ഞിട്ടുണ്ടല്ലോ.

Mr. Speakar : Before we continue the discussion I may inform the House of the following arrangement proposed :

15 minutes are allowed for the P. S. P. Leader, 30 minutes for the Leader of the Opposition, 35 minutes for the Home Minister and 35 minutes for the Chief Minister, The Assembly will sit till 1·32 p. m

ശ്രീ. പി. കെ. കുഞ്ഞു് : സർ, എന്റെ ഒരു പഴയ സുഹൃത്തായ ശ്രീ. വയലാ ഇടിക്കുള ഇവിടെ പറഞ്ഞ ചില കാര്യങ്ങളോടു ഞാൻ യോജിക്കുകയാണു്. ഇന്നലെ ഇവിടെ നടന്ന വാഗ്പ്രതിവാദങ്ങളും കേട്ടുകൊണ്ടിരിക്കാനും ഇന്നലെ ആ രംഗം കണ്ടുകൊണ്ടിരിക്കാനും സഹായകമായ ഒരു നില അവലംബിക്കുന്നതിനുള്ള കഴിവുകേടു് എന്റെ ഇത്രയുംകാലത്തെ നിയമസഭാ ജീവിതകാലത്തിനിടയിൽ ഉണ്ടായിട്ടില്ല. ഇരുപത്തേഴു വർഷമായി എന്നു തോന്നുന്നു—രണ്ടു് കൊല്ലം കുഴിച്ചു്—ബാക്കി കാലമത്രയും ഞാൻ തിരുവിതാംകൂർ നിയമസഭയിലും, തിരുവിതാംകൂർ–കൊച്ചി നിയമസഭയിലും, കേരള നിയമസഭയിലും തുടർച്ചയായി ഒരു സാമാജികനായി തുടരുകയാണു്. നല്ല പ്രഗത്ഭന്മാരായ നിയമസഭാസാമാജികന്മാർ അക്കാലത്തുണ്ടായിരുന്നു. വളരെ ഗൗരവതരമായ പല കാര്യങ്ങളും അന്നു ചർച്ചചെയ്യപ്പെട്ടിരുന്നു. നിയമസഭയുടെ അന്തസ്സു ശരിക്കു സൂക്ഷിച്ചു സംസാരിക്കാൻ കഴിയാത്ത, പ്രതിപക്ഷ ബഹുമാനം വേണ്ടത്രു സൂക്ഷിക്കാൻ കഴിയാത്ത, പൊതുജനങ്ങളുടെ മുൻപിൽ കേവലം പരിഹാസപാത്രങ്ങളാക്കുന്നതിനുതകുന്ന വിധത്തിലുള്ള ഒരു രംഗം ഇന്നലെ ഇവിടെ കാണാനിടയായി. അതിനു് ഞാൻ ഒരു വിഭാഗക്കാരെ മാത്രം കുറ്റം പറയുകയല്ല, പൊതുവേ ആ രംഗത്തെപ്പറ്റി പറയുകയാണു്. സർ, സത്യം പറഞ്ഞാൽ ഇവിടെ ഇരിക്കുന്നതിനോ ഇറങ്ങിപ്പോകുന്നതിനോ നിവൃത്തിയില്ലാതെ വല്ലാത്ത ഹൃദയവേദനയോടുകൂടിയാണു് ആ സമയത്തു് കഴിഞ്ഞുകൂടിയതു്.

സർ, കാര്യം എന്തായാലും, യാഥാർത്ഥ്യം എന്തായാലും, ഭാവി ഭവിഷ്യത്തുകൾ എന്തായാലും നാം പറയുന്നതിനെല്ലാം ഒരു അതിരുണ്ടായിരിക്കണം. ഇന്നലെ ഇവിടെ നടന്ന സംഭാഷണം രണ്ടു വശത്തും ഉണ്ടായതു് ആ നിലയിൽ ആയിരുന്നില്ല. ഇന്നലത്തെ സംസാരവിഷയംതന്നെ, അല്ലെങ്കിൽ ആമാതിരി കാര്യങ്ങളും ഈ സഭയിൽ ചർച്ചാവിഷയമാക്കുന്നതിന്റെ സാംഗത്യം എന്താണെന്നു നാം ആലോചിക്കണം. ആഭ്യന്തരമന്ത്രി കാരോടിച്ചു; ആഭ്യന്തരമന്ത്രി തുള്ളിക്കളിച്ചുപോയി; മന്ത്രിയുടെകൂടെ ഒരാൾ ഉണ്ടായിരുന്നു; അതൊരു സ്ത്രീയായിരുന്നു അതൊക്കെ സമ്മതിക്കുന്നു. കാറോടിച്ചതിനെ നിഷേധിക്കുന്നില്ല;

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു]

കൂടെ ഒരു സ്ത്രീ ഉണ്ടായിരുന്നു എന്നു പറയുന്നതിനെ നിഷേധിക്കുന്നില്ല. ഓരോ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരും ഇങ്ങനെ ഒന്നിച്ചു കാറിൽ സഞ്ചരിക്കാറുണ്ടു; പലരേയും അങ്ങനെ കാണാൻ കഴിഞ്ഞിട്ടുണ്ടു. ഇവിടെ പ്രശ്നം അതല്ല; കാറോടിച്ചോ, കാറിൽ ഒരു സ്ത്രീ ഉണ്ടായിരുന്നോ എന്നൊന്നും അല്ല പ്രശ്നം. നിയമമന്ത്രി നിയമലംഘനം നടത്തിയിട്ടുണ്ടോ ? പൊതുവേ നോക്കിയാൽ ഈ എല്ലാ കാര്യങ്ങളും സത്യസന്ധനായ ആഭ്യന്തരവകുപ്പുമന്ത്രി ഏൽക്കുകയാണു. അങ്ങനെ പോയതു ശരിയാണു, സംഭവം എല്ലാം ശരിയാണു എന്നു പറഞ്ഞുകഴിഞ്ഞാൽ അതു തെറ്റാണെങ്കിൽ ആ തെറ്റു തിരുത്താൻ മന്ത്രിസഭയ്ക്കാണു ചുമതലയുള്ളതു. അല്ലെങ്കിൽ മന്ത്രിസഭയെ നിയന്ത്രിക്കുന്ന പിൻതാങ്ങുന്ന കാൺഗ്രസ്സുപാർട്ടിക്കാണു; പാർലമെൻറിറി പാർട്ടിക്കാണു. ഈ സംഭവം നടന്നതിനുശേഷം അതു തെറ്റാണെങ്കിൽ അതിനു ഉത്തരവാദപ്പെട്ട കക്ഷി പരിഹാരം കാണാതെ, ഈ വിഷയം ഇവിടെ ചർച്ചാവിഷയമാക്കാൻ അവസരം നൽകിയതുതന്നെ ഇതിനൊരു പ്രചരണം ഉണ്ടാകാൻ അല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സത്യം പറഞ്ഞാൽ ഇന്നലെത്തന്നെ ഇതിനെപ്പറ്റി ചർച്ച നടന്നപ്പോഴും ഭരണകക്ഷിയിലെ ചില ആളുകൾ വിമർശനങ്ങൾക്കു ശക്തികൂട്ടുന്നതിനു ചില ആംഗ്യം കാണിക്കുന്നതായി കാണാൻ കഴിഞ്ഞു. വാസ്തവത്തിൽ ശ്രീ. ചാക്കോയല്ല ഇതിൽ രാജിവയ്ക്കേണ്ടതു: ഈ മന്ത്രിസഭയാണു. ശ്രീ. ചാക്കോയുടെ പ്രവൃത്തിയെ സാധൂകരിക്കാനല്ല, നിയമസഭയിൽ ചർച്ചാവിഷയമാക്കി അദ്ദേഹത്തെ ഒറ്റപ്പെടുത്താനാണു ഒരു ഗൂഢശ്രമം നടത്തിയിട്ടുള്ളതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഗൂഢശ്രമം നടത്തുന്ന ഒരുകൂട്ടം ആളുകൾ ആ ഭാഗത്തു ഉള്ളതു കാൺഗ്രസ്സു കക്ഷിക്കു അഭിമാനമാണോ? മന്ത്രിസഭയുടെ പൊതുവായ ഉത്തരവാദിത്വം ശരിക്കു പാലിക്കാൻ കഴിയുന്നില്ലെങ്കിൽ യഥാകാലം ഉത്തരവാദിത്വം പാലിക്കാൻ കഴിയുന്നില്ലെങ്കിൽ, അവർ ആ സ്ഥാനത്തിരിക്കാൻ അർഹരല്ല.

സർ, ഇവിടെ ഗവർണ്ണരുടെ നയപ്രഖ്യാപനപ്രസംഗത്തെപ്പറ്റി ചർച്ച നടക്കുകയാണു. കേരളത്തിലെ ഭരണത്തലവന്റെ നയപ്രഖ്യാപനപ്രസംഗം ഇതിനുമുമ്പുള്ള കൊല്ലങ്ങളെ അപേക്ഷിച്ചു വ്യത്യസ്തമായിരിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ മാത്രമല്ല, സകല ആളുകളും അങ്ങനെ പ്രതീക്ഷിച്ചിരുന്നു. ഒരു പൊതു തിരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്ന അവസരത്തിൽ അതിന്റെ മുന്നോടിയായിട്ടുള്ള നയപ്രഖ്യാപനമായിരിക്കും പ്രസംഗത്തിൽ കാണാൻ ഇടയാകുന്നതെന്നു വിചാരിച്ചിരുന്നു. പ്രസംഗം സശ്രദ്ധം ഞാൻ കേട്ടു. അതിൽ നയമില്ലായിരുന്നു; പ്രഖ്യാപനം മാത്രമാണുണ്ടായിരുന്നതു. പ്രസംഗം ആദ്യന്തം വായിച്ചുനോക്കിയാൽ ഈ വസ്തുത മനസ്സിലാൻ സാധിക്കുന്നതാണു.

കഴിഞ്ഞ 1963–64 വർഷത്തിലെ ഭരണക്കുറിപ്പിന്റെ ഒരു സംഗ്രഹമാണു ഈ പ്രസംഗം. രാജ്യരക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ഡിഫൻസു ഡയറക്ടറെ നിയമിച്ചു എന്നുള്ളതാണു വളരെ കാര്യമായി ഉയർത്തിപ്പറയുന്നതു. മദ്രാസിലും മൈസൂറിലും നടത്തുന്ന രാജ്യസേവന സംരക്ഷണപരിപാടികളും നാം നോക്കണം. അവിടെയൊക്കെ പ്രത്യേക ഡയറക്ടറെ കൂടാതെതന്നെ ഭംഗിയായി പ്രവർത്തിച്ചുപോരുന്നുണ്ടു. ഡിവിൽ ഡിഫൻസു അവിടുള്ള പോലീസു ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണു നടത്തുന്നതു. ഇവിടെ പ്രത്യേകമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതു മറ്റു ചില തസ്തികകളും കുറച്ചുകൊണ്ടായിരിക്കും. ഇവിടെ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ. ഒരു പുതിയ ആഫീസറെ വച്ചിട്ടുണ്ടെങ്കിൽ അങ്ങേയറ്റംവരെയുള്ള ആളുകൾക്കു അതുവഴി പ്രമോഷൻ ലഭിക്കും. അതിൽക്കവിഞ്ഞു ഒരു നയപ്രഖ്യാപന പ്രസംഗമായി അതിൽ എടുത്തു പറയുവാൻ ഒന്നും ഇല്ല. മൂവായിരത്തോളം ഹോംഗാർഡ്സിനെ നിയമിച്ചു എന്നു പറയുന്നു. അതും ഗവണ്മെൻറിന്റെ ഒരു പോളിസിയായിട്ടു വിചാരിക്കുവാൻ നിവൃത്യാഹമില്ല. എന്തെങ്കിലും തുച്ഛമായ ശമ്പളം അല്ലെങ്കിൽ ആഭായം കൊടുക്കാമെന്നു ഗവണ്മെൻറു സമ്മതിക്കുകയാണെങ്കിൽ മൂവായിരമല്ല, മുപ്പതിനായിരം ആളുകളെ നിയമിക്കുവാൻ കഴിയും. തൊഴിലില്ലായ്മ അത്രത്തോളം മൂർച്ഛയിലിരിക്കുന്ന ഒരു രാജ്യത്തെ സംബന്ധിച്ചിട

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം ഇതൊരു അഭിമാനകരമായ സേവനകൃത്യമായി കണക്കാക്കാൻ നിവൃത്തിയില്ല. ഗവർണ്ണരുടെ പ്രസംഗത്തിൽ encroachers-നു നേരിടാവുന്ന കൂടുതൽ ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനു എന്റെ ഗവണ്മെന്റു് ശ്രദ്ധിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടു്. അതു അഭിനന്ദിക്കാവുന്ന ഒരു സ്റ്റേറ്റുമെന്റല്ല അതു്. ഇപ്പോഴത്തെ നിയമമന്ത്രി പ്രതിപക്ഷത്തിരുന്ന അവസരത്തിൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിലിരുന്നപ്പോഴും അവരുടെ പാർട്ടിയിൽപ്പെട്ട ധാരാളം ആളുകളും നമ്മുടെ വനം അനധികൃതമായിട്ടും കയ്യേറിയിട്ടുണ്ടെന്നും അതു ന്യായീകരിക്കത്തക്കതല്ലെന്നും ശക്തിയുക്തമായി വാദിച്ചിട്ടുള്ള വസ്തുത എനിക്കു മറക്കാൻ നിവൃത്തിയില്ല. ഇന്നത്തെ സാഹചര്യത്തിൽ അങ്ങനെ പ്രവേശിക്കുന്ന ആളുകളെ നിഷ്ക്കർഷയുള്ള മന്ത്രി ഇറക്കിവിടാതിരിക്കുന്നതു എനിക്കു് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഭൂമിയില്ലാത്തവർക്കു് ഭൂമി പതിച്ചുകൊടുക്കുന്നതിനു ഞാൻ എതിരല്ല. എന്റെ പാർട്ടിയും എതിരല്ല. അതു ഗവണ്മെന്റിനപ്പോലുള്ള ഉന്നതനായ ഒരു വ്യക്തി ഇവിടെ പറഞ്ഞതിലും തെറ്റില്ല. പക്ഷേ, ചില കാര്യങ്ങളെ സംബന്ധിച്ചു് ആലോചിക്കേണ്ടതുണ്ടു്. ധാരാളം സൗകര്യം ഉള്ളവരും സ്വത്തുള്ളവരും കൂടുതൽ ഭൂമിയുള്ളവരും ഭൂമിയിൽ പ്രവേശിച്ചിട്ടുണ്ടു്. അൻപതും നൂറും നൂറമ്പതും ഏക്കർ കണക്കിനു ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടു്. മുന്നൂറും അഞ്ഞൂറും ഏക്കർ ഭൂമിവരെ കൈയ്യേറിയിട്ടുള്ളവരും ഉണ്ടെന്നു കേൾക്കുന്നു. അറിഞ്ഞുകൂടാ. അവക്കെല്ലാം അനർഹമായി കൈവശപ്പെടുത്തി എന്നുള്ള കാരണത്താൽ പതിച്ചുകൊടുക്കണമെന്നു പറഞ്ഞാൽ അതിനെ എതിർക്കാതിരിക്കുവാൻ നിവൃത്യാഹമില്ല. ഇവിടെ കൃഷിചെയ്യാനുള്ള ഭൂമിയുടെ കുറവു് വർദ്ധമാനമായ ജനപ്പെരുപ്പം, താമസിക്കുവാനുള്ള ആളുകളുടെ എണ്ണം ഇതെല്ലാം നാം കണക്കിലെടുക്കണം. കൃഷിചെയ്തു ജീവിക്കാൻപോലും യാതൊരു സൗകര്യവും ഇല്ലാത്തവർ യാതൊരു ആശ്രയവും ആധാരവും ഇല്ലാത്തവർ ജീവിക്കുവാൻ എന്നുള്ള നിലയിൽ വനത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ അവക്കു ഭൂമി പതിച്ചുകൊടുക്കേണ്ടതു അത്യാവശ്യമാണു്. അവസരം നോക്കി വനം മുഴുവനും കൈവശപ്പെടുത്തി സമ്പന്നനാകാൻ ശ്രമിക്കുന്നവക്കു് വനം പതിച്ചുകൊടുക്കുവാൻ പാടില്ല എന്നതന്നെയാണു് എന്റെയും എന്റെ പാർട്ടിയുടേയും അഭിപ്രായം. അതു റബ്ബർ പ്ലാന്റേഷൻ സ്കീം അനുസരിച്ചു ഗവണ്മെന്റു് നിർദ്ദേശിച്ചിട്ടുള്ള മൂന്നരയേക്കർ വീതം പതിച്ചുകൊടുത്താൽ മതി. ഏറിയാൽ അഞ്ചേക്കർ. അങ്ങനെ പതിച്ചുകൊടുത്തിട്ടു ബാക്കിയുള്ള സ്ഥലം തിരിച്ചു എടുക്കുകയും വേണം. ഇന്നു് 50-ഓ 60-ഓ ഏക്കർ കൈവശമുള്ളതിന്റെ കൂടെ ഒരു നൂറു് ഏക്കർ കൂടി ചേർത്തു വളച്ചുവച്ചിട്ടുണ്ടു്. ഇതെല്ലാം ഒന്നു റീ സർവ്വേ ചെയ്തിട്ടു അനധികൃതമായി എടുത്തിട്ടുള്ളതിനെ അവരുടെ അടക്കൽനിന്നും തിരിച്ചെടുക്കുന്നതിനുള്ള തീരുമാനം ഗവണ്മെന്റു് ഭാഗത്തുനിന്നും ഉണ്ടാകണം. ഈ ഗവണ്മെന്റു് അതിനു തയ്യാറാവണം. അതു മാത്രവും പോരാ. അങ്ങനെ തിരിച്ചെടുക്കുന്ന ഭൂമി പതിച്ചുകൊടുക്കുന്നതു എന്തു് അടിസ്ഥാനത്തിൽ ആയിരിക്കണമെന്നുള്ളതിനും വ്യക്തമായ നിലപാടു് ഉണ്ടായിരിക്കണം. അവിടെ വളരെ കാലമായി കൃഷിചെയ്തു ദേഹണ്ഡങ്ങളും ചെയ്തു് അവിടെ തന്നെ താമസിക്കുന്നവരാണോ? ധാരാളം സ്വത്തുള്ള ആളുകളാണോ അവർ ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടു് മാത്രമേ ഈ ഭൂമികൾ പതിച്ചുകൊടുക്കുവാൻ പാടുള്ളൂ. അതിലേയ്ക്കു ഈ നിയമസഭയിലെ എല്ലാ പാർട്ടികളുടേയും പ്രതിനിധികളും അടങ്ങുന്നതും ഗവണ്മെന്റു് ഭാഗത്തുള്ള പ്രതിനിധികളും അടങ്ങുന്നതുമായ ഒരു കമ്മിറ്റിയെ നിയമിച്ചുകൊണ്ടു് ആ കമ്മിറ്റിയെ ഈ കാര്യം ചുമതലപ്പെടുത്തണം. ആ കമ്മിറ്റിയുടെ തീരുമാനത്തോടുകൂടിവേണം ഭൂമികൾ പതിച്ചുകൊടുക്കുന്ന സമ്പ്രദായം പരിഷ്ക്കരിക്കുവാൻ.

സർ, ഗവർണ്ണരുടെ പ്രസംഗത്തിൽ മറ്റൊരു ഭാഗത്തു വ്യവസായവൽക്കരണത്തെക്കുറിച്ചും ഭ്രപരിഷ്ക്കാരത്തെ സംബന്ധിച്ചും ഇവിടത്തെ വിദ്യാഭ്യാസനയത്തെ സംബന്ധിച്ചും മറ്റും സൂചിപ്പിച്ചിട്ടുണ്ടു്. അതുപോലെതന്നെ ശുദ്ധജലവിതരണത്തെ സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ടു്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, മട്ടാഞ്ചേരി, എറണാകുളം തുടങ്ങിയ പട്ടണപ്രദേശങ്ങളിലെ ജലവിതരണത്തിനുവേണ്ടി ഗവണ്മെന്റു് ഉണ്ടിടത്തോളം ശ്രദ്ധിച്ചിട്ടുണ്ടെന്നു പറയുന്നു. അവിടെയെല്ലാം വാട്ടർ സപ്ലൈ നടത്തുന്നതിലേക്കു ഭീമമായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞു]

സംഖ്യ മാറ്റിവച്ചിട്ടുണ്ടു്. പട്ടണപ്രദേശങ്ങളിലുള്ളവരെ മുന്നോക്കക്കാരായും മറ്റുള്ളവരെ പിന്നോക്കക്കാരായും തരംതിരിച്ചിട്ടുണ്ടോ ജലവിതരണ കാര്യത്തിൽ എന്നു ഞാൻ സംശയിച്ചുപോകുകയാണു്. മറ്റു കാര്യങ്ങളിൽ ചെയ്തിരിക്കുന്നതുപോലെ വെള്ളം നൽകുന്ന കാര്യത്തിലും മുന്നാക്കവും പിന്നാക്കവും നോക്കി കൊടുക്കണമെന്നുള്ളതാണോ ഗവർണ്ണരുടെ പ്രസംഗത്തിലെ നയം. മദ്ധ്യപ്രദേശത്തുള്ളവരും തീരപ്രദേശത്തുള്ളവരുമായ പട്ടണങ്ങളിലുള്ളവരല്ലാത്ത മറ്റു് ആളുകളും ധാരാളം പേർ കുടിവെള്ളവാൻ ശുദ്ധജലം കിട്ടാതെ വളരെയേറെ വിഷമിച്ചുപ്പെട്ടു കഴിയുകയാണു്. വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ അവർ ഈ ദുരിതം അനുഭവിച്ചുവരുകയാണു്. ഈ നിയമസഭയിലെ അംഗങ്ങളും കൊല്ലംതോറും ഈ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. കുറച്ചു മുമ്പു പ്രസംഗിച്ച ശ്രീ. ബാലകൃഷ്ണപിള്ള പറയുകയുണ്ടായി ഒരു കാലത്തും മറക്കാതിരിക്കുന്ന ഒരു ഗവണ്മെൻറാണു് ഇവിടുള്ളതെന്നു്. അതു അനവസ്ഥാമാകത്തക്ക രീതിയിലാണു് ഗവണ്മെൻറിന്റെ ചെയ്തികളും എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. കായലോരപ്രദേശത്തുള്ളവർക്കും, മലയോരപ്രദേശങ്ങളിലുള്ളവർക്കും, ഗ്രാമപ്രദേശത്തുള്ളവർക്കുമെല്ലാം നിങ്ങൾ അരി കൊടുത്തില്ലെങ്കിലും ശരി, കാളേജു വിദ്യാഭ്യാസം കൊടുത്തില്ലെങ്കിലും ശരി, രാഷ്ട്രീയമായ മറ്റു് ആനുകൂല്യങ്ങളും കൊടുത്തില്ലെങ്കിലും ശരി വെള്ളം കുടിക്കുവാനുള്ള സൗകര്യമെങ്കിലും കൊടുക്കണമേ എന്നാണു് എന്റെ അപേക്ഷ. അതിലും ഈ ഗവണ്മെൻറിനു തികഞ്ഞ പരാജയമാണു് സംഭവിച്ചിട്ടുള്ളതു്.

വ്യവസായത്തിന്റെ കാര്യം പറഞ്ഞിരിക്കുന്നു. പല ഫാക്ടറികളും ഇവിടെ വരാൻ പോകുന്നുവെന്നും പലതും വന്നുകഴിഞ്ഞു എന്നു പറഞ്ഞു. ഞാൻ പറയുന്നു, നെഞ്ചത്തു കൈവച്ചു് ആണത്വമുണ്ടെങ്കിൽ ആണത്വത്തോടുകൂടി പറയട്ടെ ഇവിടത്തെ വ്യവസായനയം തികഞ്ഞ പരാജയമാണോ അല്ലയോ എന്നു്. മദ്രാസിലും മൈസൂറിലും വ്യവസായത്തിനു വന്നുചേർന്നിട്ടുള്ള പുരോഗതി ഇവിടത്തെ വ്യവസായമന്ത്രിക്കും അദ്ദേഹത്തോടു് ഒത്തു നിൽക്കാൻ കഴിയുന്ന വ്യവസായ ഡയറക്ടറക്കും കാണാൻ കഴിയുന്നില്ലേ? ഈ രാജ്യത്തെ വ്യവസായവൽക്കരണം മുഴുവൻ പരിപൂർണ്ണ പരാജയത്തിൽ എത്തിയിരിക്കുകയാണു്. നമ്മുടെ സാമ്പത്തിക ശേഷിയെ അതു് ഒട്ടേറെ ബാധിക്കുമെന്നുള്ള കാര്യം അനുസ്മരിപ്പിച്ചുകൊണ്ടു് സമയം ഇല്ലാത്തതുകൊണ്ടു് മറ്റു കാര്യങ്ങളും ചുരുക്കുന്നു.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: സർ, ഞാൻ അവതരിപ്പിച്ച ഭേദഗതികളിലുള്ള അഞ്ചാറു ഖണ്ഡികകളിൽ പറഞ്ഞിട്ടുള്ള സംഗതികളും മൂന്നു മുഖ്യമായ പായിൻറുകളിൽ ഒതുക്കി നിറുത്തുവാൻ സമയക്കുറവുകൊണ്ടു വിചാരിക്കുന്നു.

ഈ മൂന്നു മുഖ്യമായ പായിൻറുകളിൽ ആദ്യത്തേതു് ഇതാണു്: ഗവർണ്ണരുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ സംസ്ഥാനത്തിലെ യഥാർത്ഥമായ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചും പ്ലാനിംഗിന്റെ പുരോഗതിയെ സംബന്ധിച്ചും ഈ ഗവണ്മെൻറു നടത്തിയിട്ടുള്ള വിലയിരുത്തൽ തെറ്റാണു്. ഭേദഗതിയിലെ ആദ്യത്തെ ഖണ്ഡികയിൽ പറയുന്നതുപോലെ ഈ സംസ്ഥാനത്തിന്റെ സ്ഥിതിഗതികളെക്കുറിച്ചു് ഈ ഗവണ്മെൻറു വരച്ചിരിക്കുന്ന ചിത്രം complacent picture ആണു്. അടിസ്ഥാനപരമായ ആത്മസംതൃപ്തി കൈക്കൊള്ളുന്ന ഒരു ചിത്രമാണു്.

രണ്ടാമതു്, ഈ നാട്ടിലെ സാമ്പത്തിക സ്ഥിതിയേയും അതുണ്ടാക്കിത്തരുന്നതിനുവേണ്ടി കൈക്കൊള്ളേണ്ട പദ്ധതികളേയും സംബന്ധിച്ചു് ഈ ഗവണ്മെൻറിന്റെ വീക്ഷണം തെറ്റാണു്.

മൂന്നാമതായി, ഈ നാടിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കേണ്ട ഗവണ്മെൻറു നാട്ടുകാരുടെ വിശ്വാസംതന്നെ നഷ്ടപ്പെട്ട ആളുകളും ഉൾക്കൊള്ളുന്ന വരാണു്. ഒരു ഭരണത്തിനു് ഏറ്റവും അത്യാവശ്യമെന്നു ഗവർണ്ണരുടെ പ്രസംഗത്തിൽതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ള 'പേഴ്സണൽ ഇൻറഗ്രിറ്റി നഷ്ടപ്പെട്ട മന്ത്രിമാരാണു് ഇവിടെയുള്ളതു്, ഈ മൂന്നു പായിൻറുകളും വളരെ ചുരുക്കം ചില വാചകങ്ങളിൽ ഞാൻ വിശദീകരിക്കാം,

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായി ഭക്ഷണത്തിന്റെ കാര്യമെടുക്കാം. അതിൽ എന്താണു് പറഞ്ഞിരിക്കുന്നതു്. Distribution of rice through fair price shops continued uninterruptedly. In December last the price of rice showed another upward trend. This resulted from shortage of arrivals of 'champa' rice consignments from Madras owing to heavy rains.

അപ്പോഴും മദ്രാസിൽ ഭയങ്കരമായി മഴ പെയ്തിരുന്നില്ലെങ്കിൽ, അതിന്റെ ഫലമായി ചമ്പാ അരി ഇങ്ങോട്ടു വരുന്നതു കുറഞ്ഞിരുന്നില്ലായിരുന്നുവെങ്കിൽ, ഇവിടെ അരി വിതരണത്തിൽ യാതൊരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല എന്നു്. ഇതിൽ അരിയുടെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളു. മറ്റു നിത്യോപയോഗ സാധനങ്ങളുടെ വില കയറിയിട്ടില്ല എന്നല്ലേ അതിന്റെ അർത്ഥം? പിന്നെ പറയുന്നതു് prices of rice have registered a downward movement and are expected to stabilise soon at their normal levels.

ഇതു ഇൻഡ്യയുടെ സാമ്പത്തിക സ്ഥിതിയെ വിലയിരുത്തിക്കൊണ്ടു് പ്ലാനിംഗ് കമ്മീഷൻചെയ്തിട്ടുള്ളmid-term appraisal വിലയിരുത്തിയ സമീപന രീതിയ്ക്കു തികച്ചും എതിരാണു്. അതു് ഞാൻ വായിക്കാം. മിഡ്ടേം അപ്രൈസലിന്റെ പത്താം പേജിൽ പറയുന്നു. The increase in the general index was of the order of 3 percent എന്നു പറഞ്ഞാൽ അരി മാത്രമല്ല അരിയുടെ കൂടി എല്ലാ നിത്യോപയോഗ സാധനങ്ങളും അടങ്ങുന്ന ജനറൽ ഇൻഡക്സ് ആണു്. In 1962-63 the increase in general index was of the order of 3 per cent. But since the end of March 1963, the index has risen up by over 8 per cent—from 129 to 137 points on September 14, 1963. The rise in food articles since April 1963 has been as much as 12.7 per cent.

[12 Noon]

ഈ കഴിഞ്ഞ ഒരു കൊല്ലം മദ്രാസിൽ മഴ പെയ്യുന്നതിന്റെ ഫലമായിട്ടു് ചമ്പാ അരിയുടെ വരവു കുറഞ്ഞതുകൊണ്ടു് അരിയുടെ വില വർദ്ധിച്ചുപോന്നാണു് പറയുന്നതു്. ഈ കൊല്ലത്തെ ഇൻഡ്യയിലെ ആകെയുള്ള സ്ഥിതിയെ സംബന്ധിച്ചു് പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുള്ളതാകട്ടെ.

The rise in price of food articles since April 1963 has been as much as 12.7 per cent. എന്നു തുടർന്നു. This is a matter of continuing concern and further action may become necessary to arrest this trend. എന്നുമാണു്. പ്ലാനിംഗ് കമ്മീഷൻ ഇതു പറയുന്ന അവസരത്തിലാണു് ഇവിടത്തെ ഭക്ഷ്യവകുപ്പുമന്ത്രി പറയുന്നതു് ഇവിടെ വലിയ കുഴപ്പമൊന്നുമില്ല, മഴ പെയ്തതുകൊണ്ടുള്ള ബുദ്ധിമുട്ടുമാത്രമേയുള്ള എന്നു്.

ഈ രാജ്യത്തിലെ സ്ഥിതിഗതികളെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറിനു് ഒരു ധാരണയില്ലാത്തതിനാണു് അവരിതു പറയുന്നതെന്നു ഞാൻ പറയുകയില്ല. ബുദ്ധിയില്ലാത്തവരല്ല ഈ മന്ത്രിമാർ. എല്ലാറ്റിനേപ്പറ്റിയും നല്ല ധാരണയുണ്ടായാൽ പോലും അതിനെ മറച്ചുവെച്ചുകൊണ്ടു് കള്ളച്ചിത്രം വരച്ചു് ഈ നാട്ടിൽ ഇല്ലാത്ത ഐശ്വര്യവും സമൃദ്ധിയും ഉണ്ടെന്നു പറയുന്നതു അവക്കാവശ്യമാണു്. ഈ നാട്ടിലെ വൻകിട കച്ചവടക്കാർക്കു് കൊള്ളലാഭം എടുക്കുന്നതിനും കരിഞ്ചന്ത നടത്തുന്നതിനും സഹായിക്കുകമാത്രമാണു് ഇവരുടെ ഉദ്ദേശം. അതാണിവർ ചെയ്യുന്നതു്. ഇന്നലെ ഇവിടെ ഭക്ഷ്യവകുപ്പു മന്ത്രി പറയുന്നതുകേട്ടു ക്ഷ്യധാന്യങ്ങളുടെ മൊത്തക്കച്ചവടം ഗവണ്മെൻറു് ഏറ്റെടുക്കുക പ്രായോഗികമല്ലെന്നു്. എന്നാൽ, 1958—ൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള മുഖ്യമന്ത്രിമാരും പ്ലാനിംഗ് കമ്മീഷനും കൂടി ചേർന്നിട്ടുള്ള നാഷണൽ ഡവലപ്പ്മെൻറു് കൗൺസിലിൽ ഒരു തീരുമാനം എടുത്തിട്ടുണ്ടു്. അതെന്താണെന്നു വച്ചാൽ 'ഹോൾസെയിൽ ട്രേഡ്ഇൻ ഫുഡ് ഗ്രെയിൻസ്' (ക്ഷ്യധാന്യങ്ങളുടെ മൊത്തക്കച്ചവടം) ഗവണ്മെൻറു് ഏറ്റെടുക്കണമെന്നു്. ഈ നാട്ടിലെ സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ചു കാര്യമായിട്ടു് ചിന്തിക്കുന്നവരുടെ ഇടയിൽ എല്ലാം ഇന്നു അതിനെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

ള്ള ചർച്ചകളും നടക്കുന്നുണ്ട്. അതിന്റെ അല അടുത്ത നടന്ന ഭുവനേശ്വർ സമ്മേളനത്തിലും അടിച്ചു. അതിനെസംബന്ധിച്ച് യാതൊരു ചിന്തയുമില്ലാതെ ഈ നാട്ടിൽ കുഴപ്പങ്ങളൊന്നുംതന്നെയില്ലെന്നും, മദ്രാസിൽ മഴ പെയ്തതുകൊണ്ട് ചമ്പാഅരി വരാത്ത ഒരു ഒറ്റ കുഴപ്പമേയുള്ളുവെന്നും പറയുന്നതു്, ഈ നാട്ടിലെ ജനങ്ങളെ വഞ്ചിക്കാൻ വേണ്ടിയാണു്, ഈ നാട്ടിൽ കൊള്ള ലാഭം എടുക്കാൻ ശ്രമിക്കുന്നതായിട്ടുള്ള കരിഞ്ചന്ത കച്ചവടക്കാരെ രക്ഷിക്കുന്നതിനു വേണ്ടിയാണു് എന്നു് പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതിനെപ്പറ്റി കൂടുതലായിട്ടു് സംസാരിക്കാൻ സമയമില്ല.

രണ്ടാമതായിട്ടു് അയഥാർത്ഥചിത്രം വരയ്ക്കുന്നതിന്റെ മറ്റൊരു ഉദാഹരണം ഞാൻ പറയാം. ബഹുമാനപ്പെട്ട ഗവർണ്ണരുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരിടത്തും തൊഴിലില്ലായ്മപ്രശ്നത്തെപ്പറ്റി ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. തൊഴിലില്ലായ്മപ്രശ്നം എവിടെ നിൽക്കുന്നുവെന്നും, അതിനെന്തെങ്കിലും പരിഹാരം ഉണ്ടാക്കാൻ മാർഗ്ഗമുണ്ടോയെന്നുമുള്ളതിനെപ്പറ്റിയൊന്നും പറഞ്ഞിട്ടില്ല. എന്താണു് അതിന്റെ കാരണമെന്നു് മനസ്സിലാകുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ച 'മിഡ്' ടേം അപ്രൈസൽ' രേഖയിൽ പ്ലാനിംഗ് കമ്മീഷൻ തൊഴിലില്ലായ്മ പ്രശ്നം എവിടെ നിൽക്കുന്നുവെന്നു് പറയുന്നുണ്ടു്; അതിന്റെ പത്താം പേജിൽ 8-ാം പാരഗ്രാഫിൽ Additional employment generated in the non-agricultural sector during the first two years has been estimated at 2·3 million. Precise estimate of additional employment in the Agricultural sector is not available. എന്നെല്ലാം പറഞ്ഞിട്ടുണ്ടു് "By and large, therefore, it would appear that no serious attempt has been made on the problem of unemployment in the country." എന്നും പറഞ്ഞിട്ടുണ്ടു്. രണ്ടു പഞ്ചവത്സര പദ്ധതികളും മുഴുവനും മൂന്നാം പഞ്ചവത്സരപദ്ധതിയുടെ പകുതിയും കഴിഞ്ഞിട്ടും ഈ രാജ്യത്തു് തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്നതു്. മാത്രമല്ല പ്ലാനിംഗ് കമ്മീഷൻ എടുത്തിട്ടുള്ള തൊഴിലില്ലായ്മയുടെ കണക്കിൽ കാണുന്നതു് പഞ്ചവത്സരപദ്ധതികളും ഓരോന്നും കഴിയുംതോറും തൊഴിലില്ലാത്തവരുടെ എണ്ണം ഇരുപതും മുപ്പതും ലക്ഷംവീതം കൂടിക്കൊണ്ടിരിക്കുകയാണെന്നാണു്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റവും തൊഴിലില്ലായ്മ പ്രശ്നവുമാണു് ഏറ്റവും പ്രധാനമായിട്ടുള്ള കാര്യങ്ങൾ. ഈ രണ്ടു കാര്യങ്ങളുടെ ഗൗരവവും അതു പരിഹരിക്കുന്നതിലുള്ള പ്രാധാന്യവും മനസ്സിലാക്കാതെയുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണു് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ ചെയ്തിട്ടുള്ളതെന്നാണു് എനിക്കു് പറയുവാനുള്ള ആദ്യത്തെ പോയിന്റു്.

രണ്ടാമത്തെ പോയിന്റു് ഈ നാട്ടിനെ സാമ്പത്തികമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗം എന്തായിരിക്കണമെന്നുള്ളതിനെ ഈ നിയമസഭ ചർച്ചചെയ്തു ഒരു സമീപനം ഉണ്ടാക്കിയിട്ടുണ്ടു്. ഞാൻ സൂചിപ്പിക്കുന്നതു് മൂന്നാം പഞ്ചവത്സര പദ്ധതിയെ സംബന്ധിച്ചു് സ്റ്റേറ്റു് പ്ലാനിംഗ് അഡ്വൈസറി ബോർഡിലും, ആ ബോർഡ് നിയമിച്ച സബ് കമ്മിറ്റിയിലും അതെല്ലാം കഴിഞ്ഞു് ഈ നിയമസഭയിലും ചർച്ച കഴിഞ്ഞു് ഈ നാട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മുഖ്യമായ മാർഗ്ഗം എന്താണെന്നുള്ളതിനു് ഒരു തീരുമാനം എടുത്തിട്ടുണ്ടു്. അതെന്താണെന്നുവച്ചാൽ ഈ നാട്ടിൽ വ്യവസായവൽക്കരണമല്ലാതെ മറ്റൊരു രക്ഷയുമില്ലെന്നുള്ളതാണു്. ആ തീരുമാനം അന്നു് നമ്മളെ എല്ലാവരും ഏകകണ്ഠമായി അംഗീകരിച്ച ഒന്നാണു്. ആ വ്യവസായവൽക്കരണം ഈ രാജ്യത്തു് നടപ്പിൽ വരണമെങ്കിൽ പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി കേന്ദ്രസെക്ടറിൽ തുടങ്ങേണ്ട വ്യവസായങ്ങളിൽ നമുക്കു് അർഹിക്കുന്ന പങ്കെങ്കിലും നമുക്കു് കിട്ടണം. വ്യവസായവകുപ്പുമന്ത്രി ചെയർമാനും, പനമ്പിള്ളി ഗോവിന്ദമേനോൻ വൈസ്ചെയർമാനും, സ്റ്റേറ്റു് പ്ലാനിംഗ് അഡ്വൈസറി ബോർഡിലെ വ്യവസായ സബ്കമ്മിറ്റിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളും—അതിൽ ഞാനും ഒരു മെമ്പർ ആയിരുന്നു—എല്ലാവരും കൂടി ച്ചേർന്ന് അന്ന് ആലോചിച്ച് തീരുമാനിച്ചതുതന്നെയാണ് മൂന്നാം പഞ്ച വത്സരപദ്ധതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കേന്ദ്ര സെക്ടറിലും സ്റ്റേറ്റ് സെക്ടറിലുമായി 80 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് കേരള ത്തിൽ ഉണ്ടാകണമെന്നാണ് തീരുമാനിച്ചിട്ടുള്ളതു്. അതാണ് ഈ നിയമ സഭയും അംഗീകരിച്ചിട്ടുള്ളതു്. അങ്ങനെ മൂന്നാംപഞ്ചവത്സരപദ്ധതിയിൽ 80 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് സ്റ്റേറ്റ് സെക്ടറിലും സെൻട്രൽ സെക്ടറിലുമായിട്ട് ഉണ്ടാകണം. എന്നാൽ, ഇപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നതു് മൂന്നും നാലും പഞ്ചവത്സരപദ്ധതി കളിൽകൂടി ആകെ 114 കോടി രൂപ മതിയെന്നാണ്. അതു് ഈ നിയമ സഭയും ഈ സ്റ്റേറ്റിലെ സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി ബോർഡും അംഗീകരിച്ചിട്ടുള്ള സമീപനങ്ങൾക്കു് എതിരാണ്. സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി ബോർഡു് അംഗീകരിച്ചിട്ടുള്ള സമീപനമനുസരിച്ച് കേന്ദ്രവും സ്റ്റേറ്റുംകൂടി വ്യവസായ മേഖലയിൽ ആകെ ഇരുനൂറു കോടിയോളം രൂപ പത്തുകൊല്ലക്കാലംകൊണ്ടു് ചെലവാക്കേണ്ടിവരും. അതിനു പകരംനയ പ്രഖ്യാപന പ്രസംഗത്തിൽ കാര്യമായിപറയുന്നതു് എന്താണു്? ലോകനാഥൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചതിലുമധികം വ്യവസായം ഇപ്പോഴേതന്നെ ആയിക്ക ഴിഞ്ഞു എന്നാണു് എനിക്കുപറയാനുള്ളതു്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനം തന്നെ തെറ്റാണെന്നാണു്. അതിനെ സംബന്ധിച്ചു് ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ടോ? ചെയ്തിട്ടില്ല. അങ്ങനെ അതു് ചർച്ച ചെയ്യുന്നതിനുമുമ്പു് അതൊരു വേദവാക്യമായിട്ടു് എടുത്തു അതിൽ പറയുന്ന 114 കോടി രൂപ ഈ സംസ്ഥാനത്തെ ജനങ്ങളുടെ ലക്ഷ്യമെന്നുള്ളനിലയ്ക്കു് സംസാരിക്കുന്നതു് ഈ നിയമസഭയിലുള്ളവരേയും, ഈ സംസ്ഥാനത്തിലെ ജനങ്ങളെയും അപമാനി ക്കലാണു്. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ പറയുന്നതുപോലെയുള്ള ഇൻവെസ്റ്റു് മെന്റിൽ ഇരുപത്തിയെട്ടു് ശതമാനം വ്യവസായങ്ങൾക്കു് വേണമെന്നാണു്. അങ്ങനെയാണെങ്കിൽ മൊത്തം ഇൻവെസ്റ്റുമെന്റായ ആയിരംകോടിരൂപ യിൽ സെൻട്രൽ സെക്ടറിലും, സ്റ്റേറ്റ് സെക്ടറിലും, പ്രൈവറ്റ് സെക്ടറിലുംകൂടി 230 കോടി രൂപവ്യവസായങ്ങൾക്കു് വേണം. ലോകനാഥൻ റിപ്പോർട്ടിൽ പറയുന്നതു് 114 കോടി രൂപ മതിയെന്നാണു്. എന്നുവെച്ചാൽ 230 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റു് സ്റ്റേറ്റ് സെക്ടറിലും സെൻട്രൽ സെക്ടറിലും പ്രൈവറ്റ് സെക്ടറിലുംകൂടി ഉണ്ടായിരിക്കണ മെന്ന പ്ലാനിംഗ് കമ്മീഷന്റെ സമീപനത്തിനുപകരം ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ ലോകനാഥൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെ ടുത്തി 114 കോടി രൂപ മതിയെന്നാണു് അവകാശപ്പെടുന്നതു്. അതുകൊണ്ടു ലോകനാഥൻ റിപ്പോർട്ടിനെപ്പറ്റി ചർച്ചചെയ്യുന്നതിനു് രണ്ടോ മൂന്നോ ദിവസം ഇവിടെ അനുവദിക്കുകയാണെങ്കിൽ, വ്യവസായവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഞങ്ങളും എല്ലാം കൂടി അംഗീകരിച്ചിട്ടുള്ള മൂന്നാം പഞ്ചവത്സര പദ്ധതിയുടെ രേഖയിൽ പറഞ്ഞിട്ടുള്ള വ്യവസായവൽക്കരണത്തിന്റെ സമീ കരണത്തിൽനിന്നും എത്രയോ അധികം പിന്നോട്ടു പോകുന്നതാണു്. ലോക നാഥൻ റിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള രേഖ കളും കേരളത്തിലെ ജനങ്ങൾക്കു് സ്വീകാര്യമല്ലാത്തതാണെന്നു തെളിയി ക്കാൻ ഞാൻ തയ്യാറാണു്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തെ സംബന്ധിച്ചു് കൂടുതൽ സംസാരിക്കാനുള്ള സമയം ഇല്ലാത്തതു കൊണ്ടു് ഞാൻ അവസാനത്തെ കാര്യത്തിലേക്കു് കടക്കാം.

ഈ സഭയിൽ ഏറ്റവും പ്രധാനപ്പെട്ട മൂന്നു മന്ത്രിമാരുടെ മേൽ മുഖ്യമായ ആരോപണങ്ങൾ വന്നിട്ടുണ്ടു്. അതു് വ്യക്തിപരമായ ആരോപണം ആണെ ന്നു് പറഞ്ഞിട്ടു് കാര്യമില്ല. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുന്നതു്:

"A high standard of integrity is essential for the efficient functioning of any Government".

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ഈ. എം. ശങ്കരൻനമ്പൂതിരിപ്പാട്)

ഹൈ സ്റ്റാൻഡേർഡ് ഓഫ് integrity ഇല്ലാത്ത മൂന്നു മന്ത്രിമാർ നമ്മുടെ മന്ത്രിസഭയിലുണ്ട്. ഞാൻ ഉദ്ദേശിക്കുന്നതു് അഴിമതി ആരോപണത്തിനു് വിധേയരായ രണ്ടുമന്ത്രിമാർ, അതേപോലെ ഇപ്പോഴും പ്രസിദ്ധനായിത്തീർന്നിട്ടുള്ളതും ഇന്നലെയും ഇന്നും ഈ സഭയിൽ പരാമർശനത്തിനു് ഇടയായിട്ടുള്ളതുമായ മറെറാരു മന്ത്രിയുമാണു്. ഈ മൂന്നു മന്ത്രിമാരെയും സംബന്ധിച്ചുള്ള ആരോപണം എന്താണു്? മുമ്പു അഴിമതിയാരോപണം വന്ന അവസരത്തിൽ പ്രതിപക്ഷ നേതാവു് എന്ന നിലയിൽ ഞാൻ പറഞ്ഞതു് അതിനെസംബന്ധിച്ചു് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുകയാണെങ്കിൽ ഇതു സംബന്ധിച്ചുള്ള ഞങ്ങളുടെ കൈവശമുള്ള എല്ലാ വസ്തുതകളും, അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വെയ്ക്കാമെന്നാണു്. അന്നു് ജുഡിഷ്യൽ അന്വേഷണം നടത്തിയിട്ടില്ല. ജുഡിഷ്യൽ അന്വേഷണം പോലെയുള്ള അന്വേഷണം ഉണ്ടാകും അപകീർത്തികേസു കൊടുത്താലെന്നു പറഞ്ഞു അപകീർത്തികേസു കൊടുത്തു. ആ സമയത്തു് ഞങ്ങളും പറഞ്ഞു ജുഡിഷ്യൽ അന്വേഷണവും അപകീർത്തി കേസു കൊടുക്കലും രണ്ടും രണ്ടാണെന്നു്. അപകീർത്തികേസു കൊടുക്കുകയെന്നു പറഞ്ഞാൽ ആ പത്രങ്ങളെ ദ്രോഹിക്കുകയാണു്. നേരെമറിച്ചു് ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ ശരിയായ വിവരങ്ങളും ലഭിക്കും. പ്രതാപ് സിംഗ് കൈരോണിന്റെ പേരിൽ അഴിമതിയാരോപണം വന്നപ്പോഴും ജുഡിഷ്യൽ അന്വേഷണമാണു് നടത്തുന്നതു്. ഒരു ഉയർന്ന ജുഡീഷ്യൽ ഉദ്യോഗസ്ഥനെക്കൊണ്ടാണു് അതിലെ അന്വേഷണം നടത്തിയതു്. അതേപോലെ ഇവിടെയും ഒരു ജുഡിഷ്യൽ അന്വേഷണം നടത്തണമെന്നു് ഞങ്ങളും കാൺഗ്രസ്സിലെതന്നെ നല്ല ഒരു വിഭാഗം മെമ്പറന്മാരും ആവശ്യപ്പെട്ടു. എന്നാൽ ജുഡീഷ്യൽ അന്വേഷണം നടത്താതെ അപകീർത്തികേസു കൊടുത്തു. അതു ഒരു ഘട്ടത്തിലെത്തിയപ്പോഴും പിൻവലിക്കുകയും ചെയ്തു. അതു് പിൻവലിച്ചതിൽ എനിക്കു് പരാതിയില്ല. ആദ്യം ചെയ്തതേ തെറ്റാണു്. പക്ഷെ അപകീർത്തികേസു പിൻവലിച്ചാലും ജുഡീഷ്യൽ അന്വേഷണം നടത്താവുന്നതാണു്. അപകീർത്തികേസു പിൻവലിച്ചതു് പത്രങ്ങളുടെ മേൽ സൗഹാർദ്ദം കാണിക്കുന്നതിനുവേണ്ടിയാണെന്നായിരുന്നു ന്യായം. എന്നാൽകേസു് പിൻവലിച്ചതിന്റെ അടുത്ത ദിവസം ചെയ്തതു് ആ പത്രങ്ങളുടെ പ്രധാനപ്രവർത്തകന്മാരെ പിടിച്ചു കയ്യാമംവച്ചു് കോഴിക്കോട്ടുകൂടെ നടത്തുകയാണു ഉണ്ടായതു്. ഇതാണോ പത്രങ്ങളുടെ മേലുള്ള സൗഹാർദ്ദം?

എന്റെ ഗൗരവതരമായ സംശയം—അതിൽ കൂടുതൽ പറയുന്നില്ല—അപകീർത്തിക്കേസു് സംബന്ധിച്ചുള്ള കോടതിനടപടികളുടെ ഗതി കണ്ടപ്പോഴും ഏതെങ്കിലും വിധത്തിൽ ഇതിൽനിന്നു രക്ഷപെടണമെന്നു വിചാരിച്ചു് കേസു് പിൻവലിക്കുകയാണു് ചെയ്തതു് എന്നാണു്. അതല്ലെങ്കിൽ പത്രങ്ങളുടെ മേലുള്ള നടപടികളും പിൻവലിച്ചു് അന്തരീക്ഷം സൗഹാർദ്ദപൂർവ്വമാക്കുന്നതോടുകൂടിതന്നെ ആരോപണത്തെ സംബന്ധിച്ചു് അന്വേഷണം നടത്തണം. അങ്ങനെ ചെയ്തില്ല. ആ അന്വേഷണത്തിന്റെ ഫലമായിട്ട ആരോപണം ഉന്നയിച്ചിരുന്നവർ ഉത്തരവാദിത്വബോധമില്ലാതെയാണതു ചെയ്തതെന്നു തെളിഞ്ഞാൽ അവർക്കല്ലേ അതുകൊണ്ടു കുറവു? അതിനു തയ്യാറാകാതെ ജുഡീഷ്യൽ അന്വേഷണത്തിൽനിന്നു് ഒഴിഞ്ഞുമാറി.

ആഭ്യന്തരമന്ത്രിയെ സംബന്ധിച്ചാണെങ്കിൽ ഇന്നലെയും ഇന്നുമായി ഇവിടെ നടന്നിട്ടുള്ള കുറേ പരാമർശങ്ങളെ സംബന്ധിച്ചു് വിശദമായൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഏതാനും വസ്തുതകൾ നിഷേധിക്കുവാൻ, പാടുപെട്ടു് ആഭ്യന്തരകാര്യമന്ത്രിയെ രക്ഷിക്കുന്നതിനു് എത്തിയിട്ടുള്ള ചില ഭരണകക്ഷി അംഗങ്ങൾക്കുപോലും, കഴിഞ്ഞിട്ടില്ല. അക്കാര്യം സുവ്യക്തമാണു്. മന്ത്രി നിയമം ലംഘിച്ചിരിക്കുന്നു. അതു് യാതൊരു സംശയവുമില്ലാത്ത കാര്യമാണു്. എന്നുമാത്രമല്ല, ആ നിയമം ലംഘിച്ചുകഴിഞ്ഞിട്ടു് ഇവിടെ വന്നുകേറി പറയുകയാണു്, കമ്മ്യൂണിസ്റ്റു് മന്ത്രിമാരുടെ പേരിൽ മുൻപു് കേസുകൾ നടന്നിട്ടുണ്ടു്, അവരെ ശിക്ഷിച്ചിട്ടുണ്ടു് എന്നു്. ആരെ ശിക്ഷിച്ചു; എന്തു കേസിലാണു് എന്നു ഞാൻ ചോദിക്കുകയാണു്. അങ്ങനെ വല്ലതും ഉണ്ടായിരുന്നെങ്കിൽ അന്നു വിട്ടുന്ന കൂട്ടരാണോ നിങ്ങൾ? അതു്

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയും കാലം എന്തുകൊണ്ടാണു് മൂടിവച്ചുകൊണ്ടിരുന്നതു് ? ഇനി എന്തു കൊണ്ടു്, ആരുടെ പേരിലാണു് കേസുണ്ടായതു് ? കോർട്ടലക്ഷ്യത്തിനു് എന്റെ പേരിൽ ഒരു കേസു് വന്നു; പരസ്യപ്രസ്താവന നടത്തിയിട്ടായി എന്നുള്ളതിനു്. സത്യസന്ധതയോടുകൂടി ഞാൻ ഹൈക്കോടതിയിൽ പോയി കാര്യം പറഞ്ഞു. എന്റെ ആ പ്രവർത്തിയെ ചീഫ് ജസ്റ്റിസ് പരസ്യമായി അഭിനന്ദിക്കുകയും ചെയ്തു. പിന്നെ പറയുന്നതുകേട്ടു, മുണ്ടശ്ശേരിമാസ്റ്റർ മന്ത്രി യാകുന്നതിനുമുമ്പു് പത്രാധിപരായിരുന്ന കാലത്തു് ആ പത്രത്തിൽ എഴുതി യിരുന്നതിനെ സംബന്ധിച്ചിടത്തോളം അപകീർത്തികേസുണ്ടായിരുന്നു. അങ്ങനെയാണെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട വ്യവസായമന്ത്രിയുടെ കാര്യം എനിക്കറിയാം, അദ്ദേഹം 1932, 33 മുതൽ എത്രയോ പത്രങ്ങളുടെ പത്രാധി പരായിരുന്നിട്ടുണ്ടു്; അതിൽ കേസുകളുമുണ്ടായിട്ടുണ്ടു്. എന്റെ പേരിലാകട്ടെ ഇപ്പോഴും ഒരു അപകീർത്തിക്കേസു് നടക്കുന്നുണ്ടു് ഇത്തരം അപകീർത്തിക്കേസു കളും തൃശ്ശൂർ പട്ടണത്തിൽവച്ചു് കാർ മുട്ടിച്ചു് ആളുകളെ തട്ടിയിട്ടു് എതിരെ പോയ വേലായുധൻ ഇപ്പോഴും, ഒന്നര മാസമായി ആശുപത്രിയിൽ കിടക്കുന്ന കേസും, ഇതു രണ്ടും ഒന്നാണെന്നു പറയത്തക്കവണ്ണമുള്ള തൊലിക്കട്ടി ആഭ്യന്തര മന്ത്രിക്കു വന്നല്ലോ ? എന്നിട്ടു് ഇതെല്ലാം ന്യായീകരിക്കാൻ കുറച്ചാളുകളും!! ഇതിനെ സംബന്ധിച്ചു് പറയുന്ന അവസരത്തിൽ വ്യക്തിവൈരമാണു്, ആഭാസമാണു്, അശ്ലീലമാണു് എന്നൊക്കെയാണു് പ്രചരണം നടത്തുന്നതു്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ശ്രീ. പി. ടി. ചാക്കോവിന്റെകൂടെ കാറിൽ ആരാണു് ഉണ്ടായിരുന്നതു്, അവർ എവിടെ പോയി ഇതൊന്നും ഞാൻ പറയുന്നേയില്ല. മുഖ്യമായ കാര്യം എന്താണു് ? അദ്ദേഹം നിയമം ലംഘിച്ചു. അങ്ങനെ നിയമം ലംഘിച്ചാൽ ആഭ്യന്തരമന്ത്രിയായിരുന്നില്ലെങ്കിൽ ഇതിനു എത്രയോ മുൻപു് പ്രോസിക്യൂഷൻ നടക്കുമായിരുന്നു. അതു് ഇപ്പോഴും ഇക്കാര്യ ത്തിൽ നടന്നിട്ടില്ല. ഇതൊരു നിഷേധിക്കാൻ വയ്യാത്ത വസ്തുതയാണു്. എന്നു മാത്രമല്ല ഈ തരത്തിൽ ഒരു ആക്സിഡന്റു് ഉണ്ടായതിന്റെ ഫലമായിട്ടു് രണ്ടു പെൺകുട്ടികൾക്കും, ഒരു പൗരനും പരിക്കേറ്റിട്ടു് അദ്ദേഹം തിരിഞ്ഞു നോക്കിയിട്ടില്ല. മോട്ടോർ വെഹിക്കിൾസു് ആക്ടിലെ 89–ാം വകുപ്പു പ്രകാരം കാർ നിറുത്താൻ താൻ ബാദ്ധ്യസ്ഥനല്ലെന്നാണു് മന്ത്രി പറഞ്ഞതു്. ബാദ്ധ്യസ്ഥനാണെന്നു വേറൊരു നിയമജ്ഞൻ പറഞ്ഞു. ഏതായാലും എനിക്കറിയുകയില്ല. പക്ഷേ ഒരു കാര്യം പറയാം. സാധാരണ ഒരു മനുഷ്യ നാണെന്നുണ്ടെങ്കിൽ ഈ തരത്തിലൊരു ആക്സിഡന്റു് വന്നാലുടനെതന്നെ അതിനുവേണ്ടി എന്തെങ്കിലും ചെയ്യും. മന്ത്രി പറയുന്നു, എത്ര ആളുകൾക്കു് ആക്സിഡന്റു് പറ്റിയെന്നു ആ സമയത്തു് എനിക്കു് അറിയുകയില്ലെന്നു്. കാർ മുട്ടി എന്നേയുള്ളു. എങ്കിലും പീച്ചിയിൽ ചെന്നിട്ടു് ഡി. വൈ. എസ്. പി.–യെ അറിയിച്ചില്ലേ ? ആ ഘട്ടത്തിലും ആശുപത്രിയിൽപ്പോയി വിവര മന്വേഷിച്ചുവോ. മറുപടി ഇല്ല. സാധാരണ മനുഷ്യൻ പാലിക്കേണ്ടതായ ഒരു നിയമമല്ലേ ഇതു് ? അതു ലംഘിച്ച ആളാണു്, മനുഷ്യത്വത്തിന്റെ സാമാന്യ നിയമം ലംഘിച്ചിട്ടുള്ള ആളാണു്, മന്ത്രി. ഇങ്ങനെ ക്രിമിനൽ നിയമവും മനുഷ്യത്വത്തിന്റെ നിയമവും ലംഘിച്ചു. സാഹചര്യത്തിൽ വേറെ ചിലതു് സംഭവിക്കുമെന്ന സംശയം ഉണ്ടായാൽ അങ്ങനെ സംശയിക്കുന്നവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. സംശയത്തിനുള്ള സാഹചര്യമുണ്ടു്. ആ സ്ഥിതിക്കു് ഈ മന്ത്രിയെ സംബന്ധിച്ചു്, ഈ ഗവണ്മെന്റിനെ സംബന്ധിച്ചു് ഇതിൽ മെംബറന്മാരായിട്ടുള്ള മന്ത്രിമാരുടെ ഇൻഗ്രിറ്റിയെ സംബന്ധിച്ചു് ഗവർണർ പറഞ്ഞതിൽ വല്ല ബഹുമാനവുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട പി. ടി. ചാക്കോ രാജി വയ്ക്കേണ്ടതാണു്; അദ്ദേഹത്തെക്കൊണ്ടു് രാജി വയ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ മന്ത്രിസഭാപ്രവർത്തകരും, പാർട്ടിപ്രവർത്തകരും ഉപദേശി ക്കേണ്ടതാണു്; അങ്ങനെ ചെയ്യാൻ ഗവർണർ ഉപദേശിക്കേണ്ടതാണു്.

ഗവർണ്ണർ ശ്രീ. വി. വി. ഗിരി ഈ സംസ്ഥാനത്തു വന്നപ്പോഴും, അതിനു മുൻപു് യു. പി. ഗവർണറായിരുന്ന കാലത്തുമെല്ലാം അദ്ദേഹം ആവർത്തി ച്ചാവർത്തിച്ചു പറയാറുണ്ടു്, ഞാനൊരു സൈലന്റു് ഗവർണറായിരിക്കുകയില്ലെന്നു്. ഇതു കേട്ടപ്പോഴും എനിക്കു വിശ്വാസം തോന്നി. പത്തുനാല്പതു കൊല്ലമായി ഈ നാട്ടിലെ പൊതുജീവിതത്തിലുള്ള ഒരാളാണു് അദ്ദേഹം,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

അദ്ദേഹത്തിന്റെ സത്യസന്ധതയിൽ വിശ്വസിക്കുന്നവരാണു ഞങ്ങളും. ഞാനും എന്നേപ്പോലെ ചിലരൊക്കെ പല മണ്ഡലങ്ങളിലായി കുറച്ചുകാലമെങ്കിലും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്നിട്ടുണ്ട്. അദ്ദേഹം ഇവിടെ വന്നിട്ട് ഒരു സൈലൻറ് ഗവർണറല്ലാത്ത രീതിയിൽ ഇവിടെ അഴിമതി തുടച്ചുമാറ്റുന്നതിനു സഹായിക്കുമെന്നു കരുതി. ഇപ്പോൾ കാണുന്നതു്, ഒന്നുകിൽ അദ്ദേഹം സൈലൻറ് ഗവർണറാണു്, അല്ലെങ്കിൽ എന്തോ നമ്മുടെയെല്ലാം നിർഭാഗ്യം കൊണ്ടു് ഈവക ഒരിക്കലും ന്യായീകരിക്കാൻ വയ്യാത്ത നടപടികൾക്കു് അദ്ദേഹവും കൂട്ടുനിൽക്കുന്നു എന്നാണു് മനസ്സിലാക്കേണ്ടതു്. ഇതിൽ രണ്ടാമത്തേതു വിചാരിക്കാൻ പൂർവ്വപരിചയം എന്നെ അനുവദിക്കുന്നില്ല.

ഏതായാലും ശരി, ഇത്തരത്തിൽ മുഖ്യമന്ത്രിയടക്കമുള്ള രണ്ടു മന്ത്രിമാരുടെ പേരിൽ ഗൗരവാവഹമായ അഴിമതി ആരോപണങ്ങളും ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണു്. ആഭ്യന്തരമന്ത്രിയുടെമേൽ അദ്ദേഹംതന്നെ കൈകാര്യം ചെയ്യുന്നതായിട്ടുള്ള ആ വകുപ്പിനെ സംബന്ധിച്ചു് പ്രോസിക്യൂഷൻ ശരിയായി നടത്തുന്നില്ലെന്നു് ജനങ്ങൾക്കു് ഭയം തോന്നിക്കത്തക്ക നിലയിലുള്ള ഒരു സാഹചര്യം ഇവിടെ ഉണ്ടായിട്ടുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്തുന്നു. ആദ്യം നാലഞ്ചു ദിവസങ്ങൾക്കകം, മന്ത്രി പറഞ്ഞു, ആശുപത്രിയിൽ പോയി വേലായുധനെ കണ്ടുവെന്നും, അയാൾക്കു വലിയ പരിക്കു് പറ്റിയിട്ടില്ലെന്നും. ഇപ്പോൾ പറയുന്നു, ഇനിയും ഒന്നര മാസമായിട്ടു് അയാളെ ആശുപത്രിയിൽനിന്നും വിട്ടിട്ടില്ലെന്നു്. അതുകൊണ്ടാണു് കേസു് ചാർജ്ജു് ചെയ്യാത്തതെന്നു്. ആ നിലയിൽ പ്രവർത്തിച്ച ഒരാളാണീ മന്ത്രി. അദ്ദേഹത്തിന്റെ നടപടിയിലടങ്ങിയ സാന്മാഗ്ലികപ്രശ്നത്തിന്റെ കാര്യം മാറ്റിവച്ചു്, ഒരു 'സഹപ്രവർത്തക' കാറിലുണ്ടായിരുന്നു് എന്നു തന്നെ കണക്കാക്കിയാലും. കാറുവിട്ടു് മൂന്നുപേരെ ആശുപത്രിയിൽ അയച്ച കേസു് ചാർജ്ജു് ചെയ്യാതെ ഇത്രയും കാലം ഇരുന്നിരുന്നുവെന്നുണ്ടെങ്കിൽ അത്തുമാത്രം മതി ഈ മന്ത്രിയുടെ ഇൻറഗ്രിറ്റിയെ ചോദ്യം ചെയ്യാൻ. ഇതിലും എത്രയോ നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി രാജി വച്ചിട്ടുള്ള ആളുകൾ, കേന്ദ്രമന്ത്രിമാർ നിങ്ങളുടെ പാർട്ടിയിലുണ്ടു്. തന്റെ റയിൽവേവകുപ്പിൽ വന്ന ഗൗരവാവഹമായ ഒരു ആക്സിഡൻറിനെത്തുടർന്നു് കേന്ദ്രമന്ത്രിസ്ഥാനം രാജിവച്ച ആളാണു് ശ്രീ. ലാൽബഹദൂർശാസ്ത്രി. അദ്ദേഹത്തിനു് വ്യക്തിപരമായി അതിൽ ഉത്തരവാദിത്വമുണ്ടെന്നു് ആരും പറഞ്ഞിട്ടില്ല. എന്നിട്ടും അദ്ദേഹം രാജിവച്ചു. പിന്നീടു് അദ്ദേഹം വന്നു. ആ നിലയ്ക്കു് എനിക്കു് ബഹുമാനപ്പെട്ട ചാക്കോയെ അറിയിക്കാനുള്ളതു് അദ്ദേഹത്തിനു് ആത്മാഭിമാനം ലവലേശമുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ പാർട്ടിയായ കോൺഗ്രസ്സിനോടു് ലവലേശം സ്നേഹമുണ്ടെങ്കിൽ, ഈ കേരളസംസ്ഥാനത്തോടു് ലവലേശം സ്നേഹമുണ്ടെങ്കിൽ, ഈ സ്ഥാനം രാജിവയ്ക്കണം; എന്നിട്ടു് 1965-ലെ തെരഞ്ഞെടുപ്പിൽ നിയമസഭയിലേക്കു വരണം. ഇനി ഈ നിലയിൽ പോകുകയാണെങ്കിൽ 1965-ൽ കാൺഗ്രസ് കേരളം കാണുകയില്ല. ഇതാണു് യാഥാർത്ഥ്യം.

അതുകൊണ്ടു് ഈ സംസ്ഥാനത്തെ പ്രശ്നങ്ങളെ സംബന്ധിച്ചു് ഈ ഗവണ്മെൻറിനു് ഒന്നുകിലോ യാതൊരു പിടിയുമില്ല, അല്ലെങ്കിൽ പിടിയുണ്ടായിട്ടുപോലും ഈ നാട്ടിലെ സാധാരണക്കാരെ കരുതിക്കൂട്ടി ദ്രോഹിക്കത്തക്ക നിലയിൽ ഈ നാട്ടിലെ നിക്ഷിപ്തതാൽപ്പര്യക്കാരെ രക്ഷിക്കുന്ന ഒരു സമീപനമാണു് എടുത്തിട്ടുള്ളതു്. ആ സമീപനത്തോടുകൂടിത്തന്നെ സാധാരണ നാലു പേർ കേട്ടാൽ നിരക്കാത്ത കാര്യങ്ങളും ചെയ്തു് മുന്നോട്ടു പോകുന്ന നിങ്ങളും എന്തുകൊണ്ടു് പഞ്ചാബിൽ ചെയ്തതു് ഇവിടെ ചെയ്തില്ല ? ഈ കാര്യങ്ങളെല്ലാം പരിഗണിച്ചു് ഈ ഗവണ്മെൻറു് വഴിമാറുന്നില്ലെങ്കിൽ അവരെ മാറ്റാൻ ഗവർണർ ശ്രമിക്കേണ്ടതായിരുന്നു.

ശ്രീ. എസ്. കുമാരൻ : സർ, ഒരു പായിൻറ് ആഫ് ആർഡർ. ഒരു ക്രിമിനൽ കേസ് ചെയ്തിട്ടുള്ള പി. ടി. ചാക്കോവിനു് ഒരു ഗവണ്മെൻറിന്റെ വക്താവു് എന്ന നിലയ്ക്കു് ഈ സഭയിൽ മറുപടി പറയുവാൻ അവകാശമുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു് അങ്ങു് ഒരു റൂളിംഗ് തരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : പ്രൈമാഫേസിയായിട്ട് ഒരു കേസുണ്ടെന്നു മന്ത്രിയുടെ പ്രസ്താവനയിൽനിന്നുതന്നെ തെളിഞ്ഞിരിക്കുന്നു. എന്നാൽ ഇന്നത്തു നിയമത്തിന്റെ പരിധിയിൽപെടാത്തതു അദ്ദേഹം ആഭ്യന്തരമന്ത്രിയാണു, നിയമമന്ത്രിയാണു, റവന്യൂമന്ത്രിയാണു എന്ന ഒരൊറ്റ കാരണംകൊണ്ടാണു. കോടതിയുടെ മുമ്പാകെ ഒരു പ്രതി എന്നുള്ള നിലയിൽ തെളിവു കൊടുക്കാൻ ബാദ്ധ്യസ്ഥനായിട്ടുള്ള ഒരാൾ, മന്ത്രി എന്നുള്ള നിലയ്ക്കു ഇവിടെവന്നു ഞങ്ങളോടു സംസാരിക്കാനും, അതു ഞങ്ങൾ കേൾക്കാനും നിയമം അനുവദിക്കുന്നുണ്ടോ ? അതു നിയമപ്രകാരം ആർഡറിലാണോ ?

മി. സ്പീക്കർ : ഇതു ആർഡറിലല്ലെന്നു നിയമം അനുശാസിക്കുന്നില്ല. അദ്ദേഹം മന്ത്രിസഭയിലെ അംഗമായാണു ഇരിക്കുന്നതു. അദ്ദേഹത്തിന്റെ പേരിൽ കോടതിവിധിയൊന്നും ഉണ്ടായിട്ടില്ല കേസു ചാർജ്ജു ചെയ്യാതിരിക്കുന്നതുകൊണ്ടു കുറക്കാരനാണെന്നു പറയുവാൻ നിവൃത്തിയില്ല. ആ നിലയ്ക്കു അദ്ദേഹത്തിനു മറുപടി പറയുവാൻ അവകാശമുണ്ടു.

Minister for Home Affairs **(Shri P. T. Chacko)** :

Sir, I must at the outset express my thanks to all the Members of the Opposition who have criticised me and criticised the administration to all those who have offered constructive criticisms and also,I may say,to all groups who have been trying to make very destructive criticisms and have been even using very abusive language. Sir, the reason is that I have never considered myself to be above any human frailty andI have of course, obtained another occasion for a proper introspection which I am sure would do some good to me. Sir, my memories go to an incident few years back which took place in my village during my boyhood days. This happened in a Nambudiri Illam' A girl was subjected to what is called'Smartha Vicharam'The allegation against the girl that could be proved was that she exchanged a few words with a young man who was a relative of the girl' But the holy 'Aphans' and relations of the Nambudiri Illam were not prepared to accept any defence. I remember the incident very well, she was turned out, practically kicked out of the house and sent out into the streets. During the last two days,Sir,I have the impression that the legion of angels beloging not to the family but, to the part of Shri Sankaran Nambudiripad was subjecting me to another 'Smarthavicharam'. I do not know whether they are trying to get me out of the House or from the State itself. Evidently their demand is that I should go out of the Ministry in Kerala. Sir, this is not the first time that the Opposition has demanded that I should resign from the Ministry. I can appreciate their position. I can very well understand, Sir, whythey want me to get away from the Cabinet. well, I would have no objection if other people who are responsible, thought so. Sir, the Communist Party, were not always playing the role of a Democratic Opposition. They always had to work up hatred enmity and illwill. I presume that they are taking such an attitude towards me because of certain things which I had to do in my capacity as a Minister. The much-lamented Police verification is there. It is not mine; it is the policy of the Government. I was instrumental in enforcing the rules that have been framed for the purpose of verifying the antecedents and character of the candidates. Then I was again instrumental Sir, in bringing a Land Reforms Bill before this Legislature and getting it passed. Even though it is the policy of the Government, as the Minister in charge of Revenue it was my duty to

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

pilot the Bill in the Assembly. I can appreciate the mental condition of many of my learned friends of the Opposition who have always considered the Agrarian Relations Act; to be something sacrasanct. There are other things also. The great leader Shri A. K. Gopalan had launched a struggle when the Bill was being considered in the House. It was announced, Sir, that thousands and thousands of the masses of the people would rise against the Government. Well, not that I did anything, but the circumstances brought out an entirely different end to the agitation. In some place the party had sent five people for conducting and offering Sathyagraha before the Collectorate and for reasons, of course beyond my control, the Sathyagraha itself could not be continued for want of persons willing to do so. There are many reason like these. And this is probably not the fifth or the sixth time during the last four years that the Communist party is demanding my resignation. Without entering into certain aspects regarding which I should not make statements at this stage because a Court is seized of the matter, I very humbly like to ask my friends why I should resign. I have heard all of them patiently; I have heard the exposition of the Learned Leader of the Opposition. Sir, I have not understood why I should resign. If I am convinced I may say, I am speaking with an open mind I shall resign. But why I should resign ? what are the allegations that have been made against meue !

The first allegation is that I was driving the State car which was allotted for my use on a particular day and caused an accident. Sir, I never denied it I did not deny it on the 8th when my friends came to me I talked with my colleagues, with the Chief. Minister and His Excellency the Governor when I came back. I never denied it and I never thought of denying it. The Investigating Officer met me on the 8th. I told him that I was driving the Car.

Shri K. Bhargavan : One question.

Shri P. T. Chacko : I did not interrupt you.

Sir, on the 8th itself, the F. I. R. was taken. A letter was sent to Police Station by the Medical Officer. The Investigating Officer met me only. after taking the F. I. R.

Shri E. P. Gopalan : Sir. a Point of Order.

മന്ത്രിയുടെതന്നെ പ്രസ്താവന പത്രങ്ങളിൽ വന്നു. അതു് മന്ത്രി നിഷേധിച്ചിട്ടില്ല. അതിൽ പറഞ്ഞിട്ടുള്ളതിനെതിരായിട്ടു് ഇപ്പോഴം പറയുന്നതു് കേട്ടു കൊണ്ടിരിക്കണമെന്നാണോ ? അതെങ്കിലും ആർഡറിലല്ലെന്നു വരുത്തേണ്ടതല്ലേ?

Mr. Speaker : Where is the "Point" in this "Point of Order" ?

Shri P. T. Chacko : Sir, I thought my hon. friends would be patient to hear me. On the 8th itself, when the Investigating Officer met me, I told him that I was driving the car and I know, Sir, that a report to this effect was sent to the Court on the 9th itself. Thus, there is a record in the Court. Is there a single occasion where I have denied it ? At times, when I was asked about this, I said that the matter is 'sub judice' . Is there a single occasion when I denied it ? Can any of my hon. friends point out a single occasion when I have denied that I was driving the car.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Bhargavan : Sir, a Point of Order.

ഇതു സംബന്ധിച്ചു ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പ്രതിയായി ഒരു കേസ് കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. അദ്ദേഹം കൈകാര്യം ചെയ്യുന്ന വിഷയം മുഴുവനും കോടതിയിലുണ്ട്. അതുകൊണ്ട് ആ വിഷയത്തെ സംബന്ധിച്ച് എതെങ്കിലും സ്റ്റേറ്റുമെൻറ് ഒരു പ്രതി എന്ന നിലയിൽ നിൽക്കുന്ന ശ്രീ. ചാക്കോ ചെയ്യുന്നതു ശരിയാണോ, അതു ആർഡറിലാണോ ?

Mr. Speaker : yes, He should not enter into the merits of the case

Shri P. T. Chacko : I would not go into the merits of the case and I do not want to go into the merits of the case. I wish I would go into the merits of the case but I am not doing so. I only refer to certain allegations made against me. That is not entering into the merits of the case.

Smt. K. R. Gouri : Sir one question.

Mr. Speaker : Order, Order. There is nothing for a discussion here. We know the facts. As far as the reply is required, he has to give the facts without affecting the merits of the case.

Shri P. T. Chacko : What is the second allegation Sir ?

Shri E. P. Gopalan : Sir, I may be allowed to put a question regarding the facts.

Mr. Speaker : He is not yielding.

ശ്രീമതി. കെ. ആർ. ഗൗരി : എനിക്കെങ്കിലും ചോദിക്കാമോ ; ഞാൻ വേറൊന്നും ചോദിക്കുകയില്ല.

Mr. Speaker : Please resume your seat. He is not yielding.

ശ്രീ. എം. നാരായണക്കുറുപ്പ് : എനിക്കെങ്കിലും ചോദിക്കാമോ എന്നുള്ളതിൽ അന്തർലീനമായിട്ടുള്ള സ്വരം എന്താണ് ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഞങ്ങൾക്കു പോകാമോ ?

Mr. Speaker : The time at our disposal is very limited. Please resume your seat.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ശ്രീ. നാരായണക്കുറുപ്പ് അന്തർവ്വഹിച്ചിട്ടുള്ള കാര്യമാണ് ചോദിച്ചതു; അതൊന്നു പറഞ്ഞു കൊടുക്കാമോ?

Shri P. T. Chacko : Sir, I have the satisfaction that an occasion is given for some members to express their pent up feelings. This might have given a vent to the free flow of "Iravankaraism".

Shri E. P. Gopalan : "Chackoism" is smelling here.

Mr. Speaker : Order, Order. No need for becoming hot over this here. Let the debate go on.

Sir, the second allegation which was specifically made by Shri N. Gopala Kurup is that I have not got the driving licence. I have a valid licence. Here is it. If anybody wants I can place it on the table of the House. I had this licence from 1950 onwards and I must say that the licence had expired on the 7th December, 1963. The incident took place on the 8th and according to the provisions of the Motor Vehicles Act, I have a month's grace, and till the 7th of January 1964, my licence was valid.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗവൻ : ഈ കേസിന്റെ മെരിറ്റിലേക്ക് പോകരുതെന്ന് അങ്ങ് റൂളിംഗ് നൽകി. എന്നാൽ അദ്ദേഹം കേസിന്റെ മെരിറ്റിലേക്ക് പോകുകയാണ്. ലൈസൻസിന്റെ കാലാവധിയെപ്പറ്റിയൊക്കെ അദ്ദേഹം പറഞ്ഞു.

Mr. Speaker : This kind of interruptions are absolutely unnecessary for the purpose of debate and these facts were repeated here every time. Then why should it be repeated again?

Smt. K. R. Gouri : Sir .....

Mr. Speaker; Please allow the Minister to continue. May I take it that the Members are not prepared to allow the Minister to speak.

Opposition Members : No, No.

Mr. Speaker : In that case, no such interruptions are necessary.

ശ്രീ. ആർ. ശങ്കർ : സർ, പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ ഇവിടെ ഉന്നയിച്ച ആരോപണങ്ങൾക്ക് സമാധാനം കേൾക്കുവാൻ പോലും സന്നദ്ധതയില്ലാത്തമട്ടിൽ സ്പീക്കർഅവർകളുടെ റൂളിംഗിനെ വകവയ്ക്കാതെയും അദ്ദേഹം ഓർഡർ വിളിച്ചിട്ട് അതനുസരിക്കാതെയും ഇങ്ങനെ ബഹളം കൂട്ടുന്നതു് പാർലമെന്ററി സംപ്രദായത്തിനു യോജിച്ചതാണോ?

ശ്രീ. ഇ. പി. ഗോപാലൻ : സ്പീക്കറുടെ റൂളിംഗ് അനുസരിക്കേണ്ട അദ്ദേഹത്തിനു ഉപദേശം വേണോ.

Mr. Speaker : The Minister is making a statement. Please resume your seat.

Shri R. Sankar : Sir, I claim that as the Leader of the House I have certain privileges.

That will be allowed.

Shri P. T. Chacko : The case against me is regarding the accident. I have not gone into the details of the accident, how it took place and how far I am responsible, I did not say. If some of my friends of the Opposition would care to know the law, as an accused, in the case under investigation, I have the right to state the facts. I am not even using that right.

ശ്രീ. ഇ. പി. ഗോപാലൻ : പറയാനുള്ളതു് കോടതിയിൽ പോയി പറയണം.

Shri P. T. Chacko : I will not try to study law from Shri E. P. Gopalan.

ശ്രീ. ഇ. പി. ഗോപാലൻ : നിയമം പഠിച്ചില്ലെങ്കിലും മര്യാദയെങ്കിലും പഠിക്കണം.

Shri P. T. Chacko : Sir, the third charge levelled against me by the Members of the Opposition is that I have violated the rule of one-way traffic. I must say that there is no one-way traffic in the road leading from Trichur to Vaniampara. I have not violated any one-way traffic rule.

Sir, the next allegation was that I did not stop the car. I regret I did not stop the car. The lefthand mudguard of the car collided with the nail on the axle of the handcart. The car went on. I had not the remotest idea that the handcart had over-turned. I never had

LIBRARY, ARCHIVES Kerala Legislative Assembly

the remotest idea that anybody was injured. I thought of finding out whether there was any damage to my car. I would have done that. Sir, there was a festival in the Church. To my estimate, over ten thousand people were there. It was a crowded road. Whether right or wrong, I thought nobody was injured. I thought that I need not stop there. Sir, even if I had suspected it, I would have ordinarily stopped there. But Sir, with a lady in my car I thought—I am very plain—I should not expose her to the same risk which I was ready to take. So, I proceeded, I did not have the remotest idea that the cart had overturned and anybody was injured. Yesterday, during the time of questions and answers I explained what I did, a little further When I found a constable I told him that my car had hit a handcart I never knew that an accident took place. I knew that the mudguard of the car had just collided with the axle of the hand cart. I never knew I did not have the remotest idea, as I said, that the cart had overturned and injured anybody. So, I proceeded and informed the next police man. I asked him to go to the spot and enquire. When I reached a place where a telephone was available, I immediately contacted the police. I regert that I did not stop. In the circumstances, I could not. I never knew anybody was injured. I did not know that the cart had overturned and touched any person. I do not want to go into the details. The mudguard of the car had touched the nail on the axle of the hand-cart. It overturned latter and injured three people. The car did not hit any person. Sir, in the circumstances, I do not think that I had done anything that was wrong even under the provisions of Section 89 of the Motor Vehicles Act. A man is expected to do what is reasonable. What would a reasonable man do under these circumstances ?

Sir, the next charge is that I tried to influence the officers. I have not tried to influence anybody. The fact is that I told the officers on the same day that I was driving the car which shows I never thought of influencing anybody. Records will show that I never thought of influencing anybody. A police report to the effect that I was driving the car was probably received by the Court on 9th. That will show I never tried to influence anybody. Then the Collector issued a press note.....

ശ്രീ. എം. വി. വാസു: സർ, ഒരു പായിൻറ് ആഫ് ആർഡർ. 8-ാം തീയതി കാറപകടം ഉണ്ടായി. 10-ാം തീയതി കളക്ടറുടെ ഒരു പ്രസ്താവന പത്രങ്ങളിൽ വന്നു. ഡ്രൈവറുടെമേൽ നടപടി എടുക്കുമെന്നു അതിൽ പറഞ്ഞിരുന്നു. ഇങ്ങനെ ഒരു പ്രസ്താവന ഇറക്കുവാൻ എന്താണു കാരണം.

മി:സ്പീക്കർ : പത്രങ്ങളിൽ വന്നതിനെപ്പറ്റി പറഞ്ഞിട്ട് എന്താണു കാര്യം ?

Shri P. T. Chacko : Sir, It is true that the Collector issued a Press Release. He got probably a copy of the F. I. R.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സർ, കേസിന്റെ മെരിറ്റിലേക്കു കടക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് അതിന്റെ ഉള്ളിലേക്കു കടന്നു പറഞ്ഞതു കേസിൽ സ്വാധീനപ്പെടുത്തുവാൻ വേണ്ടിയല്ലേ?

മി :സ്പീക്കർ : ഈ സംഗതിയെപ്പറ്റി ഇതിനുമുൻപു പറഞ്ഞിട്ടുള്ള ആരോപണങ്ങൾക്കു മന്ത്രി മറുപടി പറയുകയാണു്. നിലവിലുള്ള കേസിനെപ്പറ്റിയായിരുന്നു ആരോപണം. മന്ത്രിയുടെ മറുപടിനിന്നു ആരോപണ

LIBRARY ARCHIVES Kerala Legislative Assembly

[മി: സ്പീക്കർ]

അതിനു മറുപടി പറയുകയാണു്. മന്ത്രി പറയുന്നതു്, കേസിനെ ഇൻഫ്ളുവൻസ് ചെയ്യുകയാണെങ്കിൽ നിങ്ങളും പറഞ്ഞതും കേസിനെ ഇൻഫ്ളുവൻസ് ചെയ്യുകയല്ലേ? ഞാൻ പറയുന്നതു് കേസിന്റെ ഉള്ളിലേക്കു കടക്കരുതു് എന്നു മാത്രമാണു്.

Shri P. T. Chacko : Well Sir, I can appreciate the anxiety of the Members of the Opposition. When people level groundless and baseless allegations against others, they should be prepared to hear what others have to say.

ശ്രീ. കെ. ഭാർഗവൻ : പിച്ചി എന്ന സ്ഥലമുണ്ടോ? അതു നേരാണോ?

Mr. Speaker : You are going a little beyond the limit.

Shri P. T. Chacko : Sir, anybody can take advantage of the occasion of the great patience which you show. The Collector evidently got a copy of the F. I. R. Even the persons who gave the statement did not give the name of any driver. In the F. I. R. 'the person who drove the car' was made the accused. In the Collector's Press Release, he never stated that the accused was 'the driver of the State car'. He only probably copied it from the F. I. R. This is what had happened. When a medical officer sends the report he would say that somebody is injured due to a car accident. In the F. I. R. the accused is stated to be the driver who drove the car. The Collector presumably on the basis of the F. I. R. issued a press release.

Does it mean that I have not told any one that I was driv-
1 p. m.] ing the car on the 8th ? Many friends came to meet me on the 8th. There were some M. L. As. who came to meet me. I told them that I was driving the car. Mr. Dharmaraja Iyer and Mr. Francis came to meet me. I told everyone that I was driving the car.

Sir, the final charge is the charge of immorality. I said, I was travelling in the car with a co-worker of the Congress. What is there in doing so ? I have also given her name. On the 8th itself I disclosed her name to persons who visited me. So members of the Opposition think that when a man and a lady meet, there can be nothing except something illicit ? My friend Mr. E. P. Gopalan was referring to the Immoral Traffic Act. Presumably, he knows more than me about the Immoral Traffic Act. But I must tell him that by any stretch of immagination he can try in any provision in this Act.

ശ്രീ. ഇ. പി. ഗോപാലൻ : ഇത്രയും വാദം കേട്ടപ്പോൾ പറഞ്ഞതാണു്.

Shri P. T. Chacko: From the facts placed before the House, from the facts which he has in his possession, from the facts which my hon. friends have in their possession, is there anything, Sir, which shows that I am guilty of immorality? I do not want to say anything more on this.

Sir, I have been in the public life of this country for the last 27 years and during this time, nobody has ever attributed immorality to me. Well, I do not care this absolutely baseless allegation. That is another matter. When all other tactics fail; it is usual, Sir, for a certain section of the people to try to discredit other people. This is a

LIBRARY ARCHIVES Kerala Legislative Assembly

78588

sort of aggressive character assasination. But I know that this is a vain endeavour as the people will not give any evidence to such cock and bull stories.

Shri K. Bhargavan: One should have some character.

Shri P. T. Chacko: Sir, circumstances have conspired against me. I have reasons to believe that it is not only circumstances that have conspired against me but also persons. Anyway, I do not want to go into the details.

Mr. Krishna Iyer, the eminent lawyer was heard saying that I am continuing as a Minister, while a prosecution is being launched against me. His position was, Sir, that as a Minister in Charge of Home Affairs I will be in a position to influence officers in charge of the prosecution. I have already stated that I have told everyone what has happened. That is another matter. You will remember, Sir, in the first Session of the Legislature here in 1960, I had placed three documents on the Table of this House and those documents would show what Mr. Krishna Iyer was doing, as Minister in charge of Home affairs. He is a man who very often measures another man by his own standard. Mr. Krishna Iyer is measuring me now by his own yardstick. I shall just refer to one matter to prove what his standards are. Some persons were convicted by a magistrate. Appeals were filed and when they were pending before the Sessions Court, Mr. Krishna Iyer wanted the Collector to withdraw the cases. I had placed the concerned documents on the table of the House. Sir, the Collector refused and a second time....

Shri K. Bhargavan: Sir, one question.

Shri P. T. Chacko: I am not yielding. Sir, I had placed the documents on the table of the House during the first Session of the Assembly in 1960. Mr. Krishna Iyer wanted the Prosecutor to tell the Judge that even if the sentence was confirmed, Government would remit the sentence. Then, finally a wonderful order remitting the sentences, was issued without putting any date with a covering letter which stated that in case the Sessions Court upholds the punishment, the Collector should after putting the date, produce the order in the court and see that the accused were released before they were taken to the jail. Sir, a man who was interfering with the administration of justice as the Minister of Home affairs was then indulging, is now coming forward to accuses me! I have no wonder. He can only measure me by his own standards. That is the fault with many of my friends. They cannot measure me with a gentleman's standards of behaviour.

Sir, I pass on to other things. There is only just five minutes for me to refer to other things. It was stated here by Mr. Eravankara Gopala Kurup that there should be an enquiry. Why should there by an enquiry? I have accepted all the facts. Should there be an enquiry to find out that I was driving the car? I told everybody that I was driving the car. Therefore, no enquiry is necessary. Mr. Gopala Kurup was saying that he had heard from people that it was some other lady who was travelling with me and not the co-worker whose name was given by me. I am prepared to have an

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

enquiry on that question, if he is prepared to produce evidence to prove his allegation. I have already stated who was in the car with me. Why should they say that some other lady was with me? If he has evidence with him that somebodyelse was travelling with me, he can very well say that. But he does not have any evidence. He does not know anything. They say this is not the lady, evidently because they cannot bring forward allegations of immorality against this lady.

Sir, I pass on to one or two other points which the Opposition members have referred to during the course of their speech. It was stated by Mr. Balachandra Menon that while implementing the Land Reforms Act, evictions would take place on a large scale. May I ask the learned Balachandra Menon, under what provisions of the Land Reforms Act; more evictions would take place? There are five sections under which resumption can be resorted to. All the four were in the Kerala Agrarian Relations Act, and the 5th is a new provision by which a landlord who is not having land up to the ceiling area can resume land from a tenant who is having land over the ceilling area. Therefore, it is clear that under the provision there would be no eviction. It was stated by some hon. members that the rule of law is not being maintained here. This is parrot like repetition. What are the examples they have pointed out ? A judgement of a single Judge of the High Court. There was nothing in the judgement. Moreover that judgement was overruled by a Division Bench. Does it mean, Sir.....

ശ്രീമതി കെ. ആർ. ഗൗരി: ഠ്വം ആഫ് ലാ സംബന്ധിച്ചുള്ളതു് കോടതി ഓവർ ഠ്വം ചെയ്തിട്ടില്ല. രണ്ട ജഡ്ജ്മെൻറും ഞങ്ങൾ വായിച്ചതാണു്. അപ്പോൾ അതിനെതിരായി പറയുന്നതു ശരിയാണോ?

Shri P. T. Chacko: When that judgement was read by the hon: Smt. K. R. Gouri, she might have meant something else. But I know what is the judgement and the ruling. The judgement was overruled by a Division Bench of the High Court.

What is the other charge? The other charge is that I am accused of having committed a motor offence. Sir, the question is whether I was negligent or not? I cannot enter into that now. But I can show that in great democracies, very eminent people who were holding high offices, were charged with motor offences. Some of them were even convicted for motor offences. It is not an offence involving moral turpitude. Is there any hon. Member of the opposition who is prepared to say that I was deliberately driving to kill a man. Otherwise, where is the malafide? Where is the mens rea? Even if it is proved it would not affect the integrity of my character, as the offence alleged is not one involving moral turpitude.

Another point Mr. P. K. Kunju and some other friends were referring to is regarding the assignment of lands on registry. I have not stated that lands are going to be assigned on registry to every encroacher. Government have formulated a policy which I have referred to. I thought the leader of the P. S. P. might have gone through what I have said. It was clearly stated that assignments will not be made on behalf of people who hold other lands.

Shri P.K. Kunju: In the press, it was circulated in a different way.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko: The first report was not correct. I therefore gave a rejoinder. I wanted to make the position clear.

Shri P. K. Kunju: I only wanted to clarify the position.

Shri P. T. Chacko: I am glad The Lands assignment Rules will be coming up before this Assembly. I can say that the intention of the Government is not to assign lands to people who hold other lands, it is only to landless people and the definition for 'landless' may probably mean persons with one acre of land or less. It is not intended to assign more lands than 5 acres in extent to an individual or family. It is not intended to assign lands or registry to any one who have encroached upon the land after 1960. The case of those who have entered before 1960 and made investments on the lands has become a huge problem. Government are considering that problem in all its aspects. Lands that are absolutely necessary for the Government, for the project works, and for preservation of forests will be taken and utilised by the Government. All other lands which can be given for cultivation will be assigned on registry. The advantage of assigning on registry is evident. The Government will get the land value, the Government by an agreement will get the land tax, and at the same time the owner will get a permanent right, he can with a feeling of security prevent soil erosion, and cultivate the area.

Some other points were referred to, but I must not take away the time of the Chief Minister to reply. Sir, I do not have therefore any time to discuss other questions raised. Sir, may I finally say a word. I can understand why the friends in the Opposition are very anxious that I should not reply at all. Did they ever think, Sir, that because they, have made some silly allegations I would resign. Some immature members of the Legislature may have exhibited some cartoons here. That does not mean that Sir, a responsible Minister should resign and go. There are other responsible people to advise me; I only pray to the Leader of the Opposition and my friends on the other side that they should not entertain the hope that by bringing such baseless and false allegations, I would resign. They should at least think that I am also a responsible person. On the basis of these allegations I am not prepared to resign.

Chief Minister (**Shri R. Sankar**): Sir, there is very little time left for me and I may be permitted to give a reply tomorrow morning after the question hour.

Mr. Speaker: I think the House agrees.

(The House agreed to the proposition).

Mr. Speaker: Order, order. The House will now adjourn and meet again at 8. a. m. tomorrow.

The House adjourned at 1.16 p. m. to meet again at 8 a. m. on Thursday, the 30th January, 1964.

LIBRARY ARCHIVES Kerala Legislative Assembly